# Trichur Archdiocesan Bulletin

നവംബർ 2018
വാല്യം: 85 ലക്കം: 11




(മത്തായി 20: 1-16 മുന്തിരിത്തോട്ടത്തിലെ ജോലിക്കാർ)

TAB


Festal
Greetings
നവംബർ 30ന്
നാമഹേതുക
തിരുന്നാൾ
ആഘോഷിക്കുന്ന
അഭിവന്ദ്യ
മാർ ആൻഡ്രൂസ് താഴത്ത്
പിതാവിന്
തൃശ്ശൂർ അതിരൂപത മക്കളുടെ



Trichur Archdiocesan Bulletin **TAB**


**നവംബർ 2018**

ലക്കം : 11 വാല്യം : 85

Imprimatur
(*Sd*)
**Mar Andrews Thazhath**
*Archbishop of Trichur*

Fr. Francis Aloor
*Chief Editor*

Fr. Nysson Alanthanath
*Executive Editor*

*Design*
smritidesign.com

*Printed at*
St. Mary's Orphanage Press

*Published from*
Archbishop's House
P.B No.706, Thrissur- 680 005
Ph: 0487- 2333325,
2338203, 2333542
*Email:* curiatcr@gmail.com
bulletintcr@gmail.com
*Website:* www.trichurarchdiocese.org


## ഈ ലക്കത്തിൽ


| | |
|---|---|
| സർക്കുലർ | 4 |
| മിഷ്യൻ ഞായർ സന്ദേശം | 19 |
| കച്ചേരിക്കാര്യം | 24 |
| അതിരൂപതാദ്ധ്യക്ഷന്റെ പരിപാടികൾ | 29 |
| സഹായമെത്രാന്റെ പരിപാടികൾ | 32 |
| നാളാഗമം | 34 |
| നാമകരണ നടപടികൾ | 39 |
| സാമ്പത്തിക കാര്യാലയം | 41 |
| വൈദികർ | 57 |
| സന്യസ്തർ | 59 |
| അതിരൂപത തീർത്ഥകേന്ദ്രം | 63 |
| മതബോധനം | 65 |
| സ്ഥാപനങ്ങൾ | 71 |
| സംഘടനകൾ | 92 |



# സർക്കുലർ

**(പാക്ട് – 2)**

2093/2018 / 16.10.2018 C- 11

## ഇടവകതല അജപാലന പദ്ധതി രൂപീകരണം

മാർ ആൻഡ്രൂസ് താഴത്ത്
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

യേശുവിൽ പ്രിയ ബഹു. വൈദികരേ, സമർപ്പിതരേ, സഹോദരീസഹോദരങ്ങളേ,

നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനും അജപാലന നയം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ സഹായിക്കാനും വേണ്ടി അജപാലന സമിതിയായ പാക്ട് (പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീം) നമ്മുടെ അതിരൂപതയിലെ ഇടവകകളിൽ രൂപീകരിച്ചു എന്നതിൽ ഏറെ സന്തോഷമുണ്ട്. ഇതിനായി നേതൃത്വം നൽകിയ ബഹു. വികാരിയച്ചനും പ്രതിനിധി യോഗാംഗങ്ങൾക്കും അനുമോദനങ്ങൾ. പെ. ബഹു. ഫൊറോന വികാരിയച്ചൻമാർ, പാക്ട് ഫൊറോന കൺവീനർമാർ, പ്രതിനിധി യോഗാംഗങ്ങൾക്കുള്ള പരിശീലന പരിപാടിക്ക് സഹായം നൽകിയ വിദഗ്ദർ, അതിരൂപതാതല പാക്ട് സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം

നന്ദി. ഇടവകയുടെയും ഫൊറോനയുടെയും അതിരൂപതയുടെയും അജപാലനപരമായ നവീകരണത്തിനും ആദ്ധ്യാത്മികവും സാമൂഹികവും ഭൗതികവുമായ പുരോഗതിക്കു പാക്ടിന്റെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ആശംസിക്കുന്നു. ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ പാക്ടിന്റെ സഹായത്തോടെ എല്ലാ ഇടവകകളുടെയും പള്ളിയോഗങ്ങൾ ചെയ്യേണ്ട പ്രധാന ഉത്തരവാദിത്തമായ ഇടവക അജപാലന പദ്ധതിയുടെ രൂപീകരണത്തെക്കുറിച്ച് നിങ്ങളെ ഏവരേയും അറിയിക്കാനാണ് ഈ സർക്കുലർ അയക്കുന്നത്.

1. മൂന്നാം അതിരൂപതാ അസംബ്ലിയുടെയും അതിന് ഒരുക്കമായി നടന്ന ഇടവക-യുവജന-വൈദിക-സമർപ്പിത അസംബ്ലികളുടെയും ആഗ്രഹവും നിർദ്ദശവുമായിരുന്നു അസംബ്ലി നിർദ്ദേശങ്ങൾ സമയബന്ധിതമായി നടപ്പാക്കണമെന്നും അസംബ്ലി നിർദ്ദേശങ്ങളെ അടിസ്ഥാനമാക്കി അതിരൂപതക്ക് അജപാലന നയവും പദ്ധതിയും ഉണ്ടാകണമെന്നുമുള്ളത്. നമ്മുടെ അതിരൂപതയിലെ ദൈവജനം നൽകിയ അഭിപ്രായങ്ങൾ ക്രോഡീകരിക്കുകയും പഠിക്കുകയും ചെയ്തതിനു ശേഷം അതിരൂപതാ അസംബ്ലി അന്തിമമായി അംഗീകരിച്ച് എനിക്ക് സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതിരൂപതാതല പാക്ടിന്റെ നേതൃത്വത്തിൽ ഒരു അജപാലനപദ്ധതി തയ്യാറാക്കി കഴിഞ്ഞു. **2018 നവംബർ 30-ന്** ഈ രേഖ ഔപചാരികമായി പ്രകാശനം ചെയ്യുന്നതാണ്. വരുന്ന അഞ്ച് വർഷങ്ങൾകൊണ്ട് അസംബ്ലി നിർദ്ദേശങ്ങൾ നമ്മുടെ അതിരൂപതയിൽ നടപ്പാക്കുന്ന തരത്തിലാണ് ഈ അജപാലന പദ്ധതി തയ്യാറാക്കിയിരിക്കുന്നത്.

2. നാല് തലങ്ങളിലാണ് അതിരൂപതാ അജപാലന പദ്ധതിയിലെ പ്രവർത്തനങ്ങൾ നടപ്പിലാക്കേണ്ടത്.

a) **കുടുംബതലം** – ഗാർഹികസഭയായ കുടുംബമാണ് നമ്മുടെ അതിരൂപതയുടെ അടിസ്ഥാന ഘടകം. കുടുംബനാഥനും കുടുംബനാഥയും അതിലെ പ്രധാന അജപാലകരാണ്.

**b) ഇടവകതലം** – കുടുംബങ്ങളുടെ കുടുംബ മാണ് ഇടവക. അതിരൂപതയുടെ അജപാലന ദർശനമുൾക്കൊണ്ട് ഒരുമിച്ച് മുന്നേറാൻ ബഹു. വികാരിയച്ചന്റെ നേതൃത്വത്തിൽ എല്ലാ ഇടവക കളും തയ്യാറാകുമ്പോൾ അതിരൂപതാ അസംബ്ലി മുന്നോട്ടു വെച്ച അജപാലന ലക്ഷ്യങ്ങൾ നേടാൻ നമുക്ക് കഴിയും.

**c) ഫൊറോനതലം** – കുടുംബങ്ങളേയും ഇടവകകളേയും അജപാലന പദ്ധതി നിർവ്വഹണത്തിനായി ശക്തിപ്പെടു ത്തുകയും സജ്ജമാക്കുകയും ചെയ്യുക ഫൊറോനകളുടെ ഉത്തരവാദിത്തമാണ്.

**d) അതിരൂപതാ തലം** – അതിരൂപതയാകുന്ന വലിയ കുടുംബം ചെയ്യേണ്ട കർമ്മപദ്ധതികളും ഇതിൽ ഉൾക്കൊ ള്ളിച്ചിട്ടുണ്ട്.

3. മേൽപറഞ്ഞ അതിരൂപതാ അജപാലപദ്ധതിയിലെ കുടുംബ–ഇടവക തലത്തിൽ നടപ്പാക്കുവാൻ നിർദ്ദേശി ക്കപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമായ രീതിയിൽ, ഇടവ കയുടെ അജപാലന പശ്ചാത്തലത്തിന് ചേർന്ന വിധ ത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട്, ഇടവക അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള അജ പാലന ആവശ്യങ്ങളെയും സാഹചര്യങ്ങളേയും പരിഗ ണിച്ച്, **ഇടവകതല പാക്ട് തങ്ങളുടെ ഇടവകക്കായി 2019 വർഷത്തേക്കുള്ള അജപാലന പദ്ധതി നവംബർ മാസത്തിൽ തയ്യാറാക്കേണ്ടതാണ്.** ബഹു. വികാരിയ ച്ചന്റെ അദ്ധ്യക്ഷതയിൽ പാക്ട് സമ്മേളിച്ച് അജപാലന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കണം. അജപാലനപദ്ധതി തയ്യാറാക്കാൻ വേണ്ട പരിശീലനം ഇടവകതല പാക്ടിലെ അംഗങ്ങൾക്കും ബഹു. വികാരിയച്ചൻമാർക്കും ഫൊറോ നതലത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ പാക്ട് അംഗങ്ങളും ബഹു. വൈദികരും പങ്കെടുക്കേണ്ടതാണ്. കൂടാതെ അജപാലനപദ്ധതി തയ്യാ റാക്കുന്നതിലുള്ള സംശയങ്ങൾ ദുരീകരിക്കാനും ആവ ശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനും അതിരൂപതാ കാര്യാ ലയത്തിലെ പാക്ട് ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്.

4. ഇടവകതല പാക്ട് ഇടവകക്കു വേണ്ടി തയ്യാറാക്കുന്ന അജപാലന പദ്ധതി ഡിസംബർ മാസത്തിൽ പള്ളി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പള്ളിയോഗം ഇടവകയുടെ നന്മയ്ക്കുവേണ്ടി രൂപീകരിക്കുന്ന അജപാലന പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ ഇടവകയിലെ സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടപ്പാക്കേണ്ടതാണ്. ഇതിനായി ഇടവകയിലെ മുഴുവൻ ദൈവജനത്തിന്റെയും സഹകരണം ഞാൻ സ്നേഹപൂർവ്വം അഭ്യർത്ഥിക്കുന്നു. ബഹു. വികാരിയച്ചൻമാർ സഭാകൂട്ടായ്മയേയും സമുദായകെട്ടുറപ്പിനേയും ശക്തിപ്പെടുത്താൻ കൂടി സഹായിക്കുന്ന ഈ സവിശേഷദൗത്യം നിർവ്വഹിക്കാൻ ഔദാര്യപൂർവ്വം നേതൃത്വം നൽകണമെന്നും ഓർമ്മിപ്പിക്കുന്നു. **നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളുടെയും 2019 ലേക്കുള്ള അജപാലന പദ്ധതി ഈ വർഷത്തെ ക്രിസ്തുമസ്സ് ദിനത്തിൽ ഔപചാരികമായി പ്രകാശനം ചെയ്യേണ്ടതാണ്.**

സ്നേഹമുള്ളവരേ, 'ഒന്നായ് ഒരു കുടുംബമായ് ഒരേ ലക്ഷ്യത്തോടെ മുന്നോട്ട്' എന്ന അതിരൂപതാ അസംബ്ലിയുടെ ആഹ്വാനം നമുക്ക് നടപ്പിലാക്കാം. അതിരൂപതയുടെ പൊതുപ്രവർത്തനങ്ങളിൽ എല്ലാവരും കൂട്ടായ്മയോടെയും ഉത്സാഹത്തോടെയും പങ്കുചേരണം. ഇടവകക്കുവേണ്ടി അജപാലനപദ്ധതി തയ്യാറാക്കി സമയബന്ധിതമായി നടപ്പാക്കാൻ പരിശുദ്ധാത്മാവായ ദൈവം നിങ്ങളെ സഹായിക്കട്ടെ. നമ്മുടെ അമ്മയായ പ. കന്യകാമറിയത്തിന്റെ സംരക്ഷണത്തിന് നിങ്ങളെ ഭരമേൽപ്പിച്ചുകൊണ്ട്,

യേശുവിൽ നിങ്ങളുടെ
വത്സലപിതാവ്,



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശൂർ അതിരൂപതാ
മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ 2018 നവംബർ 4 ഞായറാഴ്ച എല്ലാ ദൈവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിക്കേണ്ടതാണ്.

+AT



Ref: 3150/K-5/KCBC/OL/DS
9.10.2018

# കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

**2018 ഡിസംബർ 30**
**ബൈബിൾ ഞായർ**

കർത്താവിൽ പ്രിയ സഹോദരീസഹോദരന്മാരേ,

മാംസംധരിച്ച വചനമായ യേശുവിനെ എതിരേല്ക്കാനുള്ള ഒരുക്കത്തിലാണ് നാമെല്ലാം. അവിടത്തെ രക്ഷയുടെ സന്ദേശം ഏറ്റുവാങ്ങി, നാം ജീവിക്കുന്ന സമൂഹത്തിൽ ഈ സദ്വാർത്തയുടെ പ്രേഷിതരായിത്തീരാൻ യേശു നമ്മെ ക്ഷണിക്കുന്നു. തിരുപ്പിറവിയുടെ ആഘോഷം, ദൈവമക്കളായ നാം വിശുദ്ധിയിലേക്കു വളരണമെന്ന ഓർമപ്പെടുത്തൽകൂടിയാണ്. മനുഷ്യാവതാരത്തിലൂടെ വിശുദ്ധിതന്നെയായ ദൈവം നമ്മിൽ ഒരുവനാകുക മാത്രമല്ല, വിശുദ്ധിയിലേക്കുള്ള വാതിൽ നമുക്കായി മലർക്കേ തുറന്നിടുക കൂടിയാണ് ചെയ്യുന്നത്. വിശുദ്ധിയിലേക്കുള്ള ക്രിസ്തുശിഷ്യന്റെ യാത്രയിലെ മാർഗദീപമാണ് ബൈബിൾ. ഓരോ വിശ്വാസിയും വിശുദ്ധിയിലൂടെ മുന്നേറുന്നതിന് പ്രായോഗികവും ലളിതവുമായ മാർഗങ്ങൾ നിർദേശിക്കുന്ന ഫ്രാൻസിസ് പാപ്പയുടെ 'ആന

ന്ദിച്ച് ആഹ്ലാദിക്കുവിൻ' എന്ന അപ്പസ്തോലിക ആഹ്വാനത്തിന്റെ പശ്ചാത്തലത്തിൽ *വിശുദ്ധഗ്രന്ഥവും വിശുദ്ധിയും* നമ്മുടെ പരിചിന്തനത്തിനു വിഷയമാക്കാം.

**പരിശുദ്ധനായ ദൈവവും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ട ജനവും**

ബൈബിളിൽ ദൈവത്തിന്റെ സ്വഭാവം വിവരിക്കുന്ന ഏറ്റവും പ്രധാന വിശേഷണമാണ് 'പരിശുദ്ധനായവൻ'. സിംഹാസനത്തിൽ ഉപവിഷ്ടനായ കർത്താവിനു ചുറ്റും നില്ക്കുന്ന സെറാഫുകൾ 'പരിശുദ്ധൻ, പരിശുദ്ധൻ, സൈന്യങ്ങളുടെ കർത്താവ് പരിശുദ്ധൻ' എന്ന് ഉദ്ഘോഷിക്കുന്നത് ഏശയ്യാപ്രവാചകൻ ദർശനത്തിൽ കാണുന്നുണ്ട് (ഏശ 6,3; cf. വെളി 4,8). 'പരിശുദ്ധനായവൻ' എന്നാണ് യേശു തന്റെ അന്തിമപ്രഭാഷണത്തിൽ പിതാവിനെ വിളിക്കുന്നതും (യോഹ 17,11). ദൈവസുതനായ യേശുവിനും പുതിയ നിയമം ഈ വിശേഷണം തന്നെയാണ് നല്കുന്നത്. യേശുവാണ് ദൈവത്തിന്റെ പരിശുദ്ധൻ എന്ന് ശിമയോൻ പത്രോസിന്റെ അധരങ്ങളിലൂടെ ദൈവവചനം സാക്ഷ്യപ്പെടുത്തുന്നു (യോഹ 6,69). സഭകളിൽ സന്നിഹിതനായിരിക്കുന്ന ഉത്ഥിതനായ യേശുവിനെ 'പരിശുദ്ധനും സത്യവാനു'മെന്ന് യോഹന്നാൻ വിശേഷിപ്പിക്കുന്നുണ്ട് (വെളി 3,7). ത്രിത്വത്തിലെ മൂന്നാമത്തെ ആളിനെ പുതിയനിയമം വിളിക്കുന്നതും 'പരിശുദ്ധാത്മാവ്' എന്നാണല്ലോ (മത്താ 1,18; മർക്കോ 1,8; ലൂക്കാ 1,15; യോഹ 20,22). പരിശുദ്ധിതന്നെയായ ത്രിയേകദൈവത്തിന്റെ രഹസ്യത്തിലേക്ക് ഇറങ്ങിച്ചെല്ലാൻ വിശുദ്ധഗ്രന്ഥം നമ്മെ സഹായിക്കുന്നു.

ദൈവത്തിന്റെ ഏറ്റവും പ്രധാന സ്വഭാവം പരിശുദ്ധിയാണെങ്കിൽ, ഈ വിശുദ്ധിയിൽ എത്തിച്ചേരുകയാണ് ദൈവസാദൃശ്യത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യന്റെ ലക്ഷ്യം. പരിശുദ്ധിതന്നെയായ ദൈവത്തിന്റെ സ്വന്തംജനം വിശുദ്ധിയിൽ വ്യാപരിക്കണമെന്ന സന്ദേശം ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. കർത്താവായ ദൈവം ഇസ്രായേൽജനത്തോട് അരുൾചെയ്യുന്നു: "നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, നിങ്ങളുടെ കർത്താവും ദൈവവുമായ ഞാൻ പരിശുദ്ധനാണ്" (ലേവ്യ 19,2). ദൈവം തന്റെ ജനത്തിന്റെ മധ്യേ വസിക്കുന്നതിനാൽ അവർ വിശുദ്ധജനമായിരിക്കണമെന്ന് നിയമാവർത്തന ഗ്രന്ഥവും പറയുന്നു (നിയ 7,6; 26,19; ജറെ 2,3).

പുതിയനിയമത്തിലേക്കു വരുമ്പോൾ, ദൈവജനത്തിന്റെ വിശുദ്ധിക്ക് പുതിയൊരു മാനം സിദ്ധിക്കുന്നു. മനുഷ്യാവതാരത്തിലൂടെ നമ്മിലൊരുവനായിത്തീർന്ന യേശുക്രിസ്തുവിലാണ് പുതിയ വിശുദ്ധജനം രൂപവത്കരിക്കപ്പെടുന്നത് (അപ്പ 4,30.31). നാമെല്ലാം യേശുക്രിസ്തുവിൽ വിശുദ്ധീകരിക്കപ്പെട്ടവരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരുമാണെന്ന് പൗലോസ്ശ്ലീഹാ കോറിന്തോസിലെ സഭാതനയർക്കെഴുതുന്നു (1 കോറി 1,2).

ക്രിസ്തുവിൽ രൂപവത്കരിക്കപ്പെട്ട വിശ്വാസി സമൂഹത്തെ പത്രോസ്ശ്ലീഹാ വളരെ ചേതോഹരമായി വിശേഷിപ്പിക്കുന്നുണ്ട്: "നിങ്ങൾ തിരഞ്ഞെടുക്കപ്പെട്ട വംശവും രാജകീയപുരോഹിതഗണവും വിശുദ്ധജനതയും ദൈവത്തിന്റെ സ്വന്തം ജനതയുമാണ്" (1 പത്രോ 2,9). യേശുവിൽ വിശ്വസിക്കുന്നതുവഴി ദൈവമക്കളാകാൻ കഴിവുലഭിക്കുന്നവരുടെ (യോഹ 1,12) മുഖമുദ്രയാണ് വിശുദ്ധി.

**ദൈവജനം വിശുദ്ധിയുടെ പാതയിൽ**

വിശുദ്ധിതന്നെയായ ദൈവം ഉടമ്പടിയിലൂടെ സ്വന്തമാക്കുന്ന ജനത്തെ (പുറ 24,4–8) വിശുദ്ധിയിലേക്കു വിളിക്കുകയും നയിക്കുകയും ചെയ്യുന്നതിന്റെ വിവരണങ്ങൾ ബൈബിളിൽ നിറഞ്ഞുനില്ക്കുന്നു. വിശുദ്ധരുടെ ജീവിതകഥകൾ എന്നതിനെക്കാൾ ദൈവജനത്തെ വിശുദ്ധരാക്കിത്തീർക്കുന്നതിന്റെ വിവരണങ്ങളെന്ന് ബൈബിളിനെ വിളിക്കുന്നതാണ് ഉത്തമം. വിശുദ്ധഗ്രന്ഥത്തിലെ വലിയ കഥാപാത്രങ്ങൾ എന്നു നാം വിളിക്കുന്നവരുടെ ജീവിതത്തിലെ വീഴ്ചകളും കുറവുകളും ഇതിൽ പരാമർശിക്കപ്പെടുന്നുണ്ട്. പക്ഷേ, ജീവിതത്തിലെ ഈ ന്യൂനതകളെയെല്ലാം അതിജീവിച്ച്, വിശുദ്ധിയുടെ പാതയിലൂടെ അവർ മുന്നേറുന്നത് ബൈബിൾ നമ്മുടെ മുന്നിൽ ചിത്രീകരിക്കുന്നു.

വിശ്വാസികളുടെ പിതാവായ അബ്രാഹത്തിന്റെ ജീവിതകഥ ഇതിന് ഉത്തമോദാഹരണമാണ്. 'നീ ഒരു അനുഗ്രഹമായിരിക്കും' (ഉത്പ 12,2) എന്ന ദൈവികാശീർവാദം ലഭിക്കുന്ന അബ്രാഹം പിന്നീട് ദൈവത്തിന്റെ വഴികളിൽനിന്ന് ഇടറിമാറുന്നത് നാം കാണുന്നുണ്ട്. സ്വന്തം ജീവൻ രക്ഷിക്കാൻവേണ്ടി ഫറവോയുടെ മുന്നിൽ സാറാ സഹോദരിയാണെന്നു പറയാൻ അബ്രാഹം ആവശ്യപ്പെടുന്നു (ഉത്പ 12,11–16). വഞ്ചനയിലൂടെ സഹോദരന്റെ അവകാശം തട്ടിയെടുക്കുന്ന യാക്കോബിനെയും (ഉത്പ 27,18–29) ബൈബിൾ ചിത്രീകരിക്കുന്നുണ്ട്. ദൈവത്തിന്റെ കരുണയുടെ അരുവിയിലാണ് ഇവരുടെ കളങ്കങ്ങൾ കഴുകിക്കളയപ്പെടുന്നത്. 'അബ്രാഹത്തിന്റെയും ഇസഹാക്കിന്റെയും യാക്കോബിന്റെയും ദൈവ'മെന്ന് സുവിശേഷങ്ങൾ പറയുമ്പോൾ (മത്താ 22,32; മർക്കോ 12,26; ലൂക്കാ 20,37) ദൈവം ഈ പൂർവപിതാക്കന്മാരുടെ കുറവുകൾ കഴുകി വിശുദ്ധീകരിച്ച് അവരെ തന്റെ മഹത്ത്വത്തിൽ പങ്കുകാരാക്കി എന്നർഥം. 'സ്നേഹിതനോടെ

ന്നപോലെ കർത്താവു മുഖാഭിമുഖം സംസാരിച്ചിരുന്നു' (പുറ 33,11) എന്ന് പിന്നീട് വിശേഷിപ്പിക്കപ്പെടുന്നവനാണ് മോശയെങ്കിലും അദ്ദേഹത്തിന്റെ ജീവിതത്തിലെ കുറവുകൾ വിശുദ്ധഗ്രന്ഥം മറച്ചുവയ്ക്കുന്നില്ല. ഒരു ഈജിപ്തുകാരനെ വധിച്ചവനും (പുറ 2,12) വാക്ചാതുരിയില്ലെന്ന ന്യായംനിരത്തി ദൈവത്തിന്റെ വിളി സ്വീകരിക്കാൻ വിമുഖത പ്രകടിപ്പിക്കുന്നവനുമാണ് (ഉത്പ 4,10) മോശ. ബൈബിളിലെ ഏറ്റവും മനോഹരങ്ങളായ വിവരണങ്ങളിൽ ഒന്നാണ് ദൈവത്തിൽനിന്ന് ഓടിയകലുന്ന യോനാ പ്രവാചകന്റെ കഥ (യോനാ 1,3). ജീവിതത്തിലെ വീഴ്ചകളിൽനിന്നെല്ലാം എഴുന്നേറ്റ്, കർത്താവിന്റെ വഴികളിലൂടെ ചരിച്ച് ഇവരും ബൈബിളിലെ വിശുദ്ധിയുടെ ഉദാത്ത മാതൃകകളായിത്തീരുന്നു.

പുതിയനിയമത്തിലും ഇതിനു സമാനങ്ങളായ വിവരണങ്ങളുണ്ട്. ബലഹീനതകളുടെ മനുഷ്യനായാണ് ശിഷ്യഗണത്തിൽ പ്രധാനിയായ പത്രോസ്ശ്ലീഹാ സുവിശേഷങ്ങളിൽ ഉടനീളം അവതരിപ്പിക്കപ്പെടുന്നത് (മത്താ 14,30; മർക്കോ 8,33; ലൂക്കാ 22,57.58.60). വിജാതീയരുടെ അപ്പസ്തോലനായ പൗലോസിനെ നാം കാണുന്നതിനു മുമ്പ് (അപ്പ 13,47) സഭയെ ഉപദ്രവിച്ചിരുന്ന സാവൂളിനെയാണ് കണ്ടുമുട്ടുന്നത് (അപ്പ 8,3). പക്ഷേ, ഇവർ ദൈവകൃപയോടു സഹകരിക്കുന്നതുവഴി വിശുദ്ധിയുടെ പടവുകൾ നടന്നുകയറുന്നതു നാം ബൈബിളിൽ വായിക്കുന്നു. മാനുഷിക ബലഹീനതകളുടെ ഊടുവഴിയിലൂടെ വിശുദ്ധിയിലേക്കുള്ള നമ്മുടെ യാത്രയിൽ നമുക്ക് ആശ്വാസവും ശക്തിയും പകരുന്നതാണ് ഈ വിശുദ്ധഗ്രന്ഥ വിവരണങ്ങൾ.

ദൈവത്തിന് നമ്മെക്കുറിച്ചുള്ള പദ്ധതി നമ്മുടെ വിശുദ്ധീകരണം തന്നെയാണ് (1 തെസ്സ 4,3). യേശുവാകുന്ന അടിത്തറയിൽ (1 കോറി 3,11) നമ്മുടെ ജീവിതം പണിതുയർത്തുകയെന്നതാണ് വിശുദ്ധിയെങ്കിൽ, യേശുക്രിസ്തുവിനെ അടുത്തറിയുകയാണ് നാമോരോരുത്തരും ലക്ഷ്യംവയ്ക്കേണ്ടത്. ബൈബിളിനെക്കുറിച്ചുള്ള അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതതന്നെയാണെന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസക്തമാണ്. ക്രൈസ്തവ ജീവിതത്തിൽ ബൈബിൾ വായനയ്ക്ക് എത്രമാത്രം പ്രാധാന്യം കൊടുക്കണമെന്ന് ഇതു വ്യക്തമാക്കുന്നു. വിശുദ്ധിയിലേക്കു വളരാൻ സുവിശേഷങ്ങളിലെ യേശുവിന്റെ വചനങ്ങളിലേക്ക് നിരന്തരം തിരിയണമെന്ന് 'ആഹ്ലാദിച്ച് ആനന്ദിക്കുവിൻ' എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസീസ് പാപ്പ ഉദ്ബോധിപ്പിക്കുന്നുണ്ട് (GE 109). വിശുദ്ധിയുടെ അടയാളങ്ങൾ സൂചിപ്പിക്കാൻ പരിശുദ്ധപിതാവ് ബൈബിളിലേക്കു തന്നെയാണ് തിരിയുന്നത്. ക്രൈസ്തവജീവിതത്തിൽ ബൈബിൾ വായനയ്ക്കും പഠനത്തിനും എത്രമാത്രം പ്രാധാ

ന്യമുണ്ടെന്ന് ഇതു വ്യക്തമാക്കുന്നു. ബൈബിൾ പാരായണം വിശുദ്ധിയിലേക്കുള്ള യാത്രയിൽ നമ്മെ നയിക്കുകയും ശക്തിപ്പെടുത്തുകയും ചെയ്യും. യേശുവിന്റെ വചനം ഹൃദയത്തിൽ സംഗ്രഹിക്കുകയും (ലൂക്കാ 2,51) യേശുവിനെ കുരിശിൻചുവടുവരെ അനുഗമിക്കുകയും ചെയ്ത (യോഹ 19,25) പരിശുദ്ധ മറിയം നമുക്കെല്ലാം മാതൃകയാണ്.

**കേരളസഭയും വിശുദ്ധിയിലേക്കുള്ള യാത്രയും**

കേരളസഭയെ വിശുദ്ധിയുടെ പാതയിലൂടെ നയിക്കുന്നതിൽ ദൈവവചനശുശ്രൂഷയ്ക്കുള്ള പങ്ക് നിസ്തുലമാണ്. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റും വിവിധങ്ങളായ ബൈബിൾ അധിഷ്ഠിത പദ്ധതികളിലൂടെ ദൈവവചനം സഭാമക്കളുടെ ജീവിതത്തിന്റെ അടിത്തറയാക്കി മാറ്റാൻ പരിശ്രമിക്കുന്നുണ്ട്.

ബൈബിൾ ഓരോ വിശ്വാസിക്കും ലഭ്യമാക്കുക എന്നത് വചനശുശ്രൂഷയുടെ മുഖ്യ ധർമമാണല്ലോ.കേരളം നേരിട്ട ഭയാനകമായ പ്രളയദുരന്തത്തിനുശേഷം അനേകായിരം കുടുംബങ്ങൾക്കാണ് എല്ലാം വെള്ളത്തിൽ മുങ്ങിപ്പോയതിന്റെകൂടെ ബൈബിളും നഷ്ടമായത്. ദുരിതാശ്വാസകേന്ദ്രങ്ങളിൽനിന്ന് നിരന്തരമായി വന്ന ഒരഭ്യർഥന, വീടുകളിലേക്കു തിരികെ പോകുന്നവർക്കു കൊടുത്തുവിടാൻ ബൈബിൾ എത്തിക്കുകയെന്നതായിരുന്നു. പി.ഒ.സി.ക്കായി അച്ചടിച്ചുവച്ചിരുന്ന അനേകായിരം ബൈബിളുകൾ മാത്രമല്ല, അച്ചടിശാലയും ഈ വെള്ളപ്പൊക്കത്തിൽ നശിച്ചുപോയതിനാൽ ബൈബിളുകൾ ആവശ്യക്കാർക്ക് ഉടൻതന്നെ എത്തിക്കാൻ സാധിച്ചില്ലെങ്കിലും ഈ യജ്ഞം പൂർത്തിയാക്കാൻ ബൈബിൾ കമ്മീഷൻ തീവ്രമായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് കേന്ദ്രങ്ങൾവഴി ഇവർക്കെല്ലാം കഴിയുന്നത്ര സൗജന്യമായി ബൈബിൾ നല്കുകയെന്നതാണ് കമ്മീഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നിരവധി വ്യക്തികളും സംഘടനകളും ഈ പദ്ധതിക്കു സഹായഹസ്തങ്ങൾ നീട്ടുന്നു എന്നത് നന്ദിയോടെ സ്മരിക്കുന്നു.

കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ ഏതാനും വർഷങ്ങളായി, നിലവിലുള്ള പി.ഒ.സി. ബൈബിൾ, മൂലഗ്രന്ഥങ്ങൾ ആധാരമാക്കി പരിഷ്കരിക്കുന്ന ദൗത്യ ത്തിൽ ഏർപ്പെട്ടിരിക്കുകയാണ്. പി.ഒ.സി.യിൽ താമസിച്ച് സേവനമനുഷ്ഠിക്കുന്ന ആറു ബൈബിൾപണ്ഡിതരെയും അവരുമായി സഹകരി

ക്കുന്ന എല്ലാവരെയും നന്ദിയോടെ ഓർക്കുന്നു. ബൈബിൾ കമ്മീഷൻ പരിഷ്കരിച്ച പുതിയനിയമത്തിലെ ആദ്യഭാഗം 'പഠനബൈബിൾ: സുവിശേഷങ്ങൾ' എന്ന പേരിൽ പി.ഒ.സി. 2018 ജൂൺമാസം പ്രസിദ്ധീകരിച്ചു. വചനം ആഴത്തിൽ മനസ്സിലാക്കാനും ആത്മീയമായി വളരാനും ഈ പഠനബൈബിൾ ഏറെ ഉപകരിക്കും.

ഇളംപ്രായംമുതൽ ദൈവവചനം വായിക്കാനും പഠിക്കാനും സ്നേഹിക്കാനും വഴിയൊരുക്കുന്ന ലോഗോസ് ക്വിസ് കേരളസഭയുടെ അഭിമാനമാണ്. ചെറുപ്പത്തിൽത്തന്നെ നമ്മുടെ മക്കൾ വളർത്തിയെടുക്കുന്ന ദൈവവചനത്തോടുള്ള സ്നേഹം അവരെ വിശുദ്ധിയുടെ പാതയിലൂടെ നടത്തുമെന്നതിനു സംശയമില്ല. സുവിശേഷവത്കരണത്തിനുള്ള ഏറ്റവും ഫലപ്രദമായ മാർഗമായി കേരളത്തിനു പുറത്തുള്ള രൂപതകൾ ഈ മോഡൽ സ്വീകരിക്കാൻ താത്പര്യപ്പെടുന്നു എന്നത് ഏറെ സന്തോഷകരമാണ്. ബധിരർക്കായും ഈ വർഷം ലോഗോസ്ക്വിസ് നടത്തുകയുണ്ടായി. ശാരീരിക വൈകല്യങ്ങളാൽ സമൂഹത്തിന്റെ മുഖ്യധാരയിൽനിന്ന് അകറ്റപ്പെടുന്നവർക്ക് കൂടുതൽ പരിഗണന നല്കാൻ ഇതു പ്രചോദനമേകുമെന്നു പ്രത്യാശിക്കുന്നു.

ബൈബിൾ ആഴത്തിൽ മനസ്സിലാക്കാൻ നിരവധിപേർ ആഗ്രഹിക്കുന്നതു കണക്കിലെടുത്ത്, പല രൂപതകളും ബൈബിൾകോഴ്സുകൾ സംഘടിപ്പിക്കുന്നതിൽ അതിയായ സന്തോഷമുണ്ട്. സ്വന്തമായി ബൈബിൾ പഠിക്കാൻ ആഗ്രഹിക്കുന്നവരെ കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ സംഘടിപ്പിക്കുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സിൽ ചേരാൻ പ്രോത്സാഹിപ്പിക്കണം. വിശ്വാസജീവിതം ശക്തിപ്പെടുത്താനും വിശുദ്ധിയുടെ പാതയിലൂടെ മുന്നേറാനും ഇത് ഏറെ സഹാ യിക്കും.

മാംസംധരിച്ച വചനമായ യേശുവിന്റെ തിരുപ്പിറവിക്കായി ഒരുങ്ങുന്ന ഡിസംബർമാസം കേരളസഭ വചനപാരായണ മാസമായി ആചരിക്കുന്നു. എല്ലാ കുടുംബങ്ങളിലും ഡിസംബർമാസം ബൈബിൾ പ്രതിഷ്ഠനടത്തുകയും ദിവസവും കുടുംബപ്രാർഥനയ്ക്കിടയ്ക്ക് ബൈബിൾ വായിക്കുകയും ചെയ്യേണ്ടതാണ്. അതുപോലെ തന്നെ, ഓരോ ഇടവകയിലും ഈ മാസത്തിൽ ബൈബിൾപ്രതിഷ്ഠ നടത്തുകയും ഒരു ദിവസമെങ്കിലും അഖണ്ഡവചനപാരായണം നടത്തുകയും ചെയ്യണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കിയിരിക്കുന്ന ബൈബിൾപാരായണ കലണ്ടർ ഉപയോഗപ്പെടുത്തി ഈ മാസം സമ്പൂർണബൈബിൾ പാരായണം സംഘടിപ്പിക്കുന്നതും പ്രോത്സാഹിപ്പിക്കപ്പെടണം. കേരളത്തിൽ വിവിധയിടങ്ങളിൽ ഏതാനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റുകളുടെ നേതൃത്വത്തിൽ വിപുലമായ അഖണ്ഡബൈബബിൾ പാരായണ യജ്ഞങ്ങൾ സംഘടിപ്പിക്കുന്നതിനെ അഭിനന്ദിക്കുകയും ഈ മാതൃക മറ്റെല്ലാവരും പിഞ്ചെല്ലണ

മെന്ന് അഭ്യർഥിക്കുകയും ചെയ്യുന്നു. ദൈവവചനപാരായണത്തിന് കേരളകത്തോലിക്കാമെത്രാൻസമിതി പ്രത്യേകം നിഷ്കർഷിച്ചിരിക്കുന്ന ഈ മാസം കേരളത്തിലുടനീളം ദൈവവചനത്തിന്റെ അലയടികൾ മുഴങ്ങട്ടെ. സമ്പൂർണ ബൈബിൾവായനയിൽ പങ്കുചേർന്ന്, യേശുവിനെ കൂടുതൽ അടുത്തറിയാനും സ്നേഹിക്കാനും വിശുദ്ധിയിൽ വളരാനും ഏവർക്കും സാധിക്കട്ടെയെന്ന് ആശംസിക്കുന്നു.

കേരളകത്തോലിക്കാസഭ ബൈബിൾ ഞായറായി ആചരിക്കുന്ന ഡിസംബർ 30-ാം തീയതി നിങ്ങൾ നല്കുന്ന സംഭാവന രൂപതകളുടെയും കെ.സി.ബി.സി.യുടെയും ബൈബൾപ്രേഷിതപ്രവർത്തനങ്ങൾ ശക്തിപ്പെടുത്തും. രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും കെ.സി.ബി.സി. ബൈബിൾ കമ്മീഷനുംവേണ്ടിയുള്ള ഈ സംഭാവന രൂപതാകേന്ദ്രത്തിൽ എത്തിക്കണമെന്ന് അഭ്യർഥിക്കുന്നു. വചനം മാംസംധരിച്ച യേശുവിനെ അനുഗമിച്ച് വിശുദ്ധിയിൽ വളരാൻ ആഹ്വാനംചെയ്തുകൊണ്ടും തിരുപ്പിറവിയുടെ അനുഗ്രഹങ്ങൾ ഏവർക്കും നേർന്നുകൊണ്ടും,

സ്നേഹത്തോടെ,

**ബിഷപ് ഡോ. എബ്രഹാം മാർ യൂലിയോസ്**
*ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**ബിഷപ് മാർ ജേക്കബ് മനത്തോടത്ത്**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

**ബിഷപ് ഡോ. പീറ്റർ അബീർ അന്തോണിസ്വാമി**
*വൈസ്ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ*

പി.ഒ.സി., കേരള കത്തോലിക്കാ സഭയുടെ ആസ്ഥാനകാര്യാലയം
കൊച്ചി – 682 025

---

NB: 2018 നവംബർ 25-ാം തീയതിയോ തുടർന്നുള്ള ഞായറാഴ്ചയോ ഈ സർക്കുലർ കേരളത്തിലെ സീറോ മലബാർ, ലത്തീൻ, മലങ്കര കത്തോലിക്കാസഭകളിലെ എല്ലാ ദേവാലയങ്ങളിലും ദിവ്യബലി അർപ്പിക്കപ്പെടുന്ന എല്ലാ സ്ഥാപനങ്ങളിലും വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ചുകൊടുക്കുകയോ ചെയ്യേണ്ടതാണ്.



Prot.No.1733/2018
21 September 2018

# സർക്കുലർ

കർദ്ദിനാൾ
ജോർജ്ജ് ആലഞ്ചേരി
സീറോ മലബാർ സഭയുടെ
മേജർ ആർച്ച് ബിഷപ്പ്

മിശിഹായിൽ പ്രിയ സഹോദരീ സഹോദരന്മാരേ,

ഈശോമിശിഹായ്ക്ക് സ്തുതിയായിരിക്കട്ടെ!

രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളിൽ സംബന്ധിക്കുന്നതിന് സെപ്റ്റംബർ 24 –ാം തിയതി തിങ്കളാഴ്ച ഞാൻ റോമിലേക്ക് പുറപ്പെടുകയാണ്. നവംബർ 3–ാം തിയതി മാത്രമേ തിരിച്ചെത്തുകയുള്ളൂ. ആദ്യത്തെ സമ്മേളനം സെപ്റ്റംബർ 25 മുതൽ 28 വരെയുള്ളത് സഭൈക്യത്തിനു വേണ്ടിയുള്ള പൊന്തിഫിക്കൽ കൗൺസിലിന്റേതാണ്. ഈ കൗൺസിലിൽ ഞാനൊരു അംഗമാണെന്ന് നിങ്ങളിൽ കുറെ പേർക്കെങ്കിലും അറിയാമല്ലോ. രണ്ടാമത്തെ സമ്മേളനം ഒക്ടോബർ 3 മുതൽ 28 വരെ നടക്കുന്ന സിനഡാണ്."യുവജനങ്ങൾ വിശ്വാസവും ദൈവവിളി വിവേചിച്ചറിയലും" എന്നതാണ് സിനഡിന്റെ ചർച്ചാവിഷയം. സിനഡിന് വേണ്ടിയുള്ള നമ്മുടെ സഭയിലെ ഒരുക്കങ്ങളിലെല്ലാം നിങ്ങളും പങ്കാളികളായിരുന്നല്ലോ. നമ്മുടെ സഭയിൽനിന്ന് അഭിവന്ദ്യ

ജോസഫ് പണ്ടാരശ്ശേരിൽ, ജോസഫ് പാംപ്ലാനി എന്നീ പിതാക്കന്മാരും എന്നോടൊപ്പം സിനഡിൽ സംബന്ധിക്കുന്നുണ്ട്. കൂടാതെ, മലങ്കര സഭ യിൽനിന്ന് അഭിവന്ദ്യ കർദ്ദിനാൾ ബസേലിയൂസ് ക്ലീമീസ് പിതാവും ലത്തീൻ സഭയിൽ നിന്ന് 5 പിതാക്കന്മാരും പങ്കെടുക്കുന്നുണ്ട്. ഈ രണ്ട് പ്രധാനപ്പെട്ട സമ്മേളനങ്ങളുടെയും, വിശിഷ്യാ സിന ഡിന്റെ വിജയത്തിനുവേണ്ടി നിങ്ങളെല്ലാവരും പ്രാർത്ഥിക്കണ മെന്ന് ഞാൻ സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

അടുത്ത കാലങ്ങളിൽ ഇന്ത്യയിലെ സഭയിൽ നടന്ന ചില സംഭവങ്ങൾ സഭാമക്കളായ നിങ്ങൾക്ക് വേദനയും ആശയ ക്കുഴപ്പവും ഉണ്ടാക്കിയിട്ടുണ്ടെന്ന് എനിക്കറിയാം. നിങ്ങളോ ടൊപ്പം ഞാനും വേദനിക്കുന്നുണ്ട്. ചില കാര്യങ്ങളിൽ ചിലർ എന്നെ പരാമർശിച്ചും തങ്ങളുടെ ആശങ്കകളും അഭിപ്രായ ങ്ങളും പ്രകടിപ്പിച്ചിട്ടുണ്ട്. മേജർ ആർച്ച് ബിഷപ്പ് എന്ന നില യിലുള്ള എന്റെ ചുമതലകൾ എന്റെ സഹപ്രവർത്തകരോടും പരിശുദ്ധ സിംഹാസനത്തോടു ബന്ധപ്പെട്ട ഉന്നത സഭാശു ശ്രൂഷകരോടും ആലോചിച്ചാണ് ചെയ്തുവരുന്നത്. കുറവു കളുണ്ടാകുമ്പോൾ അവ പരിഹരിക്കുവാൻ പരിശ്രമിക്കുന്നു മുണ്ട്.

തെറ്റിദ്ധാരണകളും കുറ്റപ്പെടുത്തലുകളും ഉണ്ടാവുക മനു ഷ്യസഹജമാണ്. നമ്മുടെ കർത്താവും രക്ഷകനുമായ ഈശോ യാണ് ഏറ്റവും അധികം തെറ്റിദ്ധരിക്കപ്പെട്ടവൻ. ഏറ്റവുമധികം കുറ്റപ്പെടുത്തപ്പെട്ടവനും അവിടുന്നു തന്നെയാണ്. പീലാത്തോ സിനോടോ, ഹേറോദോസിനോടോ, തന്റെ ശിഷ്യന്മാരോടു തന്നെയുമോ എല്ലാം വെളിപ്പെടുത്തി തന്റെ ജീവിതത്തിലെ പ്രശ്നങ്ങൾ പരിഹരിക്കുവാൻ അവിടുന്ന് ഒരുമ്പെട്ടതായി കാണുന്നില്ല. തന്റെ പ്രതിയോഗികളുടെ ഉപജാപങ്ങളും ഗൂഢാ ലോചനകളുംമൂലം നിഷ്ഠൂരമായ പീഡനങ്ങൾക്കും കുരിശു മരണത്തിനും അവിടുന്ന് വിധേയനായി. ആ സഹനവും മര ണവും മനുഷ്യരക്ഷയ്ക്ക് കാരണമായി തീർന്നു എന്നതാണ് നമ്മുടെ വിശ്വാസത്തിന്റെ സവിശേഷത.

ചില സമീപകാല സംഭവങ്ങൾ ചിലർക്കൊക്കെ ഉതപ്പിന് കാരണമായെന്നും മനസ്സിലാക്കുന്നു. ഉതപ്പുകളെക്കുറിച്ച് ഈശോ പറയുന്നതിപ്രകാരമാണ്: “ദുഷ്പ്രേരണകൾ ഉണ്ടാ

കാതിരിക്കുക അസാദ്ധ്യം. എന്നാൽ, ആർമൂലം അവ ഉണ്ടാകുന്നുവോ അവനു ദുരിതം" (ലൂക്കാ 17 : 1). മനുഷ്യസമൂഹത്തിൽ എല്ലാക്കാലത്തും ഇടർച്ചയുണ്ടാക്കുന്ന സംഭവങ്ങൾ അരങ്ങേറിയിട്ടുണ്ട്. അതീവഗുരുതരങ്ങളായവയും സംഭവിച്ചിട്ടുണ്ട്. അതിന്റെ പേരിൽ ഇടർച്ചയ്ക്ക് കാരണമാകുന്ന സംഭവങ്ങളെ ന്യായീകരിക്കാൻ നമുക്ക് സാധിക്കുകയില്ല. ഇടർച്ചകൾ ഉണ്ടാകാതിരിക്കാൻ നാം ശ്രദ്ധിക്കുകയാണ് വേണ്ടത്. ഇടർച്ചയ്ക്കു കാരണമാകുന്ന സംഭവങ്ങളിൽ എപ്രകാരം പ്രതികരിക്കണമെന്നും പരിഹാരങ്ങൾ കാണണമെന്നും അടുത്തകാലത്തെ സംഭവവികാസങ്ങളുടെ വെളിച്ചത്തിൽ എല്ലാവരും ചിന്തിക്കുന്നതും ആരോഗ്യകരമായ സമീപനങ്ങൾ സ്വീകരിക്കുന്നതും നന്നായിരിക്കും. ഇപ്പോൾ നടക്കുന്ന രീതികൾ സഭയുടെ സന്ദേശത്തിനോ സാക്ഷ്യത്തിനോ നിരക്കുന്നവയാണോ എന്നും പരിശോധിക്കേണ്ടിയിരിക്കുന്നു.

സമൂഹത്തിലും സഭയിലും വിവാദങ്ങളൊ ഇടർച്ചകളൊ ഒക്കെ ഉണ്ടാകുമ്പോൾ നമ്മുടെ വിശ്വാസം പരീക്ഷിക്കപ്പെടുന്നുണ്ട്. എന്നാൽ, പരീക്ഷണങ്ങളിൽ പരാജയപ്പെടേണ്ടവരല്ല നമ്മൾ. ഈശോയ്ക്കും തന്റെ പരസ്യജീവിതത്തിൽ പരീക്ഷണങ്ങൾ ഉണ്ടായിരുന്നല്ലൊ. നഷ്ടധൈര്യനാകാതെ തന്റെ പിതാവായ ദൈവത്തിലാശ്രയിച്ച് പരിശുദ്ധാത്മാവിന്റെ ശക്തിയാൽ പരീക്ഷണങ്ങളെയെല്ലാം വിജയത്തിന്റെ വഴിത്താരയാക്കി അവിടുന്ന് മാറ്റി. സഭയും എല്ലാക്കാലങ്ങളിലും പരീക്ഷണങ്ങളെ നേരിട്ടിട്ടുണ്ട്. ഒരു വ്യക്തിക്കോ ഏതാനും പേർക്കോ ഉണ്ടാകുന്ന വീഴ്ച സഭ മുഴുവന്റെയും വീഴ്ചയോ പരാജയമോ ആയി കാണുന്നത് ശരിയല്ല. ഇക്കാലത്ത് സഭ നേരിടുന്ന പരീക്ഷണങ്ങളെ സധൈര്യം നേരിടുവാൻ നമുക്ക് സഭയോടൊത്തു നിൽക്കാം. ഭഗ്നാശരാകാതെ വിശ്വാസത്തിൽ അടിയുറച്ച് നിന്നുകൊണ്ട് പരിശുദ്ധാത്മാവ് നൽകുന്ന പ്രത്യാശയോടെ നമുക്ക് പരീക്ഷണങ്ങളെ വിജയിക്കാം. ദൈവവചനത്തിലും പ്രാർത്ഥനയിലും നാം ശക്തി സംഭരിക്കണം.

ആഗസ്റ്റു മാസത്തിലെ പ്രകൃതി ദുരന്തങ്ങളെ സൃഷ്ടപ്രപഞ്ചത്തിന്റെ പരിമിതിയുടെ വെളിപ്പെടുത്തലുകളായിട്ടാണ് നാം കാണേണ്ടത്. മനുഷ്യർക്ക് രോഗങ്ങളും തെറ്റുകളും കുറ്റങ്ങളും ഒക്കെ ഉള്ളതുപോലെ പ്രപഞ്ചത്തിനും അതിന്റെ പ്രയാണത്തിൽ വ്യതിചലനങ്ങൾ ഉണ്ടാകുന്നു. അത്തരം വ്യതിചലനങ്ങളായിട്ടുവേണം ഭൂകമ്പങ്ങളെയും പ്രളയത്തെയും ഉരുൾപൊട്ടലുകളെയും ചുഴലിക്കാറ്റുകളെയും മറ്റ് സമാന പ്രതിഭാസങ്ങളേയും നാം കാണുവാൻ. മനുഷ്യരുടെ തിന്മകളും രോഗങ്ങളും നാം പരിഹരിക്കുന്നതിന് പരിശ്രമി

ക്കുന്നതുപോലെതന്നെ പ്രപഞ്ചത്തിനുണ്ടാകുന്ന കെടുതികളേയും ഏറ്റെടുത്ത് പരിഹാരം കണ്ടെത്തുവാൻ നാം പരിശ്രമിക്കേണ്ടിയിരിക്കുന്നു. ഇപ്രകാരമുള്ള എല്ലാ പരിശ്രമങ്ങളിലും ദൈവപരിപാലനയിൽ ആശ്രയിച്ച് പ്രത്യാശയോടെ സമൂഹത്തിന്റെ പൊതുനന്മയ്ക്കുവേണ്ടി പ്രവർത്തനനിരതരാകേണ്ടവരാണ് നമ്മൾ. ക്രൈസ്തവവിശ്വാസം അതിന് നമുക്ക് ശക്തി പകരണം.

പ്രളയക്കെടുതിയിൽ സഭയുടെ എല്ലാ ഭാഗങ്ങളിലും നിന്നും ഉണ്ടായ ദുരിതാശ്വാസപ്രവർത്തനങ്ങൾ അഭിനന്ദനീയമാണ്. അവയെക്കുറിച്ച് നിങ്ങൾ ബോധവാന്മാരാണെന്നു ഞാൻ കരുതുന്നു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേയ്ക്ക് KCBC നൽകിയ ഒരു കോടി രൂപയിൽ സീറോ മലബാർ സഭയുടെ വിഹിതമായ 50 ലക്ഷം രൂപ നമ്മുടെ സാമൂഹ്യ പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്ന സ്പന്ദൻ വഴി ലഭിച്ച സംഭാവനയിൽനിന്നും നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുക മുഖ്യമന്ത്രിയുടെ ഫണ്ടിലേയ്ക്ക് നൽകുന്നതായിരിക്കും. ഇതിനു പുറമെ ഇപ്പോൾ ലഭ്യമായ കണക്കനുസരിച്ച് നൂറ്റി ഒൻപത് കോടി തൊണ്ണൂറ്റിയൊന്ന് ലക്ഷത്തി പതിനായിരത്തി മുന്നൂറ്റി എൺപത്തി നാല് (109,91,10,384) രൂപയുടെ ദുരിതാശ്വാസ പ്രവർത്തനങ്ങൾ സീറോ മലബാർ സഭയിലെ വിവിധ രൂപതകളും ഇടവകകളും മേജർ സെമിനാരികളും സന്യാസസമൂഹങ്ങളും അത്മായ സഹോദരങ്ങളും നിർവഹിച്ചിട്ടുണ്ട്. ഇനിയും ഇരുന്നൂറിൽ പരം കോടി രൂപയുടെ ദുരിതാശ്വാസ പദ്ധതികൾക്ക് വിവിധ രൂപതകളും സമർപ്പിത സമൂഹങ്ങളും പദ്ധതി തയ്യാറാക്കിയിട്ടുമുണ്ട്. സഭാമക്കളുടെ കഠിനാധ്വാനവും കാരുണ്യപ്രവർത്തനങ്ങളും തുടർന്നും ഉണ്ടാകണമെന്ന് സ്നേഹപൂർവം അഭ്യർത്ഥിക്കുന്നു.

എന്റെ യാത്രയും റോമിലെ ശുശ്രൂഷകളും ഫലപ്രദമായി നിർവ്വഹിക്കുന്നതിനും നിങ്ങൾ എല്ലാവരും പ്രാർത്ഥിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

നമ്മുടെ കർത്താവീശോമിശിഹായുടെ കൃപയും പിതാവായ ദൈവത്തിന്റെ സ്നേഹവും പരിശുദ്ധാത്മാവിന്റെ സഹവാസവും നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ.

**കർദ്ദിനാൾ**
**ജോർജ്ജ് ആലഞ്ചേരി**
സീറോ മലബാർ സഭയുടെ
മേജർ ആർച്ച്ബിഷപ്പ്

---

N.B. ഈ സർക്കുലർ 2018 ഒക്ടോബർ 7–ാം തീയതി ഞായറാഴ്ച ദൈവാലയങ്ങളിൽ വായിക്കേണ്ടതാണ്.

സന്ദേശം



**ഫ്രാൻസിസ് മാർപാപ്പ**

Ref: 3141/K-5/KCBC/OL/DS
15.09.2018

# ആഗോള മിഷൻദിനം 2018

## നമുക്ക് യുവജനങ്ങളോടൊപ്പം എല്ലാവർക്കും സുവിശേഷം എത്തിച്ചുകൊടുക്കാം

പ്രിയ യുവജനങ്ങളേ, ക്രിസ്തുവിൽ നിന്ന് നാം സ്വീകരിച്ച സുവിശേഷദൗത്യത്തെക്കുറിച്ച് നിങ്ങളോടുകൂടെ ചിന്തിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. സഭയിൽ ദൈവമക്കളെന്ന നിലയിൽ സാഹസിക ജീവിതം നയിക്കുന്ന എല്ലാ ക്രൈസ്തവരെയും നിങ്ങളോടു സംസാരിക്കുമ്പോൾ ഞാൻ അഭിസംബോധന ചെയ്യുന്നുണ്ട്. നിങ്ങളുമായുള്ള ഈ സംസാരത്തിലൂടെ എല്ലാവരോടും സംസാരിക്കാൻ എന്നെ പ്രേരിപ്പിക്കുന്നത് ഒരു തീർച്ചയാണ്. ക്രൈസ്തവവിശ്വാസം യേശു നമ്മെ ഏല്പിച്ച ദൗത്യത്തോടു തുറവിയുള്ളതാകുമ്പോൾ നിത്യയൗവനത്തിൽ നിലനില്ക്കുമെന്ന തീർച്ചയാണത്. വിശുദ്ധ ജോൺപോൾ രണ്ടാമന്റെ വാക്കുകളിൽ പറഞ്ഞാൽ "മിഷൻ വിശ്വാസത്തെ പുനരുജ്ജീവിപ്പിക്കുന്നു" (രക്ഷകന്റെ മിഷൻ 2). യുവജനത്തോട് വലിയ സ്നേഹവും താത്പര്യവും

കാണിച്ചിരുന്ന മാർപാപ്പയാണല്ലോ അദ്ദേഹം.

വരുന്ന മിഷൻമാസമായ ഒക്ടോബറിൽ ഒരു സൂനഹദോസ് റോമിൽ വച്ചു നടത്തും. കർത്താവായ യേശു യുവജനങ്ങളേ, നിങ്ങളോടും നിങ്ങളിലൂടെ എല്ലാ ക്രൈസ്തവ സമൂഹങ്ങളോടും, വിശ്വാസത്തെ കൂടുതൽ പൂർണമായി ഗ്രഹിക്കാൻ കർത്താവായ യേശുവിന് പറയാനുള്ളത് എന്താണെന്ന് വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനസ്സിലാക്കാനുള്ള ഒരു അവസരമാകും അത്.

**ജീവിതം ഒരു മിഷനാണ്**

ഓരോ സ്ത്രീയും പുരുഷനും മിഷനാണ്. ഈ ലോകത്തിലുള്ള നമ്മുടെ ജീവിതത്തിന്റെ കാരണം അതാണ്. *ആകർഷിക്കപ്പെടുക അയയ്ക്കപ്പെടുക* എന്നീ രണ്ടു കാര്യങ്ങൾ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ ആന്തരിക ശക്തികളായി നമുക്ക് അനുഭവപ്പെടും – പ്രത്യേകിച്ച് ചെറുപ്പത്തിൽ. അവ നമ്മുടെ ഭാവിയുടെ വാഗ്ദാനവും ജീവിതത്തിന് മാർഗദർശനവും നല്കുന്നു. ജീവന്റെ ശക്തി നമ്മിൽ പ്രവേശിക്കുകയും ആകർഷിക്കുകയും ചെയ്യുന്നതായി മറ്റുള്ള ആരെയുംകാൾ കൂടുതലായി യുവജനങ്ങൾക്കു തോന്നും. ലോകത്തോട് നമുക്കുള്ള ഉത്തരവാദിത്വം സന്തോഷപൂർവം ജീവിക്കുകയെന്നത് വലിയൊരു വെല്ലുവിളിയാണ്. യൗവനത്തിന്റെ പ്രകാശത്തെയും നിഴലുകളെയുംകുറിച്ച് എനിക്ക് നന്നായിട്ട് അറിയാം. ഞാൻ എന്റെ യൗവനകാലത്തെയും എന്റെ കുടുംബത്തെയും പറ്റി ചിന്തിക്കുമ്പോൾ കൂടുതൽ നല്ല ഭാവിക്കുവേണ്ടിയുള്ള എന്റെ പ്രത്യാശയുടെ ശക്തി ഞാൻ ഓർമിക്കുന്നു. നമ്മുടെ തന്നെ തിരഞ്ഞെടുപ്പുകൊണ്ടല്ല നമ്മൾ ഈ ലോകത്തിലായിരിക്കുന്നത്. നമുക്ക് മുമ്പേയുള്ള ഒരു പ്രാരംഭശക്തിയുണ്ടെന്നും അത് നമുക്ക് അസ്തിത്വം നല്കുന്നുവെന്നുമുള്ള ബോധം ആ വസ്തുത നമുക്കു നല്കുന്നു. നമ്മിൽ ഓരോരുത്തരും ഈ വസ്തുതയെക്കുറിച്ചു ചിന്തിക്കണം: "ഞാൻ ഈ ലോകത്തിൽ ഒരു മിഷനാണ്. ഞാൻ ഈ ലോകത്തിലായിരിക്കുന്നതിന്റെ കാരണം അതാണ്" (സുവിശേഷത്തിന്റെ സന്ദേശം 273).

**നാം യേശുക്രിസ്തുവിനെ പ്രഘോഷിക്കുന്നു**

സഭ അത് സൗജന്യമായി സ്വീകരിച്ചത് പ്രഘോഷിക്കുന്നു (cf മത്താ 10:8; അപ്പ 3:6). അങ്ങനെ ചെയ്തുകൊണ്ട്, നമ്മുടെ ജീവിതത്തിന് ഈ ലോകത്തിൽ അർഥം നല്കുന്ന വഴിയും സത്യവും യുവജനമായ നിങ്ങളുമായി പങ്കുവയ്ക്കാൻ കഴിയും.

സത്യത്തിന്റേതും നിറവേറലിന്റേതുമായ ഈ സന്ദേശം കണ്ടെത്താനും പ്രഘോഷിക്കാനും നമുക്കുവേണ്ടി മരിക്കുകയും ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു നമ്മുടെ സ്വാതന്ത്ര്യത്തോട് ആവശ്യപ്പെടുകയും നമ്മെ വെല്ലുവിളിക്കുകയും ചെയ്യുന്നു. പ്രിയ യുവജനമേ, ക്രിസ്തുവിനെയും സഭയെയും ഭയപ്പെടേണ്ട. എന്തെന്നാൽ ജീവിതത്തെ സന്തോഷം കൊണ്ടു നിറയ്ക്കുന്ന നിധി അവിടെ നമ്മൾ കണ്ടെത്തുന്നു. എന്റെ അനുഭവത്തിൽ നിന്നു തന്നെ ഇക്കാര്യം നിങ്ങളോടു പറയാൻ എനിക്ക് സാധിക്കും. വിശ്വാസത്തിന്റെ സഹായത്താൽ എന്റെ സ്വപ്നങ്ങളുടെ തീർച്ചയുള്ള അടിസ്ഥാനവും അവയെ യാഥാർഥ്യമാക്കാൻ വേണ്ട ശക്തിയും ഞാൻ കണ്ടെത്തി.

നമ്മുടെ അനേകം സഹോദരങ്ങളുടെ മുഖങ്ങൾ വലിയ സഹനവും ദാരിദ്ര്യവും കൊണ്ട് വികലമാക്കപ്പെട്ടതായി ഞാൻ കണ്ടിട്ടുണ്ട്. എന്നാലും യേശുവിന്റെ യടുത്തു നില്ക്കുന്നവർക്കു തിന്മ തന്നെ വലിയ സ്നേഹത്തിനുള്ള പ്രചോദനമാണ്. സുവിശേഷത്തോടുള്ള സ്നേഹം കൊണ്ട് അനേകം സ്ത്രീപുരുഷന്മാരും അനേകം യുവജനങ്ങളും ഉദാരതയോടെ തങ്ങളെത്തന്നെ ബലികഴിച്ചിട്ടുണ്ട് – ചിലപ്പോൾ രക്തസാക്ഷികളാകുകപോലും ചെയ്തിട്ടുണ്ട്. യേശുവിന്റെ കുരിശിൽ നിന്ന് ആത്മബലിയുടെ യുക്തി നാം പഠിക്കുന്നു. (cf 1 കോറി 1:17–25). ലോകത്തിന്റെ ജീവനുവേണ്ടിയുള്ള സുവിശേഷപ്രഘോഷണമാണത് (cf യോഹ 3:16). ക്രിസ്തുവിനോടുള്ള സ്നേഹാഗ്നിയാൽ കത്തിക്കപ്പെടുക ആ അഗ്നിയാൽ വിഴുങ്ങപ്പെടുക അതിന്റെ പ്രകാശത്താൽ മനസ്സിലാക്കൽ പ്രക്രിയയിൽ വളരുക അതിന്റെ സ്നേഹത്താൽ ചൂടുള്ളവരായിരിക്കുക (cf 2 കോറി 5:14). ദൈവത്തിന്റെ വിസ്തൃത ചക്രവാളത്തിലേക്ക് നമ്മെ തുറക്കുന്ന വിശുദ്ധരുടെ പാഠശാലയിൽ ഞാൻ നിങ്ങളെ ക്ഷണിക്കുന്നു. "ക്രിസ്തു എന്റെ സ്ഥാനത്തായിരുന്നെങ്കിൽ അവിടന്ന് എന്തു ചെയ്യുമായിരുന്നു?" എന്ന വിസ്മയത്തിൽ നിർത്താതിരിക്കാനാണ് ഞാൻ ക്ഷണിക്കുന്നത്.

**വിശ്വാസത്തെ ലോകത്തിന്റെ അതിരുകളിലേക്ക് പകരുക**

യുവസുഹൃത്തുക്കളേ, നിങ്ങളും മാമ്മോദീസ വഴി സഭയുടെ ജീവിക്കുന്ന അംഗങ്ങളായി. അതോടെ എല്ലാവർക്കും സുവിശേഷം എത്തിച്ചു കൊടുക്കാനുള്ള ദൗത്യം നമ്മൾ സ്വീകരിച്ചിട്ടുണ്ട്. നിങ്ങൾ ജീവിതത്തിന്റെ പടിവാതില്ക്കലാണ്. സഭയുടെ കൂദാശകൾ, നമുക്ക് നല്കപ്പെട്ട വിശ്വാസത്തിന്റെ കൃപാവരത്തിൽ വളരുന്നതിന്, സാക്ഷികളുടെ മഹത്തായ പ്രവാഹത്തിലേക്ക് നമ്മെ മുക്കുന്നു. തലമുറതോറും കൂടുതൽ പ്രായമുള്ളവരുടെ ജ്ഞാനവും അനുഭവവും, ഭാവിയിലേക്ക് നോക്കുന്നവർക്ക് സാക്ഷ്യവും പ്രോത്സാഹനവുമായിത്തീരാൻ ആ സാക്ഷികൾ ശക്തി നല്കും. ജീവിതയാത്രയുടെ

അന്തിമഘട്ടത്തിലേക്കു അടുക്കുന്ന വർക്ക് യുവജനത്തിന്റെ നവീനതയും ആവേശവും പിന്തുണയുടെയും പ്രത്യാശയുടെയും ഉറവിടമാക്കിമാറ്റും. ജീവിതത്തിലെ വ്യത്യസ്ത ഘട്ടങ്ങളുടെ ഈ ഇണക്കിച്ചേർക്കലിൽ സഭയുടെ മിഷൻ തലമുറകൾ തമ്മിലുള്ള പാലം പണിയും. നമ്മുടെ ദൈവവിശ്വാസവും അയൽക്കാരനോടുള്ള സ്നേഹവും അഗാധമായ ഐക്യത്തിന്റെ ഉറവിടമാകും.

വിശ്വാസത്തിന്റെ ഈ പകർന്നുനല്കൽ സഭയുടെ മിഷന്റെ കേന്ദ്രമാണ്. പകരാനുള്ള സ്നേഹത്തിന്റെ കഴിവിൽ നിന്നാണ് അത് ഉദ്ഭവിക്കുന്നത്. അവിടെ സന്തോഷവും ആവേശവും ജീവിതത്തിൽ പുതുതായി കണ്ടെത്തിയ അർഥത്തിന്റെയും നിറവേറലിന്റെയും പ്രകടനമായിത്തീരുന്നു. ആകർഷണം വഴിയുള്ള വിശ്വാസത്തിന്റെ വ്യാപനത്തിന് തുറവുള്ളതും സ്നേഹത്താൽ വികസിക്കപ്പെട്ടതുമായ ഹൃദയങ്ങൾ വേണം. സ്നേഹത്തിന് അതിരുകല്പിക്കാൻ സാധ്യമല്ല. കാരണം, അത് മരണത്തെപ്പോലെ ശക്തമാണ് (cf ഉത്തമഗീതം 8:6). കണ്ടുമുട്ടൽ, സാക്ഷ്യം, പ്രഘോഷണം എന്നിവയെ ആ വ്യാപനം ഉത്പാദിപ്പിക്കുന്നു. വിശ്വാസത്തിൽ നിന്ന് അകലെയായിരിക്കുന്നവരും, നിസ്സംഗരായിരിക്കുന്നവരും ശത്രുതയോടെ വിശ്വാസത്തെ എതിർക്കുന്നവരുമായ എല്ലാവരുമായി പരസ്നേഹത്തിൽ പങ്കുവയ്ക്കലിനെ ജനിപ്പിക്കുന്നു. യേശുവിന്റെ സുവിശേഷവും സഭയുടെ കൗദാശിക സാന്നിധ്യവും ഇനിയും അറിയാത്ത മാനുഷിക–സാംസ്കാരിക –മതാത്മക പരിതസ്ഥിതികളാണ് അങ്ങേയറ്റത്തെ അരികുകൾ അഥവാ ലോകത്തിന്റെ അതിരുകൾ. ആ അതിരുകളിലേക്ക് ഒന്നാമത്തെ ഈസ്റ്റർ മുതൽ ക്രിസ്തു തന്റെ പ്രേഷിതശിഷ്യരെ അയച്ചും അവരുടെ കർത്താവ് എപ്പോഴും അവരുടെ കൂടെ ഉണ്ടായിരിക്കുമെന്ന തീർച്ചയോടെയാണ് അയച്ചത് (cf മത്താ 28:20; അപ്പ 1:8). "ജാതികളിലേക്കുള്ള പ്രേഷിതത്വം" എന്ന് നാം വിളിക്കുന്നത് ഇതിനെയാണ്. ഏറ്റവും ജീർണിച്ച അതിര് യേശുവിനെ ആവശ്യമുള്ള മനുഷ്യവർഗം വിശ്വാസത്തോട് നിസ്സംഗത പുലർത്തുന്ന സ്ഥലമാണ്. അല്ലെങ്കിൽ ദൈവത്തിലുള്ള ജീവന്റെ പൂർണതയോട് വിദ്വേഷം പ്രകടിപ്പിക്കുന്നിടമാണ്. ഭൗമികവും ആധ്യാത്മികവുമായ എല്ലാ ദാരിദ്ര്യവും നമ്മുടെ സഹോദരീസഹോദരന്മാരോട് കാണിക്കുന്ന വിവേചനത്തിന്റെ ഓരോ രൂപവും എപ്പോഴും ദൈവത്തെയും അവിടത്തെ സ്നേഹത്തെയും തള്ളിക്കളയുന്നതിന്റെ ഫലമായിട്ട് ഉണ്ടാകുന്നതാണ്.

പ്രിയ യുവജനമേ, ലോകത്തിന്റെ അതിരുകൾ ഇക്കാലത്ത് തികച്ചും ആപേക്ഷികമാണ്. മിക്കപ്പോഴും എളുപ്പത്തിൽ "കപ്പൽ സഞ്ചാരം ചെയ്യാവുന്നതുമാണ്. ഡിജിറ്റൽ ലോകം – ഏറെ വ്യാപകവും സുലഭവുമായ സാമൂഹിക നെറ്റുവർക്കുകൾ അതിരുകളെ

ഇല്ലാതാക്കുന്നു. അകലം ഇല്ലാതാക്കുന്നു. വ്യത്യാസങ്ങൾ കുറയ്ക്കുന്നു. എല്ലാം കൈയെത്തുന്നിടത്ത് ഉള്ളവയായി ഏറ്റവും അടുപ്പത്തിലുള്ളതായി, നേരിട്ടു കിട്ടുന്നതായി തോന്നുന്നു. എന്നാലും അനേകം ബന്ധപ്പെടലുകൾ നമുക്ക് ഉണ്ടാകുന്നുണ്ടെങ്കിലും ജീവന്റെ യഥാർഥ കൂട്ടായ്മയിൽ ഒരിക്കലും പങ്കുചേരുന്നില്ലെന്നു വരാം. നമ്മുടെ ജീവിതത്തിന്റെ ആത്മാർഥമായ ദാനമില്ലാത്തതുകൊണ്ടാണത്. ലോകത്തിന്റെ അതിർത്തികൾവരെ മിഷനിൽ പങ്കുചേരുകയെന്നത്, ദൈവം നമുക്കു തന്ന വിളിയിൽ നമ്മെത്തന്നെ ദാനമായി നല്കുകയെന്നത്, ആവശ്യമാണ്. ദൈവമാണല്ലോ നമ്മെ ഈ ഭൂമിയിൽ സ്ഥാപിച്ചത് (cf ലൂക്കാ 9:23–25). യേശുക്രിസ്തുവിനെ അനുഗമിക്കാൻ ആഗ്രഹിക്കുന്ന ഏതു യുവാവിനെയും യുവതിയെയും സംബന്ധിച്ചിടത്തോളം ഏറ്റവും സത്താപരമായിട്ടുള്ളത് സ്വന്തം വിളി അന്വേഷിക്കുകയും കണ്ടെത്തുകയും അതിൽ നിലനില്ക്കുകയും ചെയ്യുകയെന്നതാണ് എന്നു ഞാൻ ഉറപ്പിച്ചു പറയുന്നു.

**സ്നേഹത്തിനു സാക്ഷ്യം വഹിച്ചുകൊണ്ട്**

തന്റെ സഭയിൽ വസിക്കുന്ന യേശുവിനെ വ്യക്തിപരമായി കണ്ടുമുട്ടുവാൻ നിങ്ങൾക്ക് സാധ്യത നല്കുന്ന സഭാത്മകഗ്രൂപ്പുകളായിട്ടുള്ള ഇടവകകൾ, സംഘടനകൾ, പ്രസ്ഥാനങ്ങൾ സന്ന്യസ്ത സമൂഹങ്ങൾ എന്നിവരോടും മിഷനറിസേവനത്തിന്റെ വിവിധ പ്രകാശനങ്ങളോടും എനിക്കു നന്ദിയുണ്ട്. എത്രയോ യുവജനങ്ങൾ പ്രേഷിതത്വ സന്നദ്ധസേവനത്തിൽ നമ്മുടെ സഹോദരീസഹോദരന്മാരിൽ “ഏററവും എളിയവരെ” സേവിക്കാനുള്ള മാർഗം കണ്ടെത്തുന്നുണ്ട് (cf മത്താ 25:40). അവർ മനുഷ്യമഹത്വത്തെ വളർത്തുന്നു. സ്നേഹത്തിന്റെ സന്തോഷത്തിനും ക്രിസ്ത്യാനിയായിരിക്കുന്നതിലുള്ള സന്തോഷത്തിനും അവർ സാക്ഷ്യം വഹിക്കുന്നു. സഭാത്മകമായ ഈ അനുഭവങ്ങൾ യുവജനങ്ങളെ പ്രൊഫഷണൽ വിജയത്തിനായി മാത്രമല്ല പിന്നെയോ, മറ്റുള്ളവർക്കു സേവനം ചെയ്യാൻ ദൈവം നല്കിയ ദാനങ്ങളെ വികസിപ്പിക്കുകയും വളർത്തുകയും ചെയ്യാനും പഠിപ്പിക്കുകയും പരിശീലിപ്പിക്കുകയും ചെയ്യുന്നുണ്ട്. താത്കാലിക മിഷനറി സേവനത്തിൽ പ്രശംസനീയമായ ഈ രൂപങ്ങൾ ഫലപൂർണമായ ആരംഭമാണ്. വിളിപരമായ തിരിച്ചറിവിലൂടെ നിങ്ങളെ സഹായിക്കാൻ– മിഷനറിമാരായി ജീവിതം മുഴുവൻ സമർപ്പിക്കാൻ സഹായിക്കുന്നതിന്– അവർക്ക് കഴിയും.

പൊന്തിഫിക്കൽ മിഷൻ സൊസൈറ്റികൾ യുവഹൃദയങ്ങളിൽ നിന്നാണു ജനിച്ചത്. ഓരോ ജനതയോടും സുവിശേഷ പ്രസംഗം നടത്താനുള്ള പിന്തുണയുടെ മാർഗമാണത്. സത്യം അറിയാൻ ദാഹിക്കുന്ന എല്ലാവർക്കും മാനുഷികവും സാംസ്കാരികവു

മായ വളർച്ചയ്ക്കായി സഹായം ചെയ്യുവാനാണത്. പൊന്തിഫിക്കൽ മിഷൻ സൊസൈറ്റിയിലൂടെ പ്രാർഥനയും ഭൗതികസഹായങ്ങളും ഉദാരതയോടെ നല്കപ്പെടുകയും വിതരണം നടത്തുകയും ചെയ്യുന്നുണ്ട്. വ്യക്തിപരമായ കാര്യങ്ങളിൽ സഹായിക്കപ്പെടുന്നവർ അവരുടെ അനുദിന ജീവിത സാഹചര്യങ്ങളിൽ സുവിശേഷത്തിനു സാക്ഷ്യം വഹിക്കാൻ കഴിവുള്ളരാകുമെന്ന് പരിശുദ്ധ സിംഹാസനത്തിന് ഉറപ്പുണ്ടാകാൻ ആ സൊസൈറ്റികൾ സഹായിക്കുന്നു. തങ്ങൾക്ക് ഉള്ളത് എന്നതിനെക്കാൾ തങ്ങൾ ആയിരിക്കുന്നതെന്തോ അത് ഒന്നാമതായി നല്കാൻ കഴിയാത്തവിധം ദരിദ്രനായി ആരുമില്ല. ചില്ലിയിലെ യുവജനത്തോട് ഞാൻ പറഞ്ഞ പ്രോത്സാഹനകരമായ വാക്കുകൾ ആവർത്തിക്കട്ടെ: "ഒന്നും കൊടുക്കാനില്ലെന്നോ ആർക്കും നിങ്ങളെക്കൊണ്ട് ആവശ്യമില്ലെന്നോ നിങ്ങൾ ഒരിക്കലും വിചാരിക്കരുത്. ഏറെ ആളുകൾക്ക് നിങ്ങളെക്കൊണ്ട് ആവശ്യമുണ്ട്. ഇതിനെപ്പറ്റി ചിന്തിക്കുക! നിങ്ങളിൽ ഓരോ വ്യക്തിയും ഹൃദയത്തിൽ ഇങ്ങനെ ചിന്തിക്കണം: അനേകർക്ക് ആവശ്യമുള്ള ആളാണ് ഞാൻ" (യുവജനങ്ങളെ കണ്ടുമുട്ടൽ, മയ്പൂഷ്റൈൻ, 17 ജനുവരി 2018).

പ്രിയയുവജനമേ, മിഷനുകളുടെ മാസമായ ഈ ഒക്ടോബർ മാസത്തിൽ നിങ്ങൾക്കായുള്ള സൂനഹദോസു നടത്തും. യേശുവിനും ലോകത്തിന്റെ അതിർത്തികൾ വരെയുള്ള അവിടത്തേ മിഷനും വികാരാവേശത്തോടെ കൂടുതൽ സമർപ്പിതരായ മിഷനറി ശിഷ്യന്മാരാകാൻ ഒരിക്കൽ കൂടി നമ്മെ സഹായിക്കുന്ന ഒരവസരമായിരിക്കും അത്. നമുക്ക് എല്ലാവർക്കും വേണ്ടി മാധ്യസ്ഥ്യം വഹിക്കാനും എപ്പോഴും നമ്മോടൊപ്പം ഉണ്ടായിരിക്കാനും ശ്ലീഹന്മാരുടെ രാജ്ഞിയായ മറിയത്തോടും വിശുദ്ധ ഫ്രാൻസിസ് സേവ്യറിനോടും വിശുദ്ധ കൊച്ചുത്രേസ്യായോടും വാഴ്ത്തപ്പെട്ട പാവുളോ മന്നായോടും ഞാൻ അപേക്ഷിക്കുന്നു.

വത്തിക്കാനിൽ നിന്ന്,
20 മേയ് 2018 പെന്തെക്കോസ്താ
തിരുനാൾ ദിവസം

**ഫ്രാൻസിസ് മാർപാപ്പ**

കേരള കത്തോലിക്കാസഭയുടെ ആസ്ഥാനകാര്യാലയം
പി.ഒ.സി., കൊച്ചി – 682 025

# കച്ചേരി

## വാർത്തകൾ

### 1. ഓർമിക്കേണ്ട ദിവസങ്ങൾ

നവംബർ 2018

1 : സകല വിശുദ്ധരുടെ തിരുനാൾ
2 : സകല മരിച്ചവരുടെയും ഓർമ്മ
: **ആദ്യവെള്ളി**
4 : **പള്ളിക്കൂദാശ ഒന്നാം ഞായർ**
5 : വി. സഖറിയായും വി. ഏലീശ്വായും
11 : **പള്ളിക്കൂദാശ രണ്ടാം ഞായർ**
18 : **പള്ളിക്കൂദാശ മൂന്നാം ഞായർ**
: സമ്പർക്ക മാധ്യമദിനം
25 : **പള്ളിക്കൂദാശ നാലാം ഞായർ**
: മിശിഹായുടെ രാജത്വ തിരുനാൾ
30 : വി. അന്ത്രയോസ് ശ്ലീഹാ

**2. നവംബർ മാസത്തിലെ പരിപാടികൾ:**

| | | |
|---|---|---|
| 02 | 07.30 pm | സാമ്പത്തികസമിതിയോഗം |
| 06 | 9.00 am | കൈക്കാരന്മാർ–കണക്കെഴുത്തുകാർ എന്നിവരുടെ സംയുക്ത യോഗം |
| 08 | 02:30 pm | സംഘടന ഏകോപനസമിതി യോഗം |
| 10 | 11:00 am | മൈനർ സെമിനാരി ഹോം ഡേ |
| | 02:00 pm | പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം |
| 12 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 13 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 14 | | ഡീക്കന്മാർക്കുള്ള ക്ലാസ്സ് |
| 15 | 10:00 am | ഫൊറോനവികാരിമാരുടെ യോഗം |
| 17 | 10:00 am | അവിഭക്ത തൃശ്ശൂർ അതിരൂപത പാസ്റ്ററൽ – പ്രെസ്പ്പിറ്ററൽ കൗൺസിൽ സുവർണ്ണ ജൂബിലി യോഗം |

| | | |
|---|---|---|
| 19 | | ലിവ് & ലേൺ |
| 20 | | ലിവ് & ലേൺ |
| 22 | 10:30 am | ആലോചനസമിതി യോഗം |
| 24 | 10:00 am | സന്യസ്ത ജൂബിലി |
| 29 | 10:00 am | വൈദികമാസധ്യാനം |
| | | മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുകതിരുനാൾ & മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പൗരോഹിത്യ രജത ജൂബിലി ആഘോഷം |

**3. പള്ളിക്കൂദാശക്കാലം:**

ആരാധനാവത്സരത്തിലെ അവസാനത്തെ നാല് ആഴ്ചകളാണ് പള്ളിക്കൂദാശക്കാലത്തിലുള്ളത്. പള്ളിക്കൂദാശ എന്നാൽ സഭയുടെ പ്രതിഷ്ഠ എന്നാണർത്ഥം. ഈ കാലത്തിലെ ആദ്യത്തെ ഞായറാഴ്ച സഭാപ്രതിഷ്ഠയുടെ അനുസ്മരണം ആചരിക്കുന്നു. മിശിഹാ തന്റെ മണവാട്ടിയായ സഭയെ അവസാനവിധിക്കുശേഷം പിതാവിനു സമർപ്പിക്കുന്നതിനെ ഈ കാലത്തിന്റെ ആരംഭത്തിൽ ത്തന്നെ നാം അനുസ്മരിക്കുന്നു. യുഗാന്തത്തിൽ സഭ തന്റെ മക്കളോടൊപ്പം സ്വർഗ്ഗീയ ജറുസലെമാകുന്ന മണവറയിൽ തന്റെ വരനെ കണ്ടുമുട്ടുന്നു. സഭാമക്കളെ കാത്തിരുന്ന നിത്യസൗഭാഗത്തിന്റെ മുന്നാസ്വാദനം നൽകുന്ന കാല ഘട്ടമാണിത്.

മിശിഹായുടെ മനുഷ്യാവ താര രഹസ്യത്തിൽ പങ്കുചേർന്നു കൊണ്ട് ദൈവജനം ആരംഭിക്കുന്ന വിശ്വാസതീർത്ഥാടനം തിരുസ്സഭയുടെ സ്വർഗ്ഗീയ മഹത്വ രഹസ്യത്തിൽ പൂർത്തിയാകും വിധമാണ് ആരാധനാവത്സരം സംവിധാനം ചെയ്തിരി ക്കുന്നത്.

**4. നാമഹേതുക തിരുനാൾ & പൗരോഹിത്യ രജതജൂബിലിയും മെത്രാഭിഷേക വാർഷികവും**

നവംബർ 30നു നാമഹേതുക തിരുനാൾ ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. നവംബർ 18നു മെത്രാഭിഷേക ഒന്നാം വാർഷികം ആഘോഷിക്കുന്ന അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന് അതിരൂപതയുടെ പ്രാർത്ഥനാശംസകൾ നേരുന്നു. അന്നേ ദിവസങ്ങളിൽ അതിരൂപതയിലെ എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മധ്യേ പിതാക്കന്മാർക്കുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമപ്പെടുത്തുന്നു.

നവംബർ 29–ാം തിയതി ഉച്ചകഴിഞ്ഞ് 2 മണിയ്ക്ക് ഡി.ബി.സി.എൽ.സിയിൽ വെച്ച്

നടത്തപ്പെടുന്ന മാർ ടോണി നീലങ്കാവിൽ പിതാവിന്റെ പൗരോഹിത്യ രജതജൂബിലിയും അനുമോദന സമ്മേളന ത്തിലും എല്ലാ വൈദികരും പാസ്റ്ററൽ കൗൺസിൽ അംഗ ങ്ങളും സന്യസ്തപ്രതിനിധി കളും നടത്തു കൈക്കാരന്മാരും പങ്കെടുക്കേണ്ടതാണ്.

**5. 25 നോമ്പ്:**

നവംബർ 30 പാതിരാമുതൽ 25 നോമ്പാരംഭിക്കുന്നു. നോമ്പി ലൂടെ ആത്മശുദ്ധി നേടി പ്രാർത്ഥനാപൂർവ്വം ഈശോ യുടെ പിറവിക്കായി നമുക്ക് ഒരു ങ്ങാം. ഡിസംബർ 1 മുതൽ 25 വരെ വിവാഹാഘോഷങ്ങൾക്ക് മുടക്കമാണെന്ന വിവരം ബഹു. അച്ചന്മാർ ജനങ്ങളെ ഓർമ്മപ്പെ ടുത്തുമല്ലോ.

**6. സന്യസ്ത ജൂബിലി 2018**

നവംബർ 24 ശനിയാഴ്ച്ച രാവിലെ 10.00ന് ഡി.ബി.സി. എൽ.സി.യിൽ അതിരൂപത സന്യസ്ത രജത-സുവർണ്ണ ജൂബിലി ആഘോഷിക്കുന്നു.

**7. പാസ്റ്ററൽ കൗൺസിൽ അവാർഡ് ദിനം :**

അതിരൂപതയുടെ ഈ വർഷ ത്തെ അവാർഡുദിന പരിപാടി കൾ 2018 നവംബർ 10-ാം തിയതി ശനിയാഴ്ച ഡി.ബി. സി.എൽ.സി. ഓഡിറ്റോറിയ ത്തിൽ വച്ച് നടത്തുന്നു.

**8. വൈദിക മാസധ്യാനം:**

വൈദികരുടെ മാസധ്യാനം നവം ബർ 29 ന് രാവിലെ 10 മുതൽ ഡി.ബി.സി.എൽ.സി. യിൽ നട ത്തുന്നു.

**9. ഓഫീസ് അവധി :**

2018 ഡിസംബർ 20 മുതൽ 2019 ജനുവരി 6 വരെ അതിരൂപതാ കാര്യാലയത്തിന് അവധി യായിരിക്കും. ഈ ദിവസങ്ങളിൽ അടിയന്തിരഹർജികൾ മാത്രമേ സ്വീകരിക്കുകയുള്ളൂ.

**10. Live and Learn Programme :**

അതിരൂപതാ വൈദികർക്കുള്ള ഈ വർഷത്തെ **Live and Learn Programme** 2018 നവം ബർ **19, 20 തിയതികളിൽ** ഡി. ബി.സി.എൽ.സി.യിൽ സംഘടി പ്പിക്കുന്നു. എല്ലാ ബഹു. വൈദി കരും പങ്കെടുക്കുവാൻ പ്രത്യേകം താത്പര്യപ്പെടുന്നു.

**11. വൈദികനിയമനം :**

1. ഫാ. അലൻ ഊക്കൻ SDV –സഹായി നെല്ലിക്കുന്ന് ഒഴിവായി; സാധുത 2018 ആഗസ്റ്റ് 31 മുതൽ.

2. ഫാ. അജീഷ് പെരിഞ്ചേരി – പഠനാവധി 2 വർഷം, നടത്തു വികാരി കിള്ളിമംഗലം ഒഴിവായി; സാധുത 2018 സെപ്തംബർ 13 മുതൽ.

3. ഫാ. ഡേവിഡ് നെറ്റിക്കാടൻ –നടത്തുവികാരി കിള്ളി മംഗലം;

സാധുത 2018 സെപ്തംബർ 13 മുതൽ.

4. ഫാ. അനിൽ അക്കര SDV – പ്രീസ്റ്റ് – ഇൻ – ചാർജ്ജ് വലക്കാവ്; സാധുത 2018 സെപ്തംബർ 24 മുതൽ നവംബർ 30 വരെ.

5. ഫാ. ബിജോ ചാലിശ്ശേരി – Suspended from All Priestly Ministry w.e.f. 11.09.2018

6. ഫാ. ടെഡ്സ് കുന്നപ്പിള്ളി – പഠനാവധി; വികാരി പൂത്തറക്കൽ & എഫ്. സി. സി. കപ്ലോൻ ഒഴിവായി; സാധുത 2018 ഒക്ടോബർ 3 മുതൽ.

7. ഫാ. ജിൻസൻ ചിരിയങ്കണ്ടത്ത് –നടത്തുവികാരി പൂത്തറക്കൽ & എഫ്. സി. സി. കപ്ലോൻ ; സാധുത 2018 ഒക്ടോബർ 3 മുതൽ.

8. ഫാ. ജിമ്മി എടക്കുളത്തൂർ –നടത്തുവികാരി വാണിയമ്പാറ ഒഴിവായി; സാധുത 2018 ഒക്ടോബർ 3 മുതൽ.

9. ഫാ. പോൾ മാളിയമ്മാവ് –നടത്തുവികാരി വാണിയമ്പാറ കൂടി, സഹവികാരി പുത്തൂർ ഒഴിവായി; സാധുത 2018 ഒക്ടോബർ 3 മുതൽ.

10. ഫാ. ഡൈജോ പൊറുത്തൂർ –പ്രൊമോട്ടർ ഓഫ് ജസ്റ്റിസ് കൂടി; സാധുത 2018 സെപ്തംബർ 11 മുതൽ.

11. ഡീ. മാത്യു താടിക്കപ്പറമ്പിൽ OCD –ഡീക്കൻ മിനിസ്ട്രി പടവരാട്; സാധുത 2018 സെപ്തംബർ 1 മുതൽ നവംബർ 30 വരെ.

**മാർ ടോണി നീലങ്കാവിൽ**
അതിരൂപത സഹായമെത്രാൻ &
പ്രോട്ടോ–സിഞ്ചെല്ലൂസ്

## മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നവംബർ മാസത്തെ പരിപാടികൾ

# NOVEMBER 2018

| Date | Day | Time | Description |
|---|---|---|---|
| 01 | Thu | Afternoon | St. Francis Convent Blessing at Mundur. |
| 02 | Fri | Morning | All Departed Souls Day- Holy Mass at Lourdes Cathedral; Curia Meeting |
| | | Evening | Engaged; Finance Council |
| 03 | Sat | Morning | 5th Child Baptism& Holy Mass at Thoykkavu; Golden Jubilee Celebration of Rev. Fr. Francis Edakkalathur at Basalica; Silver Jubilee Celebration of Rev. Fr. Johnson Chalissery at Christina Home |
| | | Afternoon | Cris Gold Meeting |
| | | Evening | Home Day Celebration at Marymatha |
| 04 | Sun | Morning | Holy Mass at Tholoor |
| | | Afternoon | Archdiocesan Youth Meet at DBCLC |
| 05 | Mon | Morning | **For Priests and Religious** |
| | | Evening | Ecumenical Meeting at Archbishops House |

| | | | |
|---|---|---|---|
| 06 | Tue | Morning | Mar George Alappat Memorial Holy Mass at Lourdes Cathedral; |
| | | Curia Meeting; | |
| | | | Trustees' Meeting at DBCLC; |
| | | Golden Jubilee Holy Mass | |
| | | | at CHF Convent, Olarikkara |
| | | Afternoon | Teachers Guild Meet at Family Apostolate |
| | | Evening | Engaged |
| 07 | Wed | Morning | Engaged |
| | | Afternoon | Deepkia Meeting |
| | | Evening | Bible Convention Ianuguration at Aranattukara |
| 08 | Thu | Morning | **For the people** |
| | | Afternoon | Ekopana Samathi Yogam |
| | | Evening | Sneha Sangamam at Lourdes |
| 09 | Fri | Morning | Curia Meeting |
| | | Evening | Engaged |
| 10 | Sat | Morning | Home Day-Holy Mass at St. Mary's Minor Seminary |
| | | Afternoon | Pastoral Council Award Day Celebration |
| | | Evening | Home Day- Minor Seminary |
| 11 | Sun | Morning | Pontifical Holy Mass at Lourdes Cathedral |
| | | Afternoon | Golden Jubilee Celebration of Vincent De Paul of Velur Forane at Eranellur |
| 12-13 | | | New Delhi |
| 14 | Wed | Morning | Deacons' Conference<br>Daivashabdam Convention Silver Jubilee Holy Mass and Inauguration at Sakthan Nagar |
| 15 | Thu | Morning | Forane Vicars' Meeting |
| | | Afternoon | PAROC Trist Meeting |
| 16 | Fri | Morning | Curia Meeting; **For Priests & Religious** |
| 17 | | | Inter Province Pastoral Council Meeting |

| | | | |
|---|---|---|---|
| 18 | Sun | Morning | Pastoral Visit at Engadiyur |
| | | Evening | Jubilee Concluding Ceremony at Trikkur |
| ഫാ. അൽജോ കരേരക്കാട്ടിൽ | 05 |
| മോൺ. ജോർജ്ജ് കോമ്പാറ | 08 |
| ഫാ. ജോർജ്ജ് എടക്കുളത്തൂർ | 11 |
| ഫാ. സോണി കിഴക്കൂടൻ | 12 |
| ഫാ. ജോസ് തത്രത്തിൽ | 12 |
| ഫാ. സനൽ മാളിയേക്കൽ | 14 |
| ഫാ. റോയ് വേളക്കൊമ്പിൽ | 14 |
| ഫാ. റോജോ എലുവത്തിങ്കൽ | 15 |
| ഫാ. സനോജ് അറങ്ങാശ്ശേരി | 18 |
| ഫാ. ലിജോ ചാലിശ്ശേരി | 18 |
| ഫാ. സെബി കവലക്കാട്ട് | 20 |
| ഫാ. ക്രിസ്റ്റോൺ പെരുമാട്ടിൽ | 20 |
| മോൺ. ജോസഫ് കാക്കശ്ശേരി | 22 |
| ഫാ. ജസ്റ്റിൻ കൈതാരത്ത് | 23 |
| ഫാ. ജോർജ്ജ് തേർമഠം | 23 |
| ഫാ. ടിങ്കിൾ വാഴപ്പിള്ളി | 25 |
| ഫാ. ഫ്രാങ്കോ കവലക്കാട്ട് | 25 |
| ഫാ. ജോസ് ഐനിക്കൽ | 28 |

## നാമഹേതുകതിരുനാൾ

| | | | |
|---|---|---|---|
| ഫാ. തോബിയാസ് ചാലക്കൽ | 02 | ഫാ. ക്ലമന്റ് വാഴപറമ്പിൽ | 23 |
| ഫാ. മാർട്ടിൻ കൊളമ്പ്രത്ത് | 03 | ഫാ. ആൻഡ്രൂസ് കുറ്റിക്കാട്ട് | 30 |

## ചരമദിനങ്ങൾ

| | |
|---|---|
| ഫാ. വറീത് കടവി | 04-11-1890 |
| ഫാ. ഗീവർഗ്ഗീസ് തെക്കേക്കര | 07-11-1933 |
| ഫാ. ആന്റണി മഞ്ഞളി | 09-11-1895 |
| ഫാ. ജോസഫ് ഇരിമ്പൻ | 09-11-1957 |
| ഫാ. ഔസേപ്പ് കാച്ചപ്പിള്ളി | 09-11-1893 |
| ഫാ. സെബാസ്റ്റ്യൻ തേക്കാനത്ത് | 10-11-1987 |
| ഫാ. പോൾ അമ്പൂക്കൻ | 11-11-1969 |
| ഫാ. ജോസഫ് ചിറയത്ത് | 12-11-1946 |
| ഫാ. ജോർജ്ജ് പുളിക്കൻ | 14-11-1854 |
| ഫാ. പോൾ ആലപ്പാട്ട് | 14-11-1920 |
| ഫാ. ജോസ് മേനാച്ചേരി | 15-11-1954 |
| ഫാ. ജോൺ കിഴക്കൂടൻ | 15-11-1960 |
| ഫാ. ജേക്കബ് അന്തിക്കാട്ട് | 16-11-1980 |
| ഫാ. സെബാസ്റ്റ്യൻ വെള്ളാനിക്കാരൻ | 17-11-1971 |
| ഫാ. ജോൺ ഊക്കൻ | 20-11-1944 |
| ഫാ. ജോസഫ് ചാലിശ്ശേരി | 20-11-1967 |
| ഫാ. ആന്റണി ചെമ്മണ്ണൂർ | 23-11-2000 |
| ഫാ. ആന്റണി പാണേങ്ങാടൻ | 21-11-2008 |
| ഫാ. ജോസഫ് മുണ്ടശ്ശേരി | 04-11-2014 |
| ഫാ. പീറ്റർ പാലയൂർ | 21-11 -2015 |
| ഫാ. ജോൺ കൊള്ളന്നൂർ | 20-11-2017 |



## ■ സന്യസ്തർ

**സി. ആർ. ഐ. വാർത്തകൾ – സെപ്റ്റംബർ 2018**

പ്രളയദുരിതത്തിൽ കഷ്ടപ്പെടുന്നവരുടെ ഭവനങ്ങൾ സന്ദർശിക്കുന്നതിനും അവർക്ക് കൗൺസിലിംഗ് നൽകുന്നതിനും സിസ്റ്റേഴ്സിനെ ഒരുക്കുന്നതിന് ഒരു ദിവസത്തെ പ്രോഗ്രാം സി. ആർ. ഐ. യുടെ നേതൃത്വത്തിൽ മണ്ണുത്തി ഹോളി ഫാമിലി ജനറലേറ്റിൽ സംഘടിപ്പിച്ചു. വിവിധ സമർപ്പിത സമൂഹങ്ങളിൽനിന്നും 100പേർ പ്രോഗ്രാമിൽ പങ്കെടുത്തു. കേരള കത്തോലിക്കാസഭ സങ്കീർണ്ണമായ പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന ഈ അവസരത്തിൽ സമർപ്പിതർക്കുള്ള ആശങ്ക പങ്കുവെയ്ക്കുന്നതിനും പ്രാർത്ഥനാസഹായം വാഗ്ദാനം ചെയ്യാനുമായി തൃശ്ശൂർ അതിരൂപതയിലെ മേജർ സുപ്പീരിയേഴ്സ് സി. ആർ. ഐ.യുടെ നേതൃത്വത്തിൽ 25–ാം തിയതി ഹോളി ഫാമിലി പ്രൊവിൻഷ്യൽ ഹൗസിൽ ഒന്നിച്ചുകൂടി. 30ന് തൃശ്ശൂർ സെന്റ് മേരീസ് കോളേജ് ഓഡിറ്റോറിയത്തിൽ നടന്ന സമർപ്പിതരുടെ പ്രാർത്ഥനാ കൂട്ടായ്മയിൽ വിവിധസമർപ്പിത സമൂഹങ്ങളിൽ നിന്നും എഴുന്നൂറോളം സിസ്റ്റേഴ്സ് സംബന്ധിക്കുകയും ജപമാല പ്രാർത്ഥനയിലും ആരാധനയിലും പങ്കെടുത്ത് ശക്തിയാർജ്ജിക്കുകയും ചെയ്തു. അഭിവന്ദ്യ ആൻഡ്രൂസ് പിതാവ് പ്രാർത്ഥനാ കൂട്ടായ്മ ഉദ്ഘാടനം ചെയ്ത് സംസാരിച്ചു.

**സി. എം. സി.**

നെന്മണിക്കര, പുതുക്കാട്, മണലൂർ എന്നീ ഇടവകകളിൽ തൃശ്ശൂർ രൂപതയുടെ Save Thrissur പദ്ധതിയോട് സഹകരിച്ച് 15 സിസ്റ്റേഴ്സ് പ്രളയ ബാധിത പ്രദേശങ്ങളിലെ വീടുകൾ സന്ദർശിച്ച് അവർക്ക് ആശ്വാസം പകർന്ന് നല്കി. 15ന് സി.എം.സി. മാനേജ്മെന്റിന്റെ Pre-Primary Section ലെ ടീച്ചേഴ്സിനായി S.H.C.E.M.L.P.S ൽ നടന്ന ഒരു ദിവസത്തെ സെമിനാർ പ്രൊവിൻഷ്യൽ സുപ്പീരിയർ സി. അനി

ജ ഉദ്ഘാടനം ചെയ്തു. സി. മേരി ജോസ്, സി. സ്റ്റെന്നി ഗ്രെയ്സ് എന്നി വർ നയിച്ച ക്ലാസ്സുകൾ ടീച്ചേഴ്സിന് പുതിയ ഉണർവ്വ് നല്കി. ആദ്യവ്രതം ചെയ്ത് 30-40 വർഷമായവർക്ക് കോലഴി പ്രൊവിൻഷ്യൽ ഹൗസിൽ 20 മുതൽ നടന്ന 4 ദിവസത്തെ കോഴ്സിന് ബഹു. ഫാ. ജോസ് വെട്ടിക്കാട്ട് ഒ. എഫ്. എം. നേതൃത്വം നല്കി.

**എഫ്.സി.സി**

75 വയസ്സിനു മുകളിലുള്ള സിസ്റ്റേഴ്സിനായി സെപ്റ്റംബർ 1-ാം തീയതി രാവിലെ 10 മണി മുതൽ 12:30pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ നടന്ന മീറ്റിംഗിൽ ധാരാളം പേർ സംബന്ധിച്ചു. 8-ാം തീയതി മരത്താക്കര ബ്ലസഡ് സാക്രമെന്റ് കോൺവെന്റിൽ വെച്ച് നടന്ന ഫോർമേഷൻ ഡെ ആഘോഷങ്ങളിൽ പ്രൊവിൻഷ്യൽ ടീം, ഫോർമേഷൻ കമ്മിറ്റി അംഗങ്ങൾ, പ്രൊവിൻഷ്യൽ വൊക്കേഷൻ പ്രൊമോട്ടേഴ്സ് എന്നിവർ പങ്കെടുത്തു. സെപ്റ്റംബർ 9-ാം തീയതി ഞായറാഴ്ച 2 pm മുതൽ 4pm വരെ അസ്സീസി പ്രൊവിൻഷ്യൽ ഹൗസിൽ വെച്ച് നടന്ന പ്ലീനറി കൗൺസിൽ മീറ്റിംഗിൽ എല്ലാ അംഗങ്ങളും സംബന്ധിച്ചു. സെപ്റ്റംബർ 21-ാം തീയതി പ്രോവിൻസ് ഡെ ആഘോഷപരിപാടിയുടെ ഭാഗമായി നടന്ന പച്ചക്കറി, പറമ്പ്, പൂക്കൾ മത്സരത്തിൽ സമ്മാനാർഹരായ എല്ലാ ഭവനങ്ങൾക്കും സമ്മാനങ്ങൾ നൽകി. കൂടാതെ 'കലയുടെ സാന്ത്വനതീരം' ബൊക്കെ പ്രദർശനം തൃശൂർ സെന്റ് ക്ലെയേഴ്സ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ടു.

**സി. എസ്. എസ്.**

പ്രളയക്കെടുതിയോടനുബന്ധിച്ച് ജനറലേറ്റിലും പ്രൊവിൻഷ്യൽ ഹൗസിലും അഖണ്ഡ ആരാധനയും ജപമാലയും നടത്തി. ഹോളിസ്പിരിറ്റ് ജനറലേറ്റിന്റേയും സ്നേഹോദയ പ്രോവിൻസിന്റേയും കീഴിൽ പ്രളയബാധിത പ്രദേശങ്ങൾ സന്ദർശിക്കുകയും മെഡിക്കൽക്യാമ്പുകൾ നടത്തുകയും വിവിധ സഹായങ്ങൾ നൽകുകയും ചെയ്തു. മണ്ണുത്തി സ്നേഹദീപ്തി സ്പെഷ്യൽ സ്കൂളിൽ 20 ദിവസത്തോളം ദുരിതാശ്വാസക്യാമ്പ് തുറന്ന് പ്രവർത്തിച്ചിരുന്നു.

അഭിവന്ദ്യ പിതാവിന്റെ ആഹ്വാനമനുസരിച്ച് സെപ്തംബർ 30-ാം തിയ്യതി തൃശൂർ സെന്റ് മേരീസ് കോളേജിൽ വെച്ച് നടത്തിയ പ്രാർത്ഥനാകൂട്ടായ്മയിൽ സമരിറ്റൻ സിസ്റ്റേഴ്സ് 25 പേർ പങ്കെടുത്തു. പ്രൊവിൻഷ്യൽ സുപ്പീരിയർ റവ. സി. സോഫിയയും, സി. ലിസ്യുവും തൃശൂർ ആർച്ച് ബിഷപ്പ് ഹൗസിൽവെച്ച് നടന്ന മേജർ സുപ്പീരിയേഴ്സിന്റെ മീറ്റിംഗിൽ പങ്കെടുത്തു. തൃശൂർ സി. ആർ. ഐ. യുടെ നേതൃത്വത്തിൽ മണ്ണുത്തി ഹോളിഫാമിലി ജനറലേറ്റിൽ വെച്ച് Flood Relief ന്റെ ഭാഗമായി നടത്തിയ കൗൺസിലിംഗ് ഓറിയൻന്റേഷൻ

പ്രോഗ്രാമിൽ 5 സിസ്റ്റേഴ്സ് പങ്കെടുത്തു.

**സി. എച്ച്. എഫ്**

നവജ്യോതി പ്രോവിൻസിന്റെ നേതൃത്വത്തിൽ പള്ളിക്കുന്ന്, എറവ് തുടങ്ങിയ ഇടവകകൾ ദുരിതാശ്വാസപ്രവർത്തനത്തിന്റെ ഭാഗമായി ഓരോ വീടും സന്ദർശിക്കുകയും കൗൺസിലിങ്ങ് നടത്തുകയും പ്രാർത്ഥിക്കുകയും ചെയ്തു. അമല മെഡിക്കൽ കോളേജിന്റേയും ജില്ലാ മെഡിക്കൽ ഓഫീസറുടേയും നേതൃത്വത്തിൽ നടത്തിയ മെഡിക്കൽ ക്യാമ്പുകളിലും ഏങ്ങണ്ടിയൂർ, പറപ്പൂർ, ചേറ്റുവ, വാടാനപ്പള്ളി, പൂവത്തുശ്ശേരി എന്നീ സ്ഥലങ്ങളിൽ നടത്തിയ ദുരിതാശ്വാസ ക്യാമ്പുകളിലും ഡോ. സി. ജൂലിയ പങ്കെടുത്തു.

**സി. എസ്. എം.**

മണ്ണംപേട്ട ജനറലേറ്റിൽ വച്ച് 2018 സെപ്തംബർ 1 മുതൽ 3 വരെ ബ.ഫാ. റ്റോബി SJ & Team നയിച്ച Empowerment Programme ൽ 90 സിസ്റ്റേഴ്സ് പങ്കെടുത്തു. തൃശ്ശൂർ അതിരൂപതാ സഹായമെത്രാൻ അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ രജത ജൂബിലി കൃപാഭവൻ ജനറലേറ്റിൽ ആഘോഷിച്ചു. സി. ആർ. ഐ. യുടെ നേതൃത്വത്തിൽ പ്രളയബാധിത പ്രദേശങ്ങളായ വാടാനപ്പിള്ളി, നെടുപുഴ, ചാഴൂർ, അത്താണി എന്നീ ഇടവകകളിൽ സിസ്റ്റേഴ്സ് ഹോം മിഷൻ നടത്തി. Y's Man Clubന്റെ അഭിമുഖ്യത്തിൽ അഞ്ചേരി, മർത്താ മെഡിക്കൽ ക്ലിനിക്കിന്റെ (MMC) നേതൃത്വത്തിൽ, പ്രമേഹ രോഗികൾക്കായി പട്ടിക്കാട് പ്രദേശത്ത് മെഡിക്കൽ ക്യാമ്പ് നടത്തി. 14ന് പ്രോവിൻസ് ഡേയോട് അനുബന്ധിച്ച് 13 മണിക്കൂർ ജപമാലയും, ദ്യവ്യബലിയും, രജത കനക ജൂബിലി ആഘോഷിച്ച സിസ്റ്റേഴ്സിന് സ്വീകരണവും നൽകി.

**എസ്. എ. ബി. എസ്.**

കഴിഞ്ഞ മൂന്നു വർഷത്തെ പ്രോവിൻസിന്റെ പ്രവർത്തനങ്ങൾ വിലയിരുത്താനായി സുപ്പീരിയർ ജനറൽ വെരി. റവ. മദർ ഗ്രെയ്സ് പെരുമ്പനാനി, ജനറൽ കൗൺസിലേഴ്സ് സി. അനറ്റ് ചാലങ്ങാടി, സി. മേഴ്സിറ്റ കണ്ണമ്പുഴ എന്നിവർ പ്രൊവിൻഷ്യൽ ഹൗസ് സന്ദർശിച്ചു. പ്രൊവിൻഷ്യൽ ടീം അംഗങ്ങളും വിവിധ ഭവനസമൂഹങ്ങളിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളും Evaluation Meetingൽ പങ്കെടുത്തു. സെപ്തംബർ 10ന് പ്രൊവിൻഷ്യൽ സുപ്പീരിയേഴ്സിനും സോഷ്യൽ വർക്ക് ഇൻചാർജ് കൗൺസിലേഴ്സിനുമായി ജനറലേറ്റിൽ വച്ച് നടത്തിയ മീറ്റിംഗിൽ പ്രൊവിൻഷ്യൽ സുപ്പീരിയർ മദർ ലിറ്റിൽ മരിയ തെക്കേക്കര, കൗൺസിലർ സി. മാർഗരറ്റ് കൊള്ളന്നൂർ എന്നിവർ സംബന്ധിച്ചു.

## ആദരാഞ്ജലികൾ



**എഫ്.സി.സി.** മരത്താക്കര ബ്ലസഡ് സാക്രമെന്റ് ഭവനാംഗമായ ബ. സി. ഫ്ളവററ്റ് സെപ്റ്റംബർ 21നു നിര്യാതയായി. 22–ാം തീയതി രാവിലെ 10 മണിക്ക് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ മരത്താക്കര ബ്ലസഡ് സാക്രമെന്റ് മഠം കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.



**എഫ്.സി.സി.** ഏങ്ങണ്ടിയൂർ സെന്റ് വിൻസെന്റ് ഭവനാംഗമായ ബ.സി. റോസ്മേരി സെപ്റ്റംബർ 22നു നിര്യാതയായി. 23–ാം തീയതി രാവിലെ 8.30 ന് തൃശൂർ അതിരൂപത മെത്രാപ്പോലീത്ത അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ പ്രധാന കാർമ്മികത്വത്തിൽ ഏങ്ങണ്ടിയൂർ ഐ.ജെ. മഠം കല്ലറയിൽ മൃതദേഹം സംസ്കരിച്ചു.

**സി. നമിത റോസ് സി.എം.സി**
സെക്രട്ടറി

നല്ല വിത്തുകൾ വിതയ്ക്കുന്നവൻ മനുഷ്യപുത്രനാണ്. വയൽ ലോകവും നല്ല വിത്ത് രാജ്യത്തിന്റെ പുത്രന്മാരും കളകൾ ദുഷ്ടന്മാരുടെ പുത്രന്മാരുമാണ്. *മത്താ. 13: 37–38*



# പാലയൂർ തീർഥകേന്ദ്രം

I. **മുപ്പിട്ടുഞായർ തിരുനാളും**
**ദണ്ഡവിമോചനം വിശ്വാസകവാടം സ്ഥാപനവാർഷികവും മാർതോമാ ആഗമനം അനുസ്മരണവും നവംബർ 10, 11 തിയതികളിൽ :**

പേപ്പൽ ഡിക്രിയിലൂടെ ഭാരതത്തിന്റെ വിശ്വാസകവാടം എന്ന പദവി പാലയൂരിന് ലഭിക്കുകയും ദണ്ഡവിമോചനത്തോടുകൂടിയ മാർതോമാ വിശ്വാസകവാടം പാലയൂർ പള്ളിയിൽ സ്ഥാപിക്കപ്പെടുകയും ചെയ്തതിന്റെ വാർഷികവും, മാർതോമാശ്ലീഹാ മുസ്സീരിസ്സിൽ കപ്പലിറങ്ങി, ജലമാർഗ്ഗം തന്നെ വഞ്ചിക്കടവിൽ (ബോട്ടുകുളം) വന്നിറങ്ങി, പാലയൂരിൽ ആഗതനായതിന്റെ 1966 –ാം വാർഷികവും നവംബറിലെ മുപ്പിട്ടുഞായർ തിരുനാളും, 10,11 തിയതികളിൽ ലളിതമായും ഭക്തിനിർഭരമായും ആഘോഷിക്കുകയാണ്.

നവംബർ 10 ശനി – 5.00 pm – ദണ്ഡവിമോചന നവീകരണശുശ്രൂഷ, വിശുദ്ധ കുർബ്ബാന, തിരുനാൾ കർമ്മങ്ങൾ, തിരുശേഷിപ്പു വണക്കം, വിശ്വാസകവാടം പ്രവേശനം

നവംബർ 11 – ഞായർ, 6.30 am – മുഖ്യകാർമ്മികൻ – അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ, അതിരൂപതാ സഹായമെത്രാൻ

ബോട്ടുകുളം ചാപ്പലിൽ തിരുശേഷിപ്പു പ്രതിഷ്ഠ, തിരുശേഷിപ്പു പ്രദക്ഷിണം, മാർ തോമ കുരിശിങ്കൽ തിരി തെളിയിക്കൽ, വചന മണ്ഡപ



ത്തിൽ പ്രഘോഷണം, ദണ്ഡവി മോചന ശുശ്രൂഷ. തിരുനാൾ കുർബ്ബാന, പ്രബോധന സന്ദേശം, വിശ്വാസ തീർത്ഥാടനം, തളിയക്കുളത്തിൽ ആചാരക്കുളി, നേർച്ചഭക്ഷണം

10.30 am– വി. കുർബ്ബാന, നേർച്ചഭക്ഷണം, തിരുനാൾ കർമ്മങ്ങൾ, ദണ്ഡവിമോചന ശുശ്രൂഷ, വിശ്വാസ തീർത്ഥാടനം, നേർച്ചഭക്ഷണം

2.30 pm – തളിയക്കുളത്തിൽ ആഘോഷമായ മാമ്മോദീസ, പ്രദക്ഷിണം

3.30 നും 5.30നും വിശുദ്ധ കുർബ്ബാന, തിരുനാൾ കർമ്മങ്ങൾ, തിരുശേഷിപ്പു വണക്കം, വിശ്വസകവാടം പ്രവേശനം, വിശ്വാസ തീർത്ഥാടനം

a. 11–ാം തിയതി രാത്രി 8 മണി വരെ, യോഗ്യതാപൂർവ്വം വിശ്വാസകവാടത്തിലൂടെ പ്രവേശിച്ച് ദണ്ഡവിമോചനം പ്രാപിക്കാൻ സാധിക്കുന്നതാണ്.

b. തളിയക്കുളത്തിലെ ആഘോഷമായ മാമോദീസയിൽ പങ്കെടുക്കുന്നതിന് 2–ാം തീയതിക്കുമുമ്പ് രജിസ്റ്റർ ചെയ്യേണ്ടതാണ്.

c. കൊച്ചുകുട്ടികൾക്ക് ആദ്യത്തെ ചോറൂണ് മുപ്പിട്ടു ഞായറാഴ്ച രാവിലെ 8 മണിക്ക് നടത്തും. 5–ാം തീയതിക്കുമുമ്പ് ബുക്ക് ചെയ്യേണ്ടതാണ്

d. വചന മണ്ഡപത്തിൽ നിയോഗത്തോടെ വചനം വായിക്കുന്നതിന് തിരുകർമ്മങ്ങളുടെ സമയത്തൊഴികെ മറ്റെല്ലായ്പ്പോഴും സാധിക്കുന്നതാണ്. മുൻകൂറായി ബുക്ക് ചെയ്യുന്നവർക്ക് നൽകപ്പെട്ട സമയത്ത്, കാത്തുനിൽക്കാതെ, വചനം വായിക്കാവുന്നതാണ്.

e. മുപ്പിട്ടു ഞായറാഴ്ച 2.30 മുതൽ കുമ്പസാരിക്കുന്നതിനും, കുർബ്ബാനയൊഴികെയുള്ള സമയങ്ങളിൽ സമർപ്പണം (അടിമയിരുത്തൽ) നടത്തുന്നതിനും സൗകര്യമുണ്ടായിരിക്കുന്നതാണ്.

f. 11–ാം തിയതി മാർതോമ ക്രിസ്ത്യൻ കൾച്ചറൽ മ്യൂസിയം 5.30 വരേയും, തളിയക്കുളവും ചിന്നമല സ്മാരകവും ബോട്ടുകുളവും 6.30 വരേയും സൗജന്യമായി കാണുന്നതിന് സൗകര്യമുണ്ടായിരിക്കുന്നതാണ്.

g. ദണ്ഡവിമോചനം വിശ്വാസകവാടവും വചനമണ്ഡപവും രാത്രി 8 മണിവരേയും ഉണ്ടായിരിക്കും.

**II. മാർതോമാ ചൊവ്വാഴ്ച ആചരണം**

വചനപ്രഘോഷണം, വി. കുർബ്ബാന, നേർച്ചഭക്ഷണം, മാർതോമ നൊവേന, സമർപ്പണം, കുമ്പസാരം, കൗൺസലിംഗ്, ആരാധന, മദ്ധ്യസ്ഥ പ്രാർത്ഥന, സാക്ഷ്യങ്ങൾ, ശിരസ്സിൽ കൈവെച്ച് ആശീർവാദം, തിരുശേഷിപ്പുവണക്കം എന്നിവയോടു കൂടി ചൊവ്വാഴ്ചകളിൽ

10 മുതൽ 3.30വരെ നടത്തുന്നു. 6,13,20,27 തിയതികളിൽ.

**III. സകല വിശുദ്ധരുടേയും തിരുനാൾ**

നവംബർ 1–ാം തിയതി വൈകിട്ട് 5 മണിക്ക്, വിശുദ്ധ കുർബ്ബാന, വേസ്പര, സംയുക്ത പ്രദക്ഷിണം, ദീപാവലി എന്നിവയോടുകൂടി തീർത്ഥകേന്ദ്രത്തിൽ ആഘോഷിക്കുന്നു.

**IV. ബൈബിൾ മാസാചരണം** :

ഡിസംബർ 1–ാം തിയതി ഉദ്ഘാടനം

1. ബൈബിൾ പഠനക്ലാസുകൾ, ബൈബിൾ പാരായണം, ബൈബിൾ വിചിന്തനം, ബൈബിൾ ക്വിസ്സ്, ബൈബിൾ ചിത്രീകരണങ്ങൾ എന്നിവയോടുകൂടി ബൈബിൾ മാസാചരണം ആചരിക്കുന്നു.
2. ബൈബിൾ ക്ലാസ് വിജയകരമായി പൂർത്തീകരിക്കുന്നവർക്ക് സർട്ടിഫിക്കറ്റ് നൽകുന്നതാണ്

**ഫാ. ജോസ് പുന്നോലിപ്പറമ്പിൽ**
റെക്ടർ

GO AND PREACH TO ALL THE NATIONS
THRISSUR CATECHETICAL CENTRE

# മതബോധനം

## കുട്ടികൾക്കുള്ള കത്ത്

ഈശോയിൽ ഏറ്റം പ്രിയ കുട്ടികളേ,

മനുഷ്യന്റെ ജീവതലക്ഷ്യത്തെ കുറിച്ച് ധ്യാനിക്കാൻ സഭ നമ്മെ ക്ഷണിക്കുന്ന കാലഘട്ടമാണ് പള്ളിക്കൂദാശ. ആരാധനക്രമവത്സരത്തിലെ അവസാന കാലഘട്ടമാണ് പള്ളിക്കൂദാശകാലം ഈ മാസത്തിൽ നാം ആഘോഷിക്കുന്ന ചില പ്രധനപ്പെട്ട തിരുനാളുകളെ കുറിച്ച് നിങ്ങളുമായി പങ്കുവക്കാനാണ് ഞാനീ കത്ത് എഴുതുന്നത്.

സകല വിശുദ്ധരുടെ തിരുനാൾ (നവംബർ 1), സകല മരിച്ചവരുടെയും ഓർമ്മതിരുനാൾ (നവംബർ 2), ക്രിസ്തുവിന്റെ രാജത്വതിരുനാൾ

(നവംബർ 20) എന്നീ തിരുനാളുകൾ ഈ കാലഘട്ടത്തിലെ പ്രത്യേകതകളാണ്. ഈ തിരുന്നാളുകൾക്കെല്ലാം പൊതുവായ ഒരു അർത്ഥമുണ്ട് ആത് മനുഷ്യന്റെ ജീവതലക്ഷ്യത്തെ കുറിച്ചാണ്.

യോഹന്നാന്റെ സുവിശേഷത്തിലെ 14–ാം അധ്യായം 1 മുതലുള്ള വാക്യങ്ങളിൽ യേശു തന്റെ ലക്ഷ്യത്തെ കുറിച്ച് പറയുന്നുണ്ട്. ഇഹലോകജീവിതവാസം കഴിഞ്ഞ് മനുഷ്യരക്ഷ സാധ്യമാക്കി പിതാവിന്റെ ഭവനത്തിലേക്ക് ഈശോ തിരിച്ചു പോകുന്ന കാര്യം തന്റെ പ്രിയപ്പെട്ട ശിഷ്യന്മാരോട് സൂചിപ്പിക്കുന്ന ഒരു വിവരണമുണ്ട് ബൈബിളിൽ. മനുഷ്യനെ രക്ഷിക്കുന്നത് തന്റെ പീഡാനുഭവത്തിലൂടെയും കുരിശുമരണത്തിലൂടെയും ഉത്ഥാനത്തിലൂടെയുമാണെന്ന് മൂന്ന് പ്രാവശ്യം അവരോട് മുൻകൂട്ടി പ്രവചിച്ചു. ഇത് കേട്ടയുടനെ ശിഷ്യന്മാർ അസ്വസ്ഥരായി. തങ്ങളുടെ ഗുരു തങ്ങളെ പിരിഞ്ഞു പോകുന്നു; അതും വലിയ കുറ്റവാളിയെപ്പോലെ കുരിശുമരണത്തിലൂടെ. താൻ മനുഷ്യനെ രക്ഷിക്കുന്നത് തന്റെതന്നെ ജീവൻ നൽകിയാണെന്നും (യോഹ. 10) അടിമകളെ മോചിപ്പിക്കുന്നതുപോലെ മോചനദ്രവ്യമായി മാറിയിട്ടാണെന്നും (മത്താ. 20:28) ലോകത്തിന്റെ പാപങ്ങൾ നീക്കുന്ന ദൈവത്തിന്റെ കുഞ്ഞാടാണെന്നും (യോഹ. 1:29) യേശു അവരോട് പറഞ്ഞത് അവർക്ക് വ്യക്തമായി മനസ്സിലായിട്ടുണ്ടായിരുന്നില്ല. പേടിച്ചു പോയ ശിഷ്യന്മാരോട് യേശു പറഞ്ഞു: “നിങ്ങളുടെ ഹൃദയം അസ്വസ്ഥമാകേണ്ട. ദൈവത്തിൽ വിശ്വസിക്കുവിൻ; എന്നിലും വിശ്വസിക്കുവിൻ” (യോഹ. 14:1). താൻ മനുഷ്യവർഗ്ഗത്തിന് രക്ഷയേകി പിതാവിന്റെ ഭവനത്തിൽ സ്ഥലമൊരുക്കാൻ പോകുകയാണെന്നും പിതാവിന്റെ ഭവനത്തിൽ യേശുവിനോടു കൂടെ ശിഷ്യരും എല്ലാ മനുഷ്യരും ആയിരിക്കുമെന്നും പറഞ്ഞു. അതും അവർക്ക് മനസ്സിലായില്ല (യോഹ. 14:2). പിതാവിന്റെ ഭവനത്തിലേക്ക് കൂട്ടികൊണ്ടു പോകാൻ താൻ വീണ്ടും വരുമെന്നും യേശു പറഞ്ഞു (യോഹ. 14:3). താൻ പഠിപ്പിച്ച എല്ലാ കാര്യങ്ങളും പിതാവിന്റെ ഭവനത്തിലേക്കുള്ള മാർഗമാണെന്നും പറഞ്ഞു (യോഹ. 14:4) കൃത്യമായി മനസ്സിലാകാതെ വന്ന ശിഷ്യന്മാരിൽ തോമാശ്ലീഹാ തന്റെ ആത്മാർത്ഥത കൊണ്ട് ഉള്ളുതുറന്നു ചോദിച്ചു: “കർത്താവേ, നീ എവിടേക്കു പോകുന്നു എന്ന് ഞങ്ങൾക്ക് അറിഞ്ഞുകൂടാ. പിന്നെ വഴി ഞങ്ങളെങ്ങനെ അറിയും” (യോഹ. 14:5). അപ്പോഴാണ് യേശു ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും സൃഷ്ടിക്കപ്പെട്ട (ഉത്. 1:26) എല്ലാ മനുഷ്യരുടെയും ജീവിതലക്ഷ്യം പിതാവിന്റെ ഭവനത്തിൽ – സ്വർഗ്ഗത്തിൽ ദൈവത്തിന്റെ കൂടെ നിത്യമായി – എത്തിച്ചേരുകയാണ് എന്ന് പഠിപ്പിച്ചത് (യോഹ. 14:6). ഈ ജീവ

നിലേക്കുള്ള സത്യമായ വഴി യേശുതന്നെയാണെന്ന് അസന്നിഗ്ദമായി പഠിപ്പിച്ചു.

സകലവിശുദ്ധരും പിതാവിന്റെ ഭവനത്തിൽ ലക്ഷ്യം ചേർന്ന് എത്തിയവരാണ്. അവരെ വണങ്ങി കൊണ്ടാണ് നാം നവംബർ മാസം ആരംഭിക്കുന്നത്. പരിശുദ്ധരായിട്ടുള്ളവരല്ലാതെ ആർക്കും സ്വർഗ്ഗത്തിൽ പ്രവേശിക്കാൻ സാധ്യമല്ല. ശുദ്ധീകരണസ്ഥലമുണ്ട്. സ്വർഗ്ഗത്തിന് അർഹരെങ്കിലും മരിക്കുന്ന സമയത്ത് പൂർണ്ണമായ പരിശുദ്ധി ഇല്ലെങ്കിൽ അത്തരം ആത്മാക്കളെ പൂർണ്ണമായി ശുദ്ധീകരിക്കുന്ന അവസ്ഥയാണിതെന്ന് സഭ പഠിപ്പിക്കുന്നു. ഒരു വ്യക്തി മരിച്ചതിന് ശേഷം സ്വയമേവ മാനസാന്തരപ്പെടാനോ ശുദ്ധീകരിക്കാനും സാധ്യമല്ല. എന്നാൽ ജീവിച്ചിരിക്കുന്നവരായ നമ്മുടെ പ്രാർത്ഥനകളും പരിഹാരപ്രവൃത്തികളും പരോപകാര പ്രവർത്തികളും അവരുടെ ശുദ്ധീകരണത്തിന് സഹായകമാകും. അതുകൊണ്ടാണ് മരിച്ചവിശ്വാസികൾക്കു വേണ്ടി പ്രാർത്ഥിക്കുന്നതും നവംബർ 2 മരിച്ചവരുടെ ഓർമ്മയായി ആചരിക്കുന്നതും.

ഒരുപാട് കഷ്ടപ്പാടുകൾ സഹിച്ചാണെങ്കിലും മനുഷ്യരക്ഷ എന്ന വലിയ ദൗത്യം നിറവേറ്റിയവനാണ് ഈശോ. എന്നാൽ അവിടുത്തെ പിഞ്ചെല്ലുന്ന നമുക്ക് ലക്ഷ്യത്തെക്കുറിച്ചുള്ള അവബോധം നഷ്ടപ്പെടുന്നു. മനുഷ്യന്റെ വിവിധ അന്ത്യങ്ങളായ മരണത്തെകുറിച്ചും വിധിയെ കുറച്ചും ശേഷമുള്ള നരകത്തെയും ഈശോ നമ്മുക്കു വേണ്ടി ഒരുക്കിയ പിതാവിന്റെ ഭവനമായ സ്വർഗ്ഗത്തെയും കുറിച്ച് ചിന്തിക്കാൻ അധികമാരും ധൈര്യം കാണിക്കുന്നില്ല. അതുകൊണ്ട് എന്ത് ചെയ്യണം, എങ്ങിനെ പ്രവർത്തിക്കണം, എന്തിന് വേണ്ടി പ്രവർത്തിക്കണം, ആരെ കേൾക്കണം, ഏതാണ് സത്യം, എങ്ങിനെ ജീവിക്കണം എന്ന് ചിന്തിക്കാതെ കടന്നു പോകുന്ന ഒരുപാട് മനുഷ്യരെ നമ്മുക്കു ചുറ്റും കാണാം. അവർക്ക് ദൈവത്തെ കുറിച്ച് ചിന്തയില്ല, നമ്മുക്കു ചുറ്റുമുള്ളവർ ദൈവത്തിന്റെ മക്കളാണെന്നും, നമ്മുടെ സഹോദരരാണെന്നും വിചാരമില്ല. സദാ സമയവും പാപത്തിൽ മുഴുകി, മറ്റുള്ളവരുമായി വഴക്കിലും, വിദ്വേഷത്തിലും സമാധാനമില്ലാതെ ജീവിക്കുന്നു. സ്വർഗ്ഗത്തെ സ്വപ്നം പോലും കാണാൻ കഴിയാതെ ജീവിതം മുഴുവൻ നിരാശയിൽ കഴിയുന്നു. അവർക്ക് ഈ ഭൂമിയിൽ തന്നെ നരകമാരംഭിക്കുകയാണ്.

എന്നാൽ പ്രാർത്ഥനയിലും, ദൈവവിശ്വാസത്തിലും, സഹോദരസ്നേഹത്തിലും വളരുന്ന നമ്മൾ പതിയെ പതിയെ തിൻമകളെ തോൽപ്പിച്ച് സമാധാന രാജാവായ യേശുവിന്റെ രാജ്യത്തിലേക്ക് നടന്നടുക്കുന്നു. മാതാപിതാക്കളെ അനുസരിച്ചും, നന്നായി പഠിച്ചും, മറ്റുള്ളവർക്ക് നന്മയും ചെയ്ത് ജീവിക്കുന്ന നമ്മുക്ക് ഈ ഭൂമിയിൽ

തന്നെ സ്വർഗ്ഗം ആരംഭിക്കുന്നു.

യേശു പറഞ്ഞു: “എന്റെ രാജ്യം ഐഹികമല്ല” (യോഹ. 18:36). ക്രിസ്തുവിന്റെ രാജത്വതിരുനാളിന്റെ അർത്ഥം ഇതാണ്. ഈ ഭൂമിയിൽ വച്ചുതന്നെ നാം യേശുവിനെ നമ്മുടെ ദൈവവും നാഥനും രക്ഷകനും രാജാവുമായി സ്വീകരിക്കണം. ക്രിസ്തുരാജത്വ തിരുനാൾ ദിവസം “ജയ് ജയ് ക്രിസ്തുരാജൻ” എന്നാർപ്പു വിളികളോടെ ക്രിസ്തുരാജനിലുള്ള നിങ്ങളുടെ വിശ്വാസം റാലികളിലൂടെയും മതബോധന ദിനാചരണങ്ങളിലൂടെയും പ്രകടിപ്പിക്കുമെന്ന് വിശ്വസിക്കുന്നു.



**മാർ ആൻഡ്രൂസ് താഴത്ത്**
തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത

# മതബോധനവാർത്തകൾ

മതാധ്യാപകരുടെ മധ്യസ്ഥനായ വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മതാധ്യാപകദിനമായി ആഘോഷിക്കുകയാണല്ലോ ഈ മാസം 4 ന്. എല്ലാ അധ്യാപകർക്കും പ്രാർത്ഥനാപൂർവ്വം ആശംസകൾ നേരുന്നു. അർദ്ധവാർഷിക പരീക്ഷകളും യൂണിറ്റ് വിസിറ്റുകളും നന്നായി പൂർത്തിയാക്കിയ അധ്യാപകർക്കും വിദ്യാർത്ഥികൾക്കും അഭിനന്ദനങ്ങളും നന്ദിയും നേരുന്നു.

ക്രിസ്തുരാജന്റെ തിരുനാൾ ആഘോഷിക്കുന്ന മാസംകൂടിയാണല്ലോ നവംബർ. ആരാധനക്രമവത്സരത്തിൽ വിശുദ്ധീകരിക്കപ്പെട്ട സഭയുടെ മഹത്വീകരണം അനുഭവവേദ്യമാകുന്ന സമയമാണ്. മരണത്തെയും മഹത്വത്തെയും കുറിച്ചുള്ള ചിന്തകൾ ഇടകലരുന്ന വേള. തിന്മയുടെ സ്വാധീനങ്ങളും പ്രലോഭനങ്ങളും നമുക്കുചുറ്റിലും ശക്തിപ്പെടുന്ന ഈ കാലഘട്ടത്തിൽ നന്മയുടെ വെളിച്ചമായി, ക്രിസ്തുരാജന്റെ കൊടിക്കീഴിൽ, സഭയിൽ അണിനിരക്കാൻ ഈ അവസരങ്ങൾ ഏവർക്കും പ്രചോദനമാകട്ടെ.

**1. വി. ചാൾസ് ബൊറോമിയായുടെ തിരുനാൾ മംഗളങ്ങൾ**

ഈ തിരുനാൾ നവംബർ 4–ാം തിയ്യതി സമുചിതമായി യൂണിറ്റുകളിൽ ആചരിക്കുമല്ലോ. മാതാപിതാക്കളിലും കുട്ടികളിലും മതാധ്യാപനത്തിന്റെ മഹത്വവും മധ്യസ്ഥന്റെ മാതൃകയും മനസ്സിലാക്കുവാൻ ഈ അവസരം ഉപയോഗപ്പെ ടുത്താം.

2. **മതബോധന അർദ്ധവാർഷിക പുന:പരീക്ഷ**

വാർഷികപ്രോഗ്രം പേജ് 52 –3.8 ൽ പറഞ്ഞ കാരണങ്ങൾ കൊണ്ട് പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കുള്ള പുന: പരീക്ഷകൾ നവംബർ 4–ാം തിയ്യതി 2pm - 4pm വരെ ആയിരിക്കും നടക്കുക. അതതു യൂണിറ്റുകളിൽ തന്നെയാണ് പരീക്ഷ നടത്തേണ്ടത്. ഇപ്രകാരമുള്ള പരീക്ഷാഫലം റാങ്കിനോ, സ്കോളർഷിപ്പിനോ മറ്റു സമ്മാനങ്ങൾക്കോ പരിഗണിക്കുന്നതല്ല. അതിരൂപതാ കേന്ദ്രത്തിൽ നിന്നും മുൻകൂട്ടി അനുവാദം വാങ്ങി മാറ്റിവയ്ക്കപ്പെട്ട യൂണിറ്റുകൾക്ക് ഇത് ബാധകമല്ല. നവംബർ 2 മുതൽ ചോദ്യപേപ്പർ മതബോധനകേന്ദ്രത്തിൽ നിന്നും പ്രധാനാധ്യാപകർ കൊണ്ടുപോകേണ്ടതാണ്.

3. **Std. VII പ്രതിഭാ പരിശീലന ക്യാമ്പ്**

7–ാം ക്ലാസ്സിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട വിദ്യാർത്ഥികൾക്കുള്ള പ്രതിഭാപരിശീലന ക്യാമ്പ് നവംബർ 11–ന് കാലത്ത് 9.30 മുതൽ ഉച്ചതിരിഞ്ഞ് 4.30 വരെ മതബോധനകേന്ദ്രത്തിൽ വച്ച് നടത്തുന്നതാണ്. 9.15 ന് കുട്ടികൾ എത്തിച്ചേരണം.

4. **മിശിഹായുടെ രാജത്വ ത്തിരുനാൾ – നവംബർ 25 ഞായർ**

പതാക ഉയർത്തി എല്ലാ യൂണിറ്റുകളിലും ആഘോഷമായ ദിവ്യബലിയോടും ക്രിസ്തുരാജ റാലിയോടും കൂടി ഈ തിരുനാൾ സമുചിതമായി ആഘോഷിക്കുന്നത് യേശു രാജാധിരാജനാണ് എന്നത് കുട്ടികളുടെ മനസ്സിൽ ആഴമായി പതിയുന്നതിന് സഹായകമായിരിക്കും.

5. **റോളിംഗ് ട്രോഫി**

മോഡൽ യൂണിറ്റുകൾക്കുള്ള റോളിംഗ് ട്രോഫികൾ തിരിച്ചേൽപ്പിക്കേണ്ട അവസാന തിയ്യതി നവംബർ 30 ആണ്.

6. **അർദ്ധവാർഷിക പരീക്ഷയും പ്രോഗ്രസ് റിപ്പോർട്ടും**

ഈ അധ്യയനവർഷത്തെ അർദ്ധവാർഷിക പരീക്ഷ അവസാനിച്ചുവല്ലോ. മാതാപിതാക്കൾക്ക് പ്രോഗ്രസ്സ് റിപ്പോർട്ട് കൊടുക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമായെടുക്കണം. വാർഷിക പ്രോഗ്രാമിൽ പറഞ്ഞ കാര്യങ്ങൾ കൃത്യമായിതന്നെ ചെയ്യുവാൻ ഹെഡ്മാസ്റ്റർ, സെക്രട്ടറി, ക്ലാസ്സ് ടീച്ചർ എന്നിവർ സഹകരിച്ച് പ്രവർത്തിക്കുക.

7. **ആപ്റ്റിറ്റ്യൂഡ് : പുനഃപരീക്ഷ**

യൂണിറ്റുതലത്തിൽ പരീക്ഷ എഴുതുവാൻ സാധിക്കാത്തവർക്കും തോറ്റവർക്കും 2018 ഡിസംബർ 9 ഞായറാഴ്ച അവരവരുടെ യൂണിറ്റുകളിൽ തന്നെ പുനഃപരീക്ഷ നടത്തുന്നതായിരിക്കും. പരീക്ഷാ പേപ്പർ

ഡിസംബർ 5–ാം തിയ്യതി ബുധനാഴ്ച്ച മുതൽ ഇവിടെ നിന്നും കൊണ്ടുപോകാവുന്നതാണ്. സമയം: 3 PM – 4.30 PM

8. **ആപ്റ്റിറ്റ്യൂഡ് അതിരൂപതാതല പരീക്ഷ:**

തിയതിയും സമയവും : 2018 ഡിസംബർ 9 ഞായർ, 2.30 PM – 4.30 PM സ്ഥലം : മതബോധനകേന്ദ്രം

**അതിരൂപതാതല പരീക്ഷയിൽ പങ്കെടുക്കാവുന്നവർ**

1) ഓരോ യൂണിറ്റിൽനിന്നും ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തി (ഒരാൾമാത്രം)

2) യൂണിറ്റിൽ ഏറ്റവും കൂടുതൽ മാർക്കുവാങ്ങിയ വ്യക്തിക്കുപുറമേ, 88 ശതമാനമോ അതിനു മുകളിലോ മാർക്കുള്ളവരുണ്ടെങ്കിൽ അവർക്കും പങ്കെടുക്കാം.

3). യൂണിറ്റുതല പരീക്ഷയ്ക്കുശേഷം എല്ലാ അധ്യാപകരുടേയും മാർക്കുകൾ നവംബർ 11 നു മുമ്പായി സോഫ്റ്റ് വെയർ വഴി അപ്പ്ലോഡ് ചെയ്യേണ്ടതാണ്. അതിരൂപതാതല പരീക്ഷക്ക് യോഗ്യരായവരെ നവംബർ 18 നു മുമ്പായി സോഫ്റ്റ് വെയറിൽ സെലക്ട് ചെയ്യേണ്ടതാണ്.

4). അതിരൂപതാതല പരീക്ഷയ്ക്ക് സെലക്ട് ചെയ്ത അധ്യാപകർക്കുള്ള ഹാൾടിക്കറ്റ് സോഫ്റ്റ് വെയർ വഴി പ്രിന്റ് എടുത്ത് അതുമായാണ് അതിരൂപതാതല പരീക്ഷക്ക് വരേണ്ടത്.

**അതിരൂപതാതല പരീക്ഷയ്ക്കുള്ള അധികപാഠ്യഭാഗം** (Additional Portion):

ഫ്രാൻസിസ് മാർപാപ്പയുടെ "ആനന്ദിച്ച് ആഹ്ലാദിക്കുവിൻ" (Gaudete et Exsultate) എന്ന അപ്പസ്തോലിക ആഹ്വാനമായിരിക്കും. അധികപാഠ്യഭാഗത്തെക്കുറിച്ച് അതിരൂപതാതല പരീക്ഷയ്ക്കുള്ള അധ്യാപകരെ നേരത്തെത്തന്നെ അറിയിക്കുമല്ലോ. പുസ്തകം DBCLC യിലെ റിലീജിയസ് സ്റ്റാളിൽ ലഭ്യമാണ്.

9. **താഴെപ്പറയുന്ന വിവരങ്ങൾ സോഫ്റ്റ് വെയറിൽ കൃത്യമാക്കി എന്ന് ഉറപ്പുവരുത്തുക**

1. Std. XII Students Registration
2. Staff List & Service Records
3. Half Yearly Examination Mark List of all Classes
4. Attendance of all Students of all Classes
5. Aptitude Examination Mark List & Staff Selection

10. **യൂണിറ്റ് വിസിറ്റ്**

എല്ലാ യൂണിറ്റുകളിലും യൂണിറ്റ് വിസിറ്റ് പൂർത്തിയാക്കിയല്ലോ. അതിനോടുസഹകരിച്ച എല്ലാവർക്കും നന്ദി. ക്ലേശകരമായ ഈ ദൗത്യം ത്യാഗപൂർവ്വം നിർവ്വഹിച്ച വിസിറ്റ് അംഗങ്ങളോടും അവരെ ഈ ദൗത്യത്തിനായി വിട്ടുതന്ന യൂണിറ്റധികാരികളോടും വിസിറ്റിന് ആവശ്യ

മായ ക്രമീകരണങ്ങൾ ചെയ്ത ബഹു. വികാരിമാരോടും പ്രധാനാ ധ്യാപകരോടും സെക്രട്ടറിമാരോടും പ്രത്യേകം നന്ദി അറിയിക്കുന്നു.

**11. യൂണിറ്റ് വിസിറ്റംഗങ്ങളുടെ യോഗം**

ഈ വർഷം യൂണിറ്റ് വിസിറ്റിനുപോയ എല്ലാ അംഗങ്ങളുടെയും ഒരു യോഗം 2018 നവംബർ 18 ഞായറാഴ്ച്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് DBCLCയിൽ കൂടുന്നതാണ്. എല്ലാ അംഗങ്ങളെയും ക്ഷണിക്കുന്നു.

Fr. Tens Kunnappilly
Fr. Rijo Vithayathil
Fr. Royson Kollannur
Asst. Directors

Fr. Raphael Akkamattathil
Director

AND PREACH TO ALL THE NATIONS
TRICHUR INSTITUTE OF THEOLOGY

## Institute of THEOLOGY

(Phone : 0487- 2333245, Mob : 9188131341)
E-mail: institute.of.theology@gmail.com

## 1. B.A. in Theology and Religious Studies:

ഞായറാഴ്ചകളിൽ 2 PM മുതൽ 5 PMവരെയും രണ്ടാം ശനി യാഴ്ചകളിലും പൊതു അവധി ദിവസങ്ങളിലും 9:30AM മുതൽ 5 PMവരെയും ആയിരിക്കും ക്ലാസ്സുകൾ. ഈ കോഴ്സിൽ ചേരാൻ ആഗ്രഹിക്കുന്നവർ കൂടുതൽ വിവരങ്ങൾക്ക് Institute of Theology Office- മായി ബന്ധപ്പെടുക.

## 2. Correspondence Theology Course:

കറസ്പോണ്ടൻസ് തിയോളജി കോഴ്സിന്റെ 2017–2018 Batch കാർക്ക് യുണിവേഴ്സിറ്റി പരീക്ഷകൾ നടന്നു. ഈ കോഴ്സ്

വിജയകരമായി പൂർത്തിയാക്കിയവർക്ക് അഭിനന്ദനങ്ങൾ. കറസ്പോണ്ടൻസ് തിയോളജിയുടെ അടുത്ത ക്ലാസ്സുകൾ നവംബർ 11, നവംബർ 25 എന്നീ ഞായറാഴ്ച്ചകളിൽ 2 PM മുതൽ 5 PM വരെയായിരിക്കും. Paper I, Paper II ന്റെ പരീക്ഷകൾ (One Year & Two Years) November 10, 24 എന്നീ ദിവസങ്ങളിൽ 2 PM മുതൽ 4 PM വരെ ആയിരിക്കും. Re-examനുള്ള dates പിന്നീട് അറിയിക്കുന്നതായിരിക്കും.

### 3. Basic Theology Course :

സന്യാസാർത്ഥിനികൾക്കുള്ള മൂന്നുമാസത്തെ ബേസിക് തിയോളജി കോഴ്സ് 2019 ജനുവരി 7-ന് (തിങ്കൾ) ആരംഭിക്കുന്നു. ഡിസംബർ 15നു മുമ്പായി Registration നടത്തുമല്ലോ. വിശദവിവരങ്ങൾക്ക് ഡി. ബി. സി. എൽ. സി.-യിലെ തിയോളജി ഓഫീസുമായി ബന്ധപ്പെടുക.

**ഫാ. റാഫേൽ ആക്കാമറ്റത്തിൽ**
ഡയറക്ടർ




# മേരിമാത സെമിനാരി

**മാസധ്യാനം**

എക്സ്പോഷർ പ്രോഗ്രാമിനൊരുക്കമായിട്ടുള്ള മാസധ്യാനം സെപ്തംബർ 14, 15 എന്നി ദിവസങ്ങളിൽ നടന്നു. ബഹു. ഫാ. ഡിറ്റോ കൂള ധ്യാനചിന്തകൾ പങ്കുവച്ചു. പ്രാർത്ഥനാപൂർവ്വം ത്യാഗസന്നദ്ധതയോടെ എക്സ്പോഷർ പ്രോഗ്രാമിന് ഒരുങ്ങേണ്ടതെങ്ങനെയെന്ന് തന്റെ അനുഭവങ്ങളുടെ വെളിച്ചത്തിൽ അദ്ദേഹം ഊന്നിപ്പറഞ്ഞു.

**ഡീക്കന്മാരുടെ മിഷൻ പരിശീലനം**

പൗരോഹിത്യസ്വീകരണത്തിനുള്ള ഏറ്റവും അടുത്ത ഒരുക്കത്തിലായിരിക്കുന്ന ഡീക്കന്മാർ മിഷൻ അനുഭവ

ങ്ങൾ സ്വായത്തമാക്കാൻ മോൺസിഞ്ഞോർ വർഗ്ഗീസ് ഞാളിയത്തച്ചനോടൊപ്പം സെപ്തംബർ 15–ാം തിയ്യതി ഉജ്ജയ്നിലേക്ക് യാത്ര തിരിച്ചു. ബഹു. ഫാ. ഡേവിസ് കാവുങ്കൽ MST യുടെ നേതൃത്വത്തിലുള്ള വൈദികരാണ് മിഷൻ ദൈവശാസ്ത്രത്തെക്കുറിച്ചുള്ള ക്ലാസുകൾ നൽകിയതും മിഷൻ പ്രദേശങ്ങൾ സന്ദർശിക്കാൻ ഡീക്കന്മാർക്ക് അവസരമൊരുക്കിയതും. മൂന്ന് ആഴ്ചകൾ ദീർഘിച്ചതായിരുന്നു ഡീക്കന്മാരുടെ മിഷൻ പരിശീലനം.

**വൈദികരുടെ വാർഷികധ്യാനം**

തൃശ്ശൂർ അതിരൂപതയിലെ വൈദികരുടെ വാർഷികധ്യാനം സെപ്തംബർ 16–21; 23–28 എന്നി ദിവസങ്ങളിൽ മേരിമാതാ മേജർ സെമിനാരിയിൽ വച്ച് നടന്നു. ചങ്ങനാശ്ശേരി അതിരൂപത സഹായമെത്രാൻ മാർ തോമസ് തറയിൽ പിതാവായിരുന്നു ധ്യാനം നയിച്ചത്. അതിരൂപത വൈദികസമ്മേളനവും സെപ്തംബർ 28 – ാം തിയ്യതി ഇവിടെ വച്ച് നടത്തപ്പെട്ടു.

**എക്സ്പോഷർ പ്രോഗ്രാം**

അദ്ധ്വാനിക്കുന്ന മനുഷ്യരുടെ ആവശ്യങ്ങളും ആകുലതകളും തിരിച്ചറിഞ്ഞ് അവരെ ഫലപ്രദമായി അനുധാവനം ചെയ്യാൻ വേണ്ട അനുഭവസമ്പത്ത് ആർജ്ജിക്കാൻ മേരിമാതായിലെ വൈദികവിദ്യാർത്ഥികൾ വിവിധ ഗ്രൂപ്പുകളിലായി തൃശ്ശൂർ, പാലക്കാട്, എറണാകുളം ജില്ലകളിലെ പല പ്രദേശങ്ങളിൽ സെപ്തംബർ 16 മുതലുള്ള ഒരാഴ്ചക്കാലം ജോലികൾ ചെയ്തു. ജീവിതത്തിന്റെ പരുക്കൻ യാഥാർത്ഥ്യങ്ങൾ നേരിട്ടറിഞ്ഞ അവർ തങ്ങൾക്കു കിട്ടിയ വേതനം മുഴുവൻ പ്രളയ ദുരിതത്തിലകപ്പെട്ടവർക്കായി ചെലവഴിച്ചു.

**പുതിയ സെമസ്റ്റർ**

പരീക്ഷകൾക്കും എക്സ്പോഷർ പ്രോഗ്രാമിനും ശേഷം സെപ്തംബർ 22–ാം തിയ്യതി ആരംഭിച്ച അവധിക്കാലം കഴിഞ്ഞ് ഒക്ടോബർ 5–ാം തിയ്യതി വൈദികവിദ്യാർത്ഥികൾ സെമിനാരിയിൽ തിരിച്ചെത്തി. വാർഷികധ്യാനത്തിനുശേഷം ഒക്ടോബർ 12–ാം തിയ്യതി മുതൽ ക്ലാസ്സുകൾ തുടങ്ങി.

**വൈദികവിദ്യാർത്ഥികളുടെ വാർഷികധ്യാനം**

ഒക്ടോബർ 7 മുതൽ 12 വരെയുള്ള ദിവസങ്ങളിൽ വൈദികവിദ്യാർത്ഥികൾ വാർഷികധ്യാനത്തിലായിരുന്നു. കൂടുതൽ അവധാനതയോടെ പരിശീലനം തുടരാൻ സെമിനാരി വിദ്യാർത്ഥികളെ പര്യാപ്തമാക്കുന്ന വിധത്തിൽ

ധ്യാനം നയിച്ച റവ. ഡോ. തോമസ് കോഴിമല MCBS വിശുദ്ധഗ്രന്ഥ ത്തിൽ നിന്നും തിരുസ്സഭാപഠനങ്ങളിൽ നിന്നും തന്റെ അനുഭവങ്ങളിൽ നിന്നും പക്വമായ ഉൾക്കാഴ്ചകൾ പങ്കുവച്ചു.

**ബേഴ്സ് സ്ഥാപിച്ചവർ**

**Patron Membership**

1. Mrs. & Mr. Dixon, Nottath House, Anchery.
2. Msgr. Francis J. Duffy, Our Lady of Mercy Church, Whippany, USA.

**Wellwisher Membership**

1. Mr. P. V. Francis, Pullokkaran House, Chevoor.
2. Mr. T. C. Davis, Tharakan House, Arimpoor.

**ഫാ. ജെയ്സൺ കൂനംപ്ലാക്കൽ**
റെക്ടർ



# മൈനർ സെമിനാരി

1. **മാസധ്യാനം**
   ഡിഗ്രി വിദ്യാർത്ഥികൾക്കായി ഒക്ടോബർ 5,6 തിയതകളിൽ ഫാ. ജോൺസൻ കുണ്ടുകുളവും മൈനർസെമിനാരി വിദ്യാർത്ഥികൾക്കായി ഒക്ടോബർ 12,13 തിയതികളിൽ ഫാ. ജെസ്റ്റിൻ തടത്തിൽ എന്നിവർ ധ്യാന ചിന്തകൾ നല്കി.
2. **അഭിവന്ദ്യ പിതാക്കന്മാരുടെ ദിവ്യബലിയർപ്പണങ്ങൾ**
   ഒക്ടോബർ 7, 20 തിയതികളിൽ യഥാക്രമം അഭിവന്ദ്യ മാർ ജെയ്ക്കബ് തൂങ്കുഴി പിതാവും അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവും സെമിനാരി കുടുംബത്തോടൊപ്പം ദിവ്യബലിയർപ്പിക്കുകയും സന്ദേശം നല്കുകയും ചെയ്തു.
3. **ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ**
   8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്കുവേണ്ടി ഏകദിന ജീവിത മാർഗ്ഗദർശന സെമിനാറുകൾ തൃശ്ശൂർ സെ. മേരീസ്

മൈനർ സെമിനാരിയിൽ സംഘടിപ്പിക്കുന്നു. 2018 നവംബർ 17, 24, ഡിസംബർ 1 എന്നീ തിയതികളിൽ യഥാക്രമം 8,9,10 എന്നീ ക്ലാസ്സുകളിൽ പഠിക്കുന്ന ആൺകുട്ടികൾക്ക് രാവിലെ 9 മണി മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ സെമിനാറുകൾ നടത്തപ്പെടുന്നു. താത്പര്യമുള്ള കുട്ടികളെ സെമിനാറിൽ പങ്കെടുപ്പിക്കുവാൻ ബഹു. അച്ചന്മാരും മതാധ്യാപകരും ശ്രദ്ധിക്കുമല്ലോ.

**ബേഴ്സ് സ്ഥാപിച്ചവർ**

1. മാതൃസംഘം, സെ. ജോസഫ് ചർച്ച്, അമലനഗർ.
2. ശ്രീമതി ഷീബ ആന്റോ, വെണ്ണാട്ടുപറമ്പിൽ ഹൗസ്, പുതുക്കാട്.
3. ശ്രീമതി ബീന ലിയോൺസൻ, കരേപറമ്പൻ ഹൗസ്, പടവരാട്.
4. ശ്രീ. ജോയ് തലക്കോട്ടൂർ, വൈലത്തൂർ.
5. The Catechism Students, Sacred Heart Church, Erumappetty.
6. ശ്രീമതി മേഗി ജോസ്, തേലപ്പിള്ളി ഹൗസ്, തൃശ്ശൂർ.

**ഫാ. ഡൊമിനിക് തലക്കോടൻ**
റെക്ടർ




# ജൂബിലി മിഷൻ മെഡിക്കൽ കോളേജ് & റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്

ഗൈനക്കോളജി ബിരുദാനന്തരബിരുദ വിദ്യാർത്ഥികൾക്കായി അഖിലേന്ത്യാതലത്തിൽ വർഷംതോറും നടത്തിവരാറുള്ള ഫോക്കസ് 2018 സെപ്റ്റംബർ 24 മുതൽ 28 വരെ ജൂബിലി മിഷൻ മെഡിക്കൽ കോളേജിൽ നടത്തപ്പെട്ടു. 2006 ആഗസ്റ്റ് മുതൽ തുടങ്ങിയ ഈ പരിശീലന പരിപാടി അതിന്റെ പന്ത്രണ്ടാം വർഷത്തിലെത്തിനിൽക്കുമ്പോൾ ഇന്ത്യയിലെ തന്നെ സമാനപരിപാടികളുടെ ഒന്നാം

നിരയിലെത്തിക്കഴിഞ്ഞി രിക്കുന്നു. കാശ്മീർ മുതൽ ഇങ്ങോട്ട് ഏതാണ്ട് അഞ്ഞൂറോളം വിദ്യാർത്ഥികൾ പങ്കെടുക്കുന്ന ഈ പഞ്ചദിന പരിപാടി നടത്തുന്നത് ഡോ. വി. പി പൈലി, ഡോ. സറീന ഗിൽവാസ് എന്നിവർ നേതൃത്വം നൽകുന്ന ജൂബിലി മിഷനിലെ ഗൈനക്കോളജി വിഭാഗമാണ്.

മെഡിക്കൽ കോളേജുകളുടെ എണ്ണം കൂടുകയും വിദ്യാഭ്യാസം യാന്ത്രികമാവുകയും ചെയ്യുന്ന ഈ ഘട്ടത്തിൽ സ്വാഭാവികമായും പഠനനിലവാരം താഴുന്നുവോ എന്ന ആശങ്ക പരക്കെ നിലനിൽക്കുന്നുണ്ട്. അഖിലേന്ത്യാതലത്തിലെ ഏറ്റവും മികച്ച കോളേജുകളിൽ നിന്നുള്ള പ്രഗത്ഭരായ അദ്ധ്യാപകരെ ഒരുമിപ്പിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവന്ന് വിദ്യാർത്ഥികൾക്ക് ക്ലാസ്സെടുക്കാനുള്ള ഒരു അവസരം ഉണ്ടാക്കുക എന്ന ആശയത്തിൽ നിന്നാണ് ഫോക്കസിന്റെ പിറവി. ഡൽഹി, ചെന്നൈ, അഹമ്മദാബാദ്, ബാംഗ്ലൂർ, വെല്ലൂർ, ജിപ്മർ എന്നിവടങ്ങളിലെ പ്രഗത്ഭരായ പ്രൊഫസർമാർക്കൊപ്പം കേരളത്തിലെ മെഡിക്കൽ കോളേജുകളിലെ ഗൈനക്കോളജി വിഭാഗം മേധാവികളും കൂടി അണിനിരക്കുന്ന ഈ ശിൽപശാല രോഗലക്ഷണങ്ങൾ, ചികിത്സാരീതികൾ എന്നിവയിലെ പരമ്പരാഗതവും നൂതനവുമായ എല്ലാ പ്രവണതകളേയും വിശകലനം ചെയ്യുന്നു. ഡോ. അശോക് കുമാർ (മൗലാന ഹോസ്പിറ്റൽ, ന്യൂഡൽഹി), ഡോ. ഹരേഷ് ദോഷി (ബി.ജെ. മെഡിക്കൽ കോളേജ്, അഹമ്മദാബാദ്), ഡോ. ലക്ഷ്മി ശേഷാദ്രി (വെല്ലൂർ), ഡോ.അൽക്ക കൃപലാനി (ഡൽഹി), ഡോ. അരുണ കേക്രേ (ബാംഗ്ലൂർ), ഡോ. ഹബീബുള്ള (ജിപ്മർ, പോണ്ടിച്ചേരി), ഡോ. മുരളീധർ പൈ (മണിപാൽ) തുടങ്ങിയ പ്രമുഖ ഡോക്ടർമാർ ക്ലാസുകൾ നയിച്ചു. സാധാരണ പരിപാടികളിൽ നിന്ന് വ്യത്യസ്തമായി ഇത് ബിരുദാനന്തരബിരുദ വിദ്യാർത്ഥികളെ മാത്രം ഉദ്ദേശിച്ചിട്ടുള്ളതാണ് എന്നത് പുതുതലമുറയെ ശരിയായ രീതിയിൽ വാർത്തെടുക്കുക എന്ന ലക്ഷ്യമാണ് കാണിക്കുന്നത്. യാഥാർത്ഥ പരീക്ഷാരീതിപോലെ കേസ് അവതരിപ്പിക്കാനും സംവാദത്തിനും വിദ്യാർത്ഥികൾക്ക് അവസരം നൽകുകയും ചെയ്യുന്നുണ്ട്.

ഗർഭധാരണം, ഗർഭാശയ രോഗങ്ങൾ, നൂതന ശസ്ത്രക്രിയകൾ എന്നിവയെ സംബന്ധിച്ച എല്ലാ വിവരങ്ങളും വീഡിയോ, പവർ പോയന്റ് എന്നിവയുടെ സഹായത്തോടെ രാവിലെ 8 മുതൽ വൈകുന്നേരം 6 വരെ നീളുന്ന ഈ പരിപാടി തൃശ്ശൂർ സബ് കളക്റ്റർ ശ്രീമതി രേണു രാജ് ഉദ്ഘാടനം ചെയ്തു.

**ജേർണൽ ക്ലബ്ബ്**

ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിന്റെ ആഭിമുഖ്യത്തിലുള്ള മുപ്പത്തിരണ്ടാമത്

ജേർണൽ ക്ലബ്ബ് മീറ്റിങ്ങ് ന്യൂ സി.സി.എം. ഹാളിൽ നടന്നു. ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ച് വിദ്യാർത്ഥിയായ മിസ്റ്റർ സനീഷ് പ്രസാദ് ജോസ് ആണ് പ്രബന്ധം അവതരിപ്പിച്ചത്. ജനിതക ഘടകങ്ങളായ ന്യൂക്ലിയോടൈഡുകളിൽ വരുന്ന നേരിയ മാറ്റങ്ങൾ (Single Nucleotide polymorphism) ചികിത്സയുടെ പുരോഗതിയെ നിർണ്ണയിക്കുന്ന ഘടകങ്ങളായി തിരിച്ചറിഞ്ഞുകൊണ്ടിരിക്കുകയാണ്. ADRB2i ജീനുകൾക്ക് വരുന്ന മാറ്റങ്ങൾ COPD രോഗത്തിന് കാരണമായേക്കുമെന്ന ചൈനയിൽ നിന്നുള്ള പഠനമാണ് സനീഷ് പ്രസാദ് ജോസ് അവതരിപ്പിച്ചത്. മൈസൂരിലെ JSS യൂണിവേഴ്സിറ്റിയിൽ ഗവേഷണ വിദ്യാർത്ഥിയായ ശ്രീ സനീഷ് പൾമണറി വിഭാഗം മേധാവി ഡോ. സുപ്രിയയുടേയും, ജൂബിലി സെന്റർ ഫോർ മെഡിക്കൽ റിസേർച്ചിലെ ഡോ. അലക്സ് ജോർജ്ജിന്റേയും കീഴിലാണ് ഗവേഷണം നടത്തുന്നത്.

**അഭിനന്ദനങ്ങൾ...**

**ആശംസകൾ ..**

- 2018 ആഗസ്റ്റ് 1 മുതൽ 31 വരെ രക്തദാന ക്യാമ്പുകൾ സംഘടിപ്പിച്ച ബ്ലഡ് ബാങ്ക് ടീമിനെ കേരള ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിൽ ദേശീയ രക്തദാന ദിനത്തിൽ (01.10.2018) ആദരിച്ചു.

**മെഡിക്കൽ ക്യാമ്പുകൾ**

- സേവ് തൃശ്ശൂർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ കാഞ്ഞാണി സെന്റ് തോമസ് പള്ളി, വാടാനപ്പിള്ളി പള്ളി, കാരമുക്ക് സെന്റ് ആന്റണീസ് പള്ളി, മണലൂർ ഈസ്റ്റ് സെന്റ് ഇഗ്നേഷ്യസ് യു.പി. സ്കൂൾ, മണലൂർ വെസ്റ്റ് സെന്റ് ജോസഫ് പള്ളി, അരിമ്പൂർ സെന്റ് ആന്റണീസ് പള്ളി, എറവ് സെന്റ് തെരേസാസ് പള്ളി, മനക്കൊടി സെന്റ് ജോസഫ് പള്ളി എന്നിവിടങ്ങളിൽ ജനറൽ മെഡിസിന്റെ പ്രളയാനന്തര മെഡിക്കൽ ക്യാമ്പുകൾ നടത്തി.
- സേവ് തൃശ്ശൂർ മൂവ്മെന്റിന്റെ നേതൃത്വത്തിൽ പാവറട്ടി അസ്സാർ സെന്ററിൽ ജനറൽ മെഡിസിൻ, ഗൈനക്കോളജി, പിഡിയാട്രിക് എന്നീ വിഭാഗങ്ങളുടെ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി.
- ഹീമോഫീലിയ സൊസൈറ്റി കുന്ദംകുളം ചാപ്റ്ററിന്റെ നേതൃത്വത്തിൽ അക്കിക്കാവ് കണ്ണൻ മെമ്മോറിയൽ ചാരിറ്റമ്പിൾ ട്രസ്റ്റ് സെന്ററിൽ ഒഫ്ത്താൽമോളജി, ജനറൽ മെഡിസിൻ, ഓർത്തോപീഡിക്, ഗൈനക്കോളജി, പിഡിയാട്രിക് എന്നീ വിഭാഗങ്ങളുടെ മെഗാ മെഡിക്കൽ ക്യാമ്പ് നടത്തി.

**അന്നദാനകേന്ദ്രത്തിലേക്ക് സംഭാവന നൽകിയവർ**

- ഡോ. ബിന്ദു മേനോൻ, JMMC, തൃശ്ശൂർ
- ഹെൽത്ത് കെയർ സൊസൈറ്റി, ഡോളേഴ്സ് ബസിലിക്ക, തൃശ്ശൂർ
- ശ്രീ. ദീപക് ആന്റണി, ആളൂക്കാരൻ ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ

**ഡയാലിസിസിന് സംഭാവന നൽകിയവർ**

- പറവട്ടാനി വിമലനാഥ ചർച്ച് (35 ഡയാലിസിസ്)
- ശ്രീമതി ആഷ മാത്യു, കുർത്തി നഗർ, എളമക്കര, കൊച്ചി (14 ഡയാലിസിസ്)
- മായ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ്, ഒല്ലൂർ, തൃശ്ശൂർ (35 ഡയാലിസിസ്)
- ശ്രീ. മാനുവൽ സിബി, അക്കരപ്പറ്റി ഹൗസ്, ഈസ്റ്റ് ഫോർട്ട്, തൃശ്ശൂർ (35 ഡയാലിസിസ്)

**ഫാ. ഫ്രാൻസിസ് പള്ളിക്കുന്നത്ത്**
ഡയറക്ടർ




## സെന്റ് തോമസ് കോളേജ് (ഓട്ടോണമസ്), തൃശൂർ

**കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ടൂറോഫെസ്റ്റ്**

ലോക വിനോദസഞ്ചാരദിനത്തോടനുബന്ധിച്ച് കൊമേഴ്സ് ഡിപ്പാർട്ട്മെന്റിന്റെ നേതൃത്വത്തിൽ ടൂറോഫെസ്റ്റ് സംഘടിപ്പിച്ചു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി അദ്ധ്യക്ഷത വഹിച്ച യോഗം ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ എസ്. ബിന്ദു മണി ഉദ്ഘാടനം ചെയ്തു. ഇതോടനുബന്ധിച്ച് സംഘടിപ്പിച്ച മികച്ച ഗായകർക്കുള്ള സംഗീ

തമത്സരത്തിൽ ആൽവിൻ തോമസ്, ശ്രുതി എം. നായർ എന്നിവർ വിജയികളായി. എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. വർഗ്ഗീസ് കൂത്തൂർ, വകുപ്പ് മേധാവി ഡോ. തോമസ് പോൾ കാട്ടൂക്കാരൻ, ടൂറോ ഫെസ്റ്റ് കൺവീനർ പ്രൊഫ. സിന്ധു ജോർജ്ജ്, കോളേജ് യൂണിയൻ ചെയർമാൻ ഷാന്റോ സൈമൺ, സ്റ്റുഡന്റ് കോർഡി നേറ്റർ കെ. പ്രണവ് എന്നിവർ പ്രസംഗിച്ചു.

**കായികവകുപ്പിന് നേട്ടം**

വിമല കോളേജിൽ വെച്ചു നടന്ന യൂണിവേഴ്സിറ്റി നീന്തൽ മത്സരത്തിൽ കോളേജ് ടീം ചാമ്പ്യന്മാരാവുകയും വാട്ടർപോളോ ഇനങ്ങളിൽ രണ്ടാം സ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. പെരിന്തൽമണ്ണയിൽ വെച്ചു നടന്ന യൂണിവേഴ്സിറ്റി മത്സരങ്ങളിൽ പുരുഷ–വനിത വിഭാഗങ്ങൾ ചാമ്പ്യൻഷിപ്പ് നേടി. സംസ്ഥാന പവർലിഫ്റ്റിംഗ് ചാമ്പ്യൻഷിപ്പിൽ ബിബിൻ ജോയ് സ്വർണവും ഏഷ്യൻ യോഗ ചാമ്പ്യൻഷിപ്പിൽ അലക്സ് ജെറോം ആറാം സ്ഥാനവും സംസ്ഥാന റോഡ്–മൗണ്ടെയ്ൻ സൈക്ലിംഗ് ചാമ്പ്യൻഷിപ്പിൽ അതുല്യ ഗോൾഡ് മെഡലും നേടി. കാലിക്കറ്റ് യൂണിവേഴ്സിറ്റി ചെസ്സ് മത്സരങ്ങളിൽ ആൺകുട്ടികളുടെ വിഭാഗത്തിൽ സൂരജ് എം.ആർ. വ്യക്തിഗത ചാമ്പ്യനായി.

**കോളേജ് ഗാന്ധിസ്മരണ പുതുക്കി**

1927 ഒക്ടോബർ 14ന് കലാലയം സന്ദർശിച്ച ഭാരതത്തിന്റെ രാഷ്ട്രപിതാവ് മഹാത്മാഗാന്ധിയുടെ സ്മരണ കോളേജിൽ പുതുക്കി. ഗാന്ധി സന്ദർശനത്തിന്റെ സ്മരണയ്ക്കായി നിർമിച്ചിരിക്കുന്ന ഗാന്ധി സ്മൃതിയിലാണ് സന്ദർശനത്തിന്റെ 91–ാം വാർഷികം കൊണ്ടാടിയത്. കോളേജ് എക്സിക്യൂട്ടീവ് മാനേജർ റവ. ഫാ. വർഗീസ് കൂത്തൂർ, ഗാന്ധിപ്രതിമയിൽ പുഷ്പാർച്ചന ചെയ്ത് ചടങ്ങ് ഉദ്ഘാടനം ചെയ്തു. കോളേജ് പ്രിൻസിപ്പാൾ ഡോ. ഇഗ്നഷ്യസ് ആന്റണി, ഗാന്ധി അനുസ്മരണ പ്രഭാഷണം നടത്തി.

**ശതാബ്ദി പൂർവ്വ വിദ്യാർത്ഥി സംഗമം**

കോളേജ് ശതാബ്ദിയാഘോഷമായ സത്യപ്രയാണിനോടനുബന്ധിച്ച് ശതാബ്ദി സംഗമം, മോൺ. ജോൺ പാലോക്കാരൻ സ്ക്വയറിൽ നടന്നു. വിവിധ ഡിപ്പാർട്ടുമെന്റുകളിൽ നടന്ന ഡിപ്പാർട്ട്മെന്റ് തല സംഗമങ്ങൾക്കുശേഷം പ്രസിഡന്റ് ശ്രി. പി.എം. തോമസിന്റെ അദ്ധ്യക്ഷതയിൽ നടന്ന പൊതു സമ്മേളനം, കൃഷിവകുപ്പ് മന്ത്രി അഡ്വ. വി.എസ്. സുനിൽകുമാർ ഉദ്ഘാടനം ചെയ്തു. ബഹു. കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് അശോക് മേനോൻ മുഖ്യപ്രഭാഷണവും ശ്രീ. ശങ്കരാചാര്യ യൂണിവേഴ്സിറ്റി വൈസ് ചാൻസിലർ ഡോ. ധർമ്മരാജൻ പി.കെ. ശതാ

ബ്ദി പ്രഭാഷണവും നടത്തി. കോളേജ് മാനേജർ മാർ ടോണി നീലങ്കാവിൽ, പ്രിൻസിപ്പാൾ ഡോ. ഇഗ്നേഷ്യസ് ആന്റണി, മാർ അപ്രേം തുടങ്ങിയവർ പ്രസംഗിച്ചു.

**ഡോ. ഡെയ്സൺ പാണേങ്ങാടൻ**
പി.ആർ.ഒ.

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ബർസാർ & എക്സിക്യൂട്ടീവ് മാനേജർ




## ജ്യോതി എഞ്ചിനീയറിംഗ് കോളേജ്

1. **പ്രളയ ദുരിതാശ്വാസപ്രവർത്തനങ്ങൾ** : കേരളം കണ്ടതിൽവച്ച് ഏറ്റവും വലിയ പ്രകൃതിദുരന്തമായ പ്രളയക്കെടുതിയിൽപ്പെട്ടവരെ സഹായിക്കാനായി ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും ചേർന്ന് 200ൽപ്പരം എമർജൻസി പവർബാങ്കുകൾ നിർമ്മിച്ചു നല്കുകയും ഏറിയാട്, ചേർപ്പ്, വള്ളത്തോൾനഗർ, പാഞ്ഞാൾ എന്നീ പഞ്ചായത്തുകളിൽ സജീവപ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തു.

2. **ഗവേണിംഗ് ബോഡി യോഗം** : ജ്യോതി എഞ്ചിനീയറിംഗ് കോളേജ് ഗവേണിംഗ് ബോഡി യോഗം സെപ്തംബർ 9ന് ബിഷപ്പ് ഹൗസിൽ വച്ച് നടന്നു. ഗവേണിംഗ് ബോഡി അംഗങ്ങളായ അക്കാദമിക്-ഇന്റസ്ട്രി രംഗത്തെ പ്രമുഖർ യോഗത്തിൽ പങ്കെടുത്തു.

3. **പ്രളയവും പ്രളയാനന്തര കേരളവും-സമഗ്രസംവാദം:** കോളേജിന്റെ ആഭിമുഖ്യത്തിൽ പ്രളയവും പ്രളയാനന്തര കേരളവും എന്ന വിഷയത്തെപ്പറ്റി ഒരു സമഗ്രസംവാദം ഒക്ടോബർ ഒന്നിന് തൃശൂർ സാഹിത്യ അക്കാദമി ഹാളിൽ സംഘടിപ്പിച്ചു. പ്രളയം സംസ്ഥാനത്തിന് വരുത്തിവച്ച കനത്ത നാശനഷ്ടങ്ങൾ, ജനങ്ങളുടെ പുനരധിവാസത്തിനു കൂടുതൽ ഫലപ്രദമായ മാർഗ്ഗങ്ങൾ, പ്രകൃതിക്ഷോഭത്തെ നേരിടുന്നതിനു നാം കൂടുതലായി ആർജ്ജിക്കേണ്ട കഴിവുകൾ, നിയമനിർമ്മാണങ്ങൾ തുടങ്ങിയ കാലികപ്രാ

ധാന്യമേറിയ വിഷയങ്ങൾ ചർച്ച ചെയ്യപ്പെട്ടു. ജ്യോതി എഞ്ചിനീയറിംഗ് കോളേജ് മാനേജർ മോൺ. തോമസ് കാക്കശ്ശേരിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന ഉദ്ഘാടന സമ്മേളനം തൃശൂർ അതിരൂപതാ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ചർച്ച ഉദ്ഘാടനം ചെയ്തു. പ്രശസ്ത ശാസ്ത്രജ്ഞനും കാരുണ്യ യൂണിവേഴ്സിറ്റി മുൻവൈസ്ചാൻസലറുമായ ഡോ. ഇ. ജെ. ജെയിംസായിരിന്നു മോഡറേറ്റർ. മുൻ ജില്ലാ കളക്ടറും ഗവൺമെന്റ് സെക്രട്ടറിയുമായിരുന്ന ഡോ. വി കെ ബേബി, പ്രശസ്ത ഭൂഗർഭ ശാസ്ത്രജ്ഞനായ ഡോ. ശ്രീകുമാർ, അസിസ്റ്റന്റ് കളക്ടർ ശ്രീ. പ്രേം കൃഷ്ണൻ, അഡ്വ. റസ്സൽ ജോയി, ഡോ. ശിവാനന്ദആചാരി, ശ്രീ. എം പി പരമേശ്വരൻ തുടങ്ങിയവർ ചർച്ചയിൽ പങ്കെടുത്തു.

4. **കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് അസോസിയേഷൻ:** ജ്യോതി എഞ്ചിനീയറിംഗ് കോളേജിലെ കമ്പ്യൂട്ടർ സയൻസ് & എഞ്ചിനീയറിംഗ് അസോസിയേഷന്റെ ഈ അക്കാദമിക് വർഷത്തെ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം സെപ്തംബർ 29ന് നടന്നു.

**ഫാ. റോയ് ജോസഫ് വടക്കൻ**
**ഫാ. ജോജു ചിരിയൻങ്കണ്ടത്ത്**
*അസി. മാനേജർഴ്സ്*

**മോൺ. തോമസ് കാക്കശ്ശേരി**
*മാനേജർ*




# മഹാജൂബിലി ട്രെയിനിംഗ് കോളേജ്

**കോളേജിന് വിജയതിളക്കം**

മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മലും, അധ്യാപകരും, ബി.എഡ് ഒന്നാം വർഷ–രണ്ടാം വർഷ വിദ്യാർത്ഥികളും കോമൺവെൽത്ത് ഓഫ് ലേർണിംഗ് കാനഡ നടത്തുന്ന അണ്ടർസ്റ്റാന്റഡിംഗ് ഓപ്പൺ എഡ്യുക്കേഷൻ റിസോഴ്സിന്റെ ഓൺലൈൻ കോഴ്സ് പാസായി നൂറു ശതമാനം വിജയം നേടി കോളേജിന്റെ യശസ്സുയർത്തി.

**പ്രീ മോഡൽ പരീക്ഷ സമാപിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളുടെ പ്രീമോഡൽ പരീക്ഷ 24-09-2018 തിങ്കളാഴ്ച ആരംഭിച്ച് 26-09-2018 വ്യാഴാഴ്ച സമാപിച്ചു.

**കലാമണ്ഡലം സന്ദർശിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ ബി.എഡ് വിദ്യാർത്ഥികളും, അധ്യാപകരും പഠനയാത്രയുടെ ഭാഗമായി 27-09-2018 വ്യാഴാഴ്ച കേരളകലാമണ്ഡലം സന്ദർശിച്ചു. കേരള കലാപൈതൃകത്തെ കുറിച്ച് ഹൃദ്യമായ അനുഭവം പഠനയാത്ര പ്രദാനം ചെയ്തു.

**ജി.ടി.എ യോഗം സംഘടിപ്പിച്ചു**

മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 05-10-2018 വെള്ളിയാഴ്ച ജി.ടി.എ (ഗാർഡിയൻ ടീച്ചേഴ്സ് അസേസിയേഷൻ) സംഘടിപ്പിച്ചു. വിദ്യാർത്ഥികളുടെ പഠനനിലവാരം വിലയിരുത്തലും രക്ഷാകർത്തൃപ്രതിനിധികളുടെ തെരഞ്ഞെടുപ്പും യോഗത്തിൽ നടന്നു.

**സംവാദം സംഘടിപ്പിച്ചു**

സ്ത്രീകൾക്ക് ശബരിമലയിൽ പ്രവേശനം എന്ന വിഷയത്തെ ആസ്പദമാക്കി മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിൽ 08-10-2018 തിങ്കളാഴ്ച സംവാദം സംഘടിപ്പിച്ചു. മതവിശ്വാസങ്ങളും പാരമ്പര്യവും സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയും, സ്ത്രീകൾക്ക് ലഭിച്ച അവസര സമത്വവും സംബന്ധിച്ച ആശയങ്ങൾ സംവാദത്തിൽ ഉയർന്നു വന്നു.

**സർവ്വേയിൽ പങ്കാളികളായി**

കേരളഗവൺമെന്റ് സംഘടിപ്പിച്ച കേരളത്തിലെ പ്രളയ ബാധിത പ്രദേശത്തിന്റെ വിവരശേഖരത്തെ സർവ്വേയിൽ മുളളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ ഒന്നാം വർഷ വിദ്യാർത്ഥികൾ പങ്കാളികളായി.

**അധ്യാപകനെ അനുമോദിച്ചു**

ഇന്ത്യൻ ജേർണൽ ഓഫ് സൈക്കോളജി ആന്റ് എഡ്യുക്കേഷൻ മാഗസിനിൽ ലേഖനം പ്രസിദ്ധീകരിച്ച മുള്ളൂർക്കര മഹാജൂബിലി ബി.എഡ് ട്രെയിനിംഗ് കോളേജിലെ അധ്യാപകൻ ഡോ.പ്രേമചന്ദ്രനെ കോളേജ് പ്രിൻസിപ്പാൾ ഫാ.ചാക്കോ ചിറമ്മൽ ട്രോഫി നൽകി ആദരിച്ചു.

**ഫാ. ചാക്കോ ചിറമ്മൽ**
കോളേജ് പ്രിൻസിപ്പാൾ

**ഫാ. ബാബു അപ്പാടൻ**
അസി.മാനേജർ

# കോർപറേറ്റ് എഡ്യുക്കേഷണൽ ഏജൻസി

**1. ഓർമ്മിക്കാൻ ............ (2018 നവംബർ)**

1 (വ്യാഴം) – സകലവിശുദ്ധരുടെയും തിരുനാൾ<br>കേരളപ്പിറവി ദിനം

2 (വെള്ളി) – സകലമരിച്ചവരുടെയും ഓർമ്മ<br>ആദ്യവെള്ളി

7 (ബുധൻ) – സി. വി. രാമൻദിനം<br>ദേശീയ ശാസ്ത്രദിനം

14 (ബുധൻ) – ശിശുദിനം, നെഹ്റു ജന്മദിനം

19 (തിങ്കൾ) – പൗരദിനം

24 (ശനി) – എൻ. സി. സി. ദിനം

25 (ഞായർ) – ഈശോയുടെ രാജത്വതിരുനാൾ

30 (വെള്ളി) – വി. അന്ത്രയോസ് തിരുനാൾ

**2. ശിശുദിനം**

നവംബർ 14 ബുധനാഴ്ച ശിശുദിനമാണ്. എല്ലാ വിദ്യാലയങ്ങളിലും ഈദിനം സമുചിതമായി ആഘോഷിക്കുമല്ലോ. എല്ലാ കുഞ്ഞുമക്കൾക്കും ശിശുദിനാശംസകൾ!

**3. നാമഹേതുതിരുനാൾ**

നവംബർ 30 വെള്ളിയാഴ്ച അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ നാമഹേതുക തിരുനാൾ ദിവസം അദ്ധ്യാപകരും അനദ്ധ്യാപകരും വിദ്യാർത്ഥികളും പിതാവിനുവേണ്ടി പ്രാർത്ഥിക്കണമെന്ന് പ്രത്യേകം ഓർമ്മപ്പെടുത്തുന്നു.

**4. സ്കോളർഷിപ്പ് പരീക്ഷകൾ**

4, 7 ക്ലാസ്സുകളിലെ വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പരീക്ഷകൾ 2018 നവംബർ 10 ല്പം നവംബർ 17 ല്പം (ശനിയാഴ്ചകൾ) നടത്തുന്നതാണ്. എല്ലാവരുടേയും സഹകരണം പ്രതീക്ഷിക്കുന്നു.

**ഫാ. ആന്റണി ചെമ്പകശ്ശേരി**<br>കോർപറേറ്റ് മാനേജർ

# സാന്ത്വനം

**കിൻഡർ മിഷൻ പ്രോജക്റ്റ് ഉദ്ഘാടനം ചെയ്തു.**

കാരിത്താസ് ഇന്ത്യ, കിൻഡർ മിഷൻ ജർമ്മനി, സാന്ത്വനം തൃശൂർ എന്നിവർ ചേർന്ന് നടപ്പിലാക്കുന്ന കിൻഡർ മിഷൻ പ്രോജക്റ്റിന്റെ ഉദ്ഘാടനം തൃശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് നിർവ്വഹിച്ചു. അതിരൂപതാ ആസ്ഥാനത്തുവെച്ച് നടന്ന ചടങ്ങിൽ കാരിത്താസ് ഇന്ത്യയുടെ നാഷണൽ ഓഫീസിൽ നിന്നുള്ള ഡോ. ഹരിദാസ്, മിസ് ലീ, മിസ്റ്റർ നൂതൻ, വികാരി ജനറാൾ മോൺ. തോമസ് കാക്കശ്ശേരി, ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറം ഡയറക്ടർ ഫാ. വർഗ്ഗീസ് കോന്തുരുത്തി, & ടീം, കോട്ടപ്പുറം രൂപത ഡയറക്ടർ ഫാ.പോൾ തോമസ് & ടീം, മിസ്റ്റർ അബീഷ് ആന്റണി, സാന്ത്വനം ടീമംഗങ്ങൾ എന്നിവർ പങ്കെടുത്തു.

**വളണ്ടിയേഴ്സ് ട്രെയിനിങ്ങ് നടത്തി.**

കിൻഡർ മിഷൻ പ്രോജക്റ്റിന്റെ ഭാഗമായി പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട എറവ്, മണലൂർ, ചിറയ്ക്കൽ, ആലപ്പാട്ട് പുള്ള് എന്നീ സ്ഥലങ്ങളിൽ നിന്നുള്ള വളണ്ടിയേഴ്സിന് പരിശീലനം നല്കി. ഇരിങ്ങാലക്കുട സോഷ്യൽ ആക്ഷൻ ഫോറത്തിൽ വെച്ച് നടത്തിയ ട്രെയിനിംങ്ങ് പ്രോഗ്രാമിൽ ഇരിങ്ങാലക്കുട, തൃശൂർ, കോട്ടപ്പുറം രൂപതകളിൽ നിന്നുള്ള വളണ്ടിയേഴ്സ്, സാന്ത്വനം ഡയറക്ടർ, പ്രോജക്ട് കോ–ഓർഡിനേറ്റർ എന്നിവർ പങ്കെടുത്തു.

**പ്രവർത്തകസമിതി രൂപീകരിച്ചു.**

പ്രളയബാധിത പ്രദേശങ്ങളായ പുലക്കാട്ടുകര, ചിറക്കൽ, നെന്മണിക്കര, എറവ്, വരടിയം, മണലൂർ, വാടാനപ്പിള്ളി, ആലപ്പാട്ട്–പുള്ള് എന്നീ പ്രദേശങ്ങളിൽ കാരിത്താസ് ഇന്ത്യയും തൃശൂർ സാന്ത്വനവും ചേർന്ന് നടപ്പിലാക്കുന്ന ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കുവേണ്ടി അതാത് പ്രദേശങ്ങളിൽ പ്രവർത്തകസമിതികൾ രൂപീകരിച്ചു. വികാരിമാർ, വില്ലേജ് ഓഫീസേഴ്സ്, പഞ്ചായത്ത് പ്രസിഡണ്ടുമാർ, വാർഡ് മെമ്പർമാർ, കൈക്കാരന്മാർ, യൂണിറ്റ് ഭാരവാഹികൾ, സാമൂഹ്യപ്രവർത്തകർ തുടങ്ങിയവർ കമ്മിറ്റികളിൽ അംഗങ്ങളാണ്. ഈ

പ്രവർത്തക സമിതിയിൽ നിന്ന് റിലീഫ് ഏന്റ് സൂപ്പർവൈസറി കമ്മിറ്റി, ഡിസ്ട്രിബ്യൂഷൻ കമ്മിറ്റി, സെലക്ഷൻ കമ്മിറ്റി, പരാതി പരിഹാര കമ്മിറ്റി എന്നീ നാല് കമ്മിറ്റികൾ രൂപീകരിക്കുകയും ഓരോ പ്രവർത്തനവും സുഗമമായി നടപ്പിലാക്കുവാൻ വേണ്ട ഉത്തരവാദിത്വങ്ങൾ ഏൽപിക്കുകയും ചെയ്തു.

**"എസ്സെൻഷ്യൽ അപ്പീൽ" സഹായങ്ങൾ വിതരണം ചെയ്തു.**

കാരിത്താസ് ഇന്ത്യയും, സാന്ത്വനവും ചേർന്ന് വെള്ളപ്പൊക്കത്തിൽ ദുരിതമനുഭവിക്കുന്ന, ഏറ്റവും അർഹരായ 1000 കുടുംബങ്ങൾക്ക് സഹായങ്ങൾ വിതരണം ചെയ്തു. സെലക്ഷൻ കമ്മിറ്റിയുടെ നേതൃത്വത്തിൽ സർവ്വേ നടത്തി വാടാനപ്പിള്ളി, വരടിയം, നെന്മണിക്കര, പുലക്കാട്ടുകര എന്നീ ഗ്രാമങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കുടുംബങ്ങൾക്കാണ് "എസ്സെൻഷ്യൽ അപ്പീൽ" എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പ്രഷർകുക്കർ, മറ്റു പാത്രങ്ങൾ, വസ്ത്രങ്ങൾ, വാഷ് കിറ്റുകൾ, സ്റ്റേഷണറി ഐറ്റംസ്, ബക്കറ്റ്, കപ്പ് തുടങ്ങി 7500 രൂപയോളം വില വരുന്ന സാധനങ്ങൾ വിതരണം ചെയ്തത്.

**ട്യൂഷൻ ഫീസുകൾ വിതരണം ചെയ്തു.**

മാർ ജേക്കബ് തൂങ്കുഴി പിതാവിന്റെ ജൂബിലി സ്മാരകമായ ജൂബിലി എഡ്യുക്കേഷൻ സ്പോൺസർഷിപ്പ് പ്രോഗ്രാമിലെ(ജെസ്പ്) 130 കുട്ടികൾക്ക് ജൂൺ, ജൂലൈ, ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിലെ ട്യൂഷൻ ഫീസുകൾ ആനിമേറ്റേഴ്സ് വഴി വിതരണം ചെയ്തു. സാന്ത്വനം ഹാളിൽ വെച്ച് നടത്തിയ യോഗത്തിൽ ഓരോ ഇടവകകളിൽ നിന്നുള്ള ആനിമേറ്റർമാർ പങ്കെടുക്കുകയും കുട്ടികളുടെ പഠനനിലവാരത്തെയും പദ്ധതി പ്രവർത്തനങ്ങളെയും കുറിച്ച് വിലയിരുത്തുകയും ചെയ്തു.

**വാർഷികയോഗങ്ങൾ**

സാന്ത്വനം സോഷ്യൽ അപ്പസ്തോലേറ്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സൊസൈറ്റികൾ, ട്രസ്റ്റുകൾ എന്നിവയുടെ വാർഷിക ജനറൽ ബോഡി, ഗവേണിങ്ങ് ബോഡി എന്നിവ കൂടുകയുണ്ടായി. ഓഡിറ്റ് ചെയ്ത വാർഷിക കണക്കുകൾ വായിക്കുകയും ബന്ധപ്പെട്ട സമിതികൾ അവ അംഗീകരിക്കുകയും പാസ്സാക്കുകയും ചെയ്തു.

**റീജിയണൽ മീറ്റിംഗ് നടത്തി.**

സേവ് എ ഫാമിലി, ഗോഡ്സ് ഓൺ ഫാമിലി ഗുണഭോക്തൃകുടുംബങ്ങൾക്കായി റീജിയണൽ ലെവൽ മീറ്റിംഗ് ഫാമിലി അപ്പസ്തോലേറ്റിൽ വെച്ച് നടത്തുകയുണ്ടായി. 346 ഗുണഭോക്തൃകുടുബങ്ങൾ സജീവമായി പങ്കെടുത്ത ഈ മീറ്റിങ്ങിൽ എലിപ്പനി എന്ന വിഷയത്തെക്കുറിച്ച് FDP കോർഡിനേറ്റർ അഖിൽ തോമസ് ക്ലാസ് നയിച്ചു. ജലപ്രളയമുണ്ടായ പ്രദേശങ്ങളിൽ എലിപ്പനി റിപ്പോർട്ട് ചെയ്യപ്പെട്ട

സാഹചര്യത്തിൽ മുൻകരുതലുകൾ എടുക്കേണ്ടതിന്റെയും പ്രതിരോധമരുന്നുകൾ കഴിക്കേണ്ടതിന്റെയും പ്രാധാന്യത്തെക്കുറിച്ച് ക്ലാസിൽ വിശദീകരിച്ചു.

**മോണിറ്ററിംഗ് വിസിറ്റ് നടത്തി.**

തോളൂർ, പോന്നോർ, തലോർ, അടാട്ട്, മുല്ലക്കര എന്നിവിടങ്ങളിലെ ഭവനങ്ങൾ കോ-ഓർഡിനേറ്റർ, ആനിമേറ്റർ എന്നിവർ അടങ്ങിയ ടീം സന്ദർശിക്കുകയും പുരോഗതി വിലയിരുത്തുകയും ചെയ്തു. ഓരോ കുടുംബങ്ങളും പിൻവലിക്കുന്ന തുകയുടെ ശരിയായ വിനിയോഗം, വരുമാന വർദ്ധക സംരംഭങ്ങളുടെ വികസനം എന്നിവയെക്കുറിച്ച് കോഡിനേറ്റർ നിർദ്ദേശങ്ങൾ നല്കി.

**ഫാമിലി ഡെവലപ്പ്മെന്റ് പ്രോഗ്രാം മുഖേന സഹായം ലഭിച്ച ഇടവകകളും സംഖ്യയും താഴെ ചേർക്കുന്നു.**

കോലഴി-Rs.10,000/-, വില്ലടം-Rs.24,000/-, ചേറൂർ-Rs.7,500/-, നടത്തറ-Rs.20,000/-, കൂനംമൂച്ചി-Rs.5,000/-, പോന്നോർ-Rs.9,000/-, മുളയം-Rs.55,000/-, വരടിയം-Rs.17,000/-, മനക്കൊടി-Rs.10,000/-, മുല്ലക്കര-Rs.20,000/-, നെല്ലിക്കുന്ന്-Rs.35,000/-, അടാട്ട്-Rs.37,000/-, തൃക്കൂർ-Rs.7,000/-. ഒളരി-Rs.7,000/-, പുതുക്കാട്-Rs.49,000/-.

**സ്നേഹനിധി**

സ്നേഹനിധിയുടെ 12 ഫൊറോനകളിൽ ഫൊറോനതലത്തിലുള്ള വിസിറ്റും ഓഡിറ്റിങ്ങും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലായി നടന്നു. സഹകരിച്ച എല്ലാ യൂണിറ്റുതല ഭാരവാഹികൾക്കും ഫൊറോനതല ഭാരവാഹികൾക്കും അതിരൂപത എക്സിക്യൂട്ടീവ് അംഗങ്ങൾക്കും നന്ദി.

**കരുതൽ ക്ഷേമ പദ്ധതി.**

സ്നേഹനിധി അംഗങ്ങൾക്കു വേണ്ടിയുള്ള കരുതൽ ക്ഷേമപദ്ധതിയിൽ നിന്നും 236 അംഗങ്ങൾക്കായി 12,62,980 രൂപ സഹായം നല്കി. 152 പേർക്ക് വിവാഹസഹായവും 67 പേർക്ക് ചികിത്സാസഹായവും 17 പേർക്ക് മരണാനന്തരസഹായവുമാണ് നല്കിയത്.

**പുതിയ SHG രൂപീകരിച്ചു.**

സാന്ത്വനത്തിന്റെ കീഴിൽ വെങ്ങിണിശ്ശേരി, ഭരത എന്നീ യൂണിറ്റുകളിൽ പുതിയ സ്വയം സഹായ സംഘങ്ങൾ രൂപീകരിച്ചു. പുതിയ അംഗങ്ങൾക്ക് സ്വയം സഹായസംഘത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ച് ആനിനേറ്റർമാർ ബോധവല്ക്കരണം നല്കി.

**ഫാ. തോമസ് പൂപ്പാടി**
**ഡയറക്ടർ**



# ഫാമിലി അപ്പോസ്റ്റലേറ്റ്

**ഒരുപാട് നന്ദിയോടെ**

ഫാമിലി അപ്പൊസ്റ്റൊലേറ്റിന്റെ നേതൃത്വത്തിൽ ഒക്ടോബർ മാസത്തിൽ നടത്തപ്പെട്ട വിധവാസംഗമം, വിഭാര്യ സംഗമം, നവദമ്പതി സംഗമം, ഏകസ്ഥരുടെ സംഗമം, ബധിരരും മൂകരുമായ വിവാഹിതരായിട്ടുള്ളവരുടെ പോസ്റ്റ് കാന കോഴ്സ് എന്നിവയിലേക്ക് ആളുകളെ പറഞ്ഞയക്കുകയും ഈ സംരംഭങ്ങളുടെ വിജയത്തിനായി പ്രോത്സാഹിപ്പിക്കുകയും ചെയ്ത എല്ലാ വികാരിയച്ചന്മാർക്കും ഒത്തിരി നന്ദി.

**വിവാഹരജത ജൂബിലി – ഡിസംബർ 8, ശനി: തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**

1993 ൽ വിവാഹിതരായി ദാമ്പത്യ ജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 25 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ രജതജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 8–ാം തിയ്യതി രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും തുടർന്ന് അനുഗ്രഹപ്രഭാഷണം റവ.ഡോ. വിൻസെന്റ് കുണ്ടുകുളം നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**വിവാഹസുവർണ്ണ ജൂബിലി**
**ഡിസംബർ 15, ശനി**
**തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ**

1968 ൽ വിവാഹിതരായി ദാമ്പത്യ ജീവിതത്തിന്റെ ദൈവാനുഗ്രഹപ്രദമായ 50 വർഷങ്ങൾ പൂർത്തിയാക്കി വിവാഹ സുവർണ്ണജൂബിലി ആഘോഷിക്കുന്ന ദമ്പതികളെ അഭിനന്ദിക്കാനും ആശംസകളർപ്പിക്കാനും ഏറെ സ്നേഹത്തോടെ തൃശ്ശൂർ ലൂർദ്ദ് കത്തീഡ്രൽ ദൈവാലയത്തിലേക്ക് ക്ഷണിക്കുന്നു. ഡിസംബർ 15–ാം തിയ്യതി ശനിയാഴ്ച രാവിലെ 9 മണിക്ക് റജിസ്ട്രേഷൻ ആരംഭിക്കുകയും

തുടർന്ന് അനുഗ്രഹപ്രഭാഷണം റവ. ഫാ. വർഗ്ഗീസ് കൂത്തൂർ നടത്തുകയും 11.00 ന് അഭിവന്ദ്യ മാർ ടോണി നീലങ്കാവിൽ പിതാവിന്റെ മുഖ്യകാർമ്മികത്വത്തിൽ ദിവ്യബലിയും അനുമോദനയോഗവും ഫോട്ടോയും സ്നേഹവിരുന്നും ഉണ്ടായിരിക്കുന്നതാണ്.

**ഫാ.ഡെന്നി താണിക്കൽ**
ഡയറക്ടർ

**ഫാ.ജിയോ തെക്കിനിയത്ത്**
അസോ.ഡയറക്ടർ




**കൊന്തമാസം ആചരിച്ചു**
**ഒക്ടോബർ 27 ശനി**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളുടെ നേതൃത്വത്തിൽ ഒക്ടോബർ കൊന്തമാസാചരണത്തിന്റെ ഭാഗമായി ഡയറക്ടർ ഡെന്നി താണിക്കലച്ചന്റെ നേതൃത്വത്തിൽ ഫാമിലി അപ്പസ്റ്റോലേറ്റ് ചാപ്പലിൽ വച്ച് ജപമാല ചൊല്ലി പ്രാർത്ഥനാ ദിനമായി ആചരിച്ചു. എല്ലാ ഭാരവാഹികളും പ്രസ്തുത ജപമാല പ്രാർത്ഥനയിൽ പങ്കെടുത്തു.

**അനുശോചനം**

അതിരൂപതയിലെ ബസിലിക്ക ഫൊറോനയിലെ അരണാട്ടുകര ഇടവകയിലെ വി. ചാവറ കുടുംബകൂട്ടായ്മയുടെ പ്രസിഡണ്ട് ശ്രീ. പോളിന്റെ നിര്യാണത്തിൽ അതിരൂപത കുടുംബകൂട്ടായ്മ അനുശോചനം രേഖപ്പെടുത്തി

**അഗതിമന്ദിര സന്ദർശനം– നവംബർ 10 ശനി**

അതിരൂപത കുടുംബകൂട്ടായ്മ ഭാരവാഹികളും കുടുംബാംഗങ്ങളും ചേർന്നുക്കൊണ്ട് നവംബർ 10 ശനിയാഴ്ച പുല്ലഴി ക്രിസ്റ്റീന ഹോം സന്ദർശിക്കുന്നു. ഭാരവാഹികളെല്ലാവരേയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ചർച്ചാപഠനപരിശീലന ക്യാമ്പ് –നവംബർ 24 ശനി, 2.30 pm**

ഒക്ടോബർ മാസത്തെ കുടുംബകൂട്ടായ്മ ചർച്ചാപഠനക്ലാസ്സിൽ പങ്കെടുത്തവർക്കും സഹകരിച്ചവർക്കും പ്രത്യേകം നന്ദി. ഡിസംബർ

മാസത്തെ കുടുംബകൂട്ടായ്മയിൽ ചർച്ച ചെയ്യേണ്ട വിഷയത്തെക്കുറിച്ചുള്ള ചർച്ചാ പഠനക്ലാസ്സ് നവംബർ 24–ാം തിയ്യതി ശനിയാഴ്ച്ച ഉച്ചകഴിഞ്ഞ് 2.30 മുതൽ 4.00 മണി വരെ ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നതായിരിക്കും. ഈ ചർച്ചാ പഠനക്ലാസ്സിലേക്ക് അച്ചന്റെ ഇടവകയിൽ നിന്ന് താൽപര്യമുള്ളവരെ പറഞ്ഞയക്കുമല്ലോ.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**എ.എ. ആന്റണി**
ജനറൽ കൺവീനർ

**പോൾ പാറക്കൽ**
ജനറൽ സെക്രട്ടറി



# മാതൃവേദി

**സ്കിറ്റ് മത്സരം –നവംബർ 6 ചൊവ്വ (1.30 pm –4 pm)**

മാതൃവേദിയിലെ അംഗങ്ങളുടെ കഴിവിനെ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടുകൂടി സ്കിറ്റ് മത്സരം സംഘടിപ്പിച്ചിരിക്കുന്നു. നവംബർ 6 –ാം തിയ്യതി ചൊവ്വാഴ്ച്ച 1.30 മുതൽ 4 വരെയാണ്.

**വിഷയം**

**നവകേരള സൃഷ്ടിക്ക് അമ്മമാരുടെ പങ്ക്**

**സ്ഥലം** : ഫാമിലി അപ്പൊസ്റ്റൊലേറ്റ് സെന്റർ, തൃശ്ശൂർ

**നിയമാവലി**

1. ആകെ 8 മിനിറ്റാണ് മത്സരത്തിനുള്ള സമയം. 7 മിനിറ്റ് കഴിയുമ്പോൾ വാണിങ്ങ് ബെൽ അടിക്കുകയും 8 മിനിറ്റ് കഴിയുമ്പോൾ അവസാന മണി അടിക്കുകയും ചെയ്യും.
2. മൈക്ക് ഉണ്ടായിരിക്കുന്നതല്ല, റെക്കോർഡിങ്ങ് അനുവദിച്ചിട്ടില്ല.
3. ഒരു യൂണിറ്റിൽ നിന്ന് ഒരു ടീമിനേ പങ്കെടുക്കാൻ പറ്റുകയുള്ളൂ.

4. പങ്കെടുക്കുന്നവർ വികാരിയുടെ ഒപ്പോടുകൂടി ലിസ്റ്റ് ഒക്ടോബർ 15 ന് മുൻപ് കൊണ്ടുവരേണ്ടത്.

5. അംഗങ്ങളുടെ എണ്ണം 5 മുതൽ 7 വരെയാണ്.

6. ആശയത്തിനും അഭിനയത്തിനുമാണ് മുൻതൂക്കം.

7. വിധികർത്താക്കളുടെ തീരുമാനം അന്തിമമായിരിക്കും.

**കരകൗശല, ഫുഡ് പ്രദർശനവും വിൽപ്പനയും**

**നവംബർ 6 ചൊവ്വ**

അമ്മമാരുടെ കഴിവുകളെ വളർത്തുക, പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നമ്മൾ ആരംഭിച്ചിരിക്കുന്ന കരകൗശല വസ്തുക്കളുടെ പ്രദർശനവും, ഫുഡ് പ്രദർശനവും വിൽപനയും നവംബർ മാസത്തിൽ നടത്തേണ്ടത് മറ്റം, പഴുവിൽ എന്നീ ഫൊറോനകളിലെ ഇടവകകളാണ്. ഈ ഫൊറോനകളിലെ എല്ലാ മാതൃവേദി യൂണിറ്റുകാരെയും സ്നേഹത്തോടെ ക്ഷണിക്കുന്നു. കൂടാതെ മറ്റ് ഫൊറോനകളിലെ മാതൃവേദി അംഗങ്ങൾക്കും കരകൗശല, ഫുഡ് പ്രദർശനത്തിനും, വിൽപ്പനയ്ക്കും കൊണ്ടുവരാവുന്നതാണ്.

**സെനറ്റ് മീറ്റിങ്ങ് – നവംബർ 14 ബുധൻ**

സീറോമലബാർ സഭയുടെ മാതൃവേദി സെനറ്റ് നവംബർ 14–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്നു. അഭിവന്ദ്യ ജോസ് പുളിക്കൽ പിതാവിന്റെയും സീറോ മലബാർ സഭ മാതൃവേദി ഡയറക്ടറച്ചന്റെയും മറ്റു ഭാരവാഹികളുടെയും നേതൃത്വത്തിൽ നടത്തപ്പെടുന്ന ഈ സമ്മേളനത്തിലേക്ക് മാതൃവേദി അംഗങ്ങളെ സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ജനറൽബോഡിയും അതിരൂപത തിരഞ്ഞെടുപ്പും – നവംബർ 22 വ്യാഴം (2.00 pm –4 pm)**

നവംബർ 22–ാം തിയ്യതി ഫാമിലി അപ്പൊസ്റ്റൊലേറ്റിൽ വച്ച് നടത്തുന്ന മാതൃവേദിയുടെ ജനറൽബോഡിയിലേക്കും തിരഞ്ഞെടുപ്പിലേക്കും ഓരോ ഇടവകയിൽ നിന്നും എല്ലാ ഭാരവാഹികളെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

**ശ്രീമതി ബീന ജോഷി**
പ്രസിഡണ്ട്

**ശ്രീമതി ജൂലി ബാബു**
സെക്രട്ടറി




# ജോൺപോൾ പ്രോലൈഫ് മൂവ്മെന്റ്

**നന്ദിയോടെ**

പ്രോലൈഫ് ടീച്ചേഴ്സ് സെമിനാർ വൻ വിജയമാക്കാൻ സഹായിച്ച എല്ലാവർക്കും ഒരുപാട് നന്ദി. ടീച്ചേഴ്സ് സെമിനാറിലേക്ക് അദ്ധ്യാപകരെ പറഞ്ഞയച്ച വൈദികർക്കും മാനേജർമാർക്കും പ്രധാന അദ്ധ്യാപകർക്കും നന്ദി. ടീച്ചേഴ്സ് സെമിനാർ നയിച്ചവർക്കും നേതൃത്വം കൊടുത്തവർക്കും മറ്റ് പ്രോലൈഫ് അംഗങ്ങൾക്കും ഒത്തിരി നന്ദി.

**തിരുമണിക്കൂർ ആരാധന – നവംബർ 5 തിങ്കൾ (വൈകീട്ട് 6.30 മുതൽ 7.30 വരെ)**

തൃശ്ശൂർ അതിരൂപതയിലെ പ്രോലൈഫ് പ്രസ്ഥാനത്തിലെ എല്ലാ അംഗങ്ങളും ഒന്നു ചേർന്ന് ജീവന്റെ മേഖലയിൽ പ്രവർത്തിക്കുന്നവർക്കുവേണ്ടിയും ജീവനെതിരായി പ്രവർത്തിക്കുന്നവരുടെ മാനസാന്തരത്തിനുവേണ്ടിയും നടത്തുന്ന ഈ തിരുമണിക്കൂർ ആരാധനയിലേക്ക് എല്ലാ അംഗങ്ങളെയും സ്നേഹപൂർവ്വം ക്ഷണിക്കുന്നു.

**ഗർഭഛിദ്രം നടത്തിയവർക്കുവേണ്ടിയുള്ള പരിഹാരബലി–നവംബർ 6 ചൊവ്വ**

ഗർഭഛിദ്രം നടത്തിയവർക്കും അതിന് കൂട്ടുനിന്നവർക്കും ഈശോയുടെ മുമ്പിൽ കരുണയാചിച്ചുകൊണ്ടുള്ള പരിഹാരബലി നവംബർ 6–ാം തിയ്യതി ചൊവ്വാഴ്ച്ച രാവിലെ 10 മണിക്ക് തൃശ്ശൂർ വ്യാകുലമാതാവിൻ ബസിലിക്ക പള്ളിയിൽ പാപപരിഹാരബലിയർപ്പിക്കുന്നതാണ്. തൃശ്ശൂർ അതിരൂപത ജോൺപോൾ പ്രോലൈഫ് മൂവ്മെന്റിന്റെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന പരിഹാരബലിയിൽ സംബന്ധിക്കാൻ എല്ലാവരേയും പ്രത്യേകിച്ച് ഈ തിന്മയ്ക്ക് കൂട്ടുനിന്നവരെയും ഈ തിന്മ പ്രവർത്തിച്ചവരെയും ഏറെ സ്നേഹത്തോടെ ക്ഷണിക്കുന്നു.

**ശ്രീ. ജെയിംസ് ആഴ്ചങ്ങാടൻ**
പ്രസിഡന്റ്

**ഫാ. ഡെന്നി താണിക്കൽ**
ഡയറക്ടർ

# കത്തോലിക്കാ കോൺഗ്രസ്സ്

**1. മേഖല സമ്മേളനങ്ങൾ**

സഭ നേരിട്ടു കൊണ്ടിരിക്കുന്ന പ്രതിസന്ധികളെയും മാധ്യമ വിചാരണയെയും കുറിച്ച് സഭാംഗങ്ങൾക്ക് അവബോധം ഉണ്ടാക്കുന്നതിനും തെറ്റായ വാർത്തകൾക്കെതിരെ പ്രതികരിക്കുന്നതിനും വേണ്ടി കത്തോലിക്കാകോൺഗ്രസ്സ് അതിരൂപത സമിതിയുടെ നേതൃത്വത്തിൽ ഒക്ടോബർ 28, ഞായറാഴ്ച ഉച്ചകഴിഞ്ഞ് 2 മണി മുതൽ 4 മണി വരെ മേഖലാസമ്മേളനങ്ങൾ നടത്തുന്നു.

| ഫൊറോനകൾ | സ്ഥലം |
|---|---|
| 1. വടക്കാഞ്ചേരി, ചേലക്കര, എരുമപ്പെട്ടി, വേലൂർ | വടക്കാഞ്ചേരി ക്ലേലിയ സ്കൂൾ (ഉദ്ഘാടനം – മോൺ. തോമസ് കാക്കശ്ശേരി) |
| 2. ലൂർദ്ദ്, കൊട്ടേക്കാട്, പട്ടിക്കാട്, പുത്തൂർ | ഫാമിലി അപ്പസ്തോലേറ്റ് (ഉദ്ഘാടനം – മാർ ടോണി നീലങ്കാവിൽ) |
| 3. ബസിലിക്ക, ഒല്ലൂർ, പുതുക്കാട് | പഴുവിൽ ബസിലിക്ക ഹാൾ (ഉദ്ഘാടനം –മോൺ. ജോർജ്ജ് കോമ്പാറ) |
| 4. പാലയൂർ, കണ്ടശ്ശാംകടവ്, മറ്റം, പറപ്പൂർ | പാലയൂർ (ഉദ്ഘാടനം –ഫാ. വർഗ്ഗീസ് കൂത്തൂർ) |

**2. ദീപിക പത്രം – സമുദായപത്രം**

ആശയ രൂപീകരണത്തിനും പ്രചരണത്തിനും മാധ്യമങ്ങളുടെ സ്വാധീനം വളരെ വലുതാണല്ലോ. സഭയ്ക്കെതിരെ പ്രതിസന്ധിയുണ്ടാകുമ്പോൾ അവയെ പ്രതിരോധിക്കാൻ നമ്മുടേതായ മാധ്യമങ്ങളുടെ അഭാവം വളരെ വലുതാണ്. ഈ സാഹചര്യത്തിൽ ദീപികയെ സമുദായത്തിന്റെ പത്രമായി പ്രചരിപ്പിക്കുന്നതിനുള്ള ഉത്തരവാദിത്വം കത്തോലിക്കാകോൺഗ്രസ്സ് ഏറ്റെടുക്കുകയാണ്. ഇടവകകളിൽ പരമാവധി വീടുകളിൽ ദീപികയുടെ വരിക്കാരെ ചേർക്കുന്നതിന് കത്തോലിക്കാകോൺഗ്രസ്സ് യൂണിറ്റ് പ്രവർത്തകർ താത്പര്യമെടുക്കേണ്ടതാണ്.

3. **ഫൊറോന തെരഞ്ഞെടുപ്പുകൾ**

നമ്മുടെ പ്രസ്ഥാനത്തിന്റെ ഫൊറോന തെരഞ്ഞെടുപ്പുകൾ നവംബർ മാസത്തിലെ 4 ഞായറാഴ്ചകളിൽ നടത്തണം. ഇപ്പോഴുള്ള ഫൊറോന ഭാരവാഹികൾ ക്രമീകരണങ്ങൾ ചെയ്യണം. താഴെ പറയുന്ന തീയതികൾ നിശ്ചയിക്കുന്നു.

നവംബർ 4 ഞായർ – ചേലക്കര, വടക്കാഞ്ചേരി, എരുമപ്പെട്ടി, ബസിലിക്ക

നവംബർ 11, ഞായർ – വേലൂർ, പാലയൂർ, പറപ്പൂർ, മറ്റം

നവംബർ 18 ഞായർ – പഴുവിൽ, ലൂർദ്ദ്, പട്ടിക്കാട്, ഒല്ലൂർ

നവംബർ 25 ഞായർ – പുത്തൂർ, കണ്ടശ്ശാംകടവ്, കൊട്ടേക്കാട്, പുതുക്കാട്

4. **കരുണാദിനം**

അഭിവന്ദ്യപിതാക്കന്മാരായ മാർ ആൻഡ്രൂസ് താഴത്ത്, മാർ ജേക്കബ് തൂങ്കുഴി എന്നിവരുടെ ജന്മദിനമായ ഡിസംബർ 13 കരുണാദിനമായി കത്തോലിക്കാകോൺഗ്രസ്സ് ആചരിക്കുന്നു.

**ഡോ. കെ. എം. ഫ്രാൻസിസ്**
പ്രസിഡന്റ്

**ഫാ. വർഗ്ഗീസ് കൂത്തൂർ**
ഡയറക്ടർ



## കെ. സി.വൈ.എം

**വിശുദ്ധ മദർതേരേസ അനുസ്മരണം**

കെ. സി. വൈ. എം. തൃശൂർ അതിരൂപതസമിതിയുടേയും വടക്കാഞ്ചേരി ഫൊറോന സമിതിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ പൂമല ലിറ്റിൽ ഫ്ളവർ ദേവാലയത്തിൽ വിശുദ്ധ മദർ തെരേസ അനുസ്മരണവും പ്രള യബാധിതർക്കുള്ള ധനസഹായവും കൈമാറി. വിശുദ്ധ മദർ തെരേസ അനുസ്മരണം കെ. സി. വൈ. എം അതിരൂപത ഡയറക്ടർ ഫാ. ഡിറ്റോ കൂള ഉദ്ഘാടനം ചെയ്തു. കെ. സി. വൈ. എം. അതിരൂപത പ്രസി ഡന്റ് അനൂപ് പുന്നപ്പുഴ അദ്ധ്യക്ഷനായ ചടങ്ങിൽ ഇടവക വികാരി ഫാ. ജോയ്സൺ കോരേത്ത്, സി. ടീന മരിയ, ജിയോ ജോൺ, റോണി അഗ

സ്റ്റിൻ, വില്ല്യംസ് എൻ. വി, കരോളിൻ ജോഷ്വാ, സന്തോഷ് തൈക്കാടൻ എന്നിവർ പ്രസംഗിച്ചു.

**ഗാന്ധിജയന്തി ശുചീകരണദിനമായി ആചരിച്ചു**

കെ. സി. വൈ. എം. തൃശൂർ അതിരൂപത സമിതിയുടേയും ലൂർദ്ദ് ഫൊറോന സമിതിയുടേയും സംയുക്ത ആഭിമുഖ്യത്തിൽ മഹാത്മാഗാന്ധിയുടെ 150–ാം ജൻമവാർഷികം ശുചീകരണദിനമായി ആചരിച്ചു. തൃശൂർ അതിരൂപത ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് ശുചീകരണപ്രവർത്തനങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു. നൂറിൽപരം വളണ്ടിയർമാരെ പങ്കെടുപ്പിച്ചുകൊണ്ട് തൃശൂർ ജില്ലാ ആശുപത്രിയുടെ മൂന്നാം ബ്ലോക്ക് പെയിന്റിംഗ് നടത്തി. സാജൻ മൂണ്ടൂർ, ശരത്ത് നല്ലങ്കര, അലക്സ്, അരുൺ മാപ്രാണത്തുകാരൻ എന്നിവർ ശുചീകരണപ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി.

| **ഫാ.ഡിറ്റോ കൂള** | **അനൂപ് പുന്നപ്പുഴ** | **ജിയോ ജോൺ** |
|---|---|---|
| ഡയറക്ടർ | പ്രസിഡണ്ട് | ജനറൽ സെക്രട്ടറി |




## സി.എൽ.സി.

**44 ടീമുകളുമായി നാലാമത് തൃശൂർ അതിരൂപത സി. എൽ. സി. ഫാ. സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ്**

തൃശൂർ അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ സെപ്റ്റംബർ 21, 22, 23 തിയ്യതികളിലായി നാലാമത് ഫാ. സിജോ ചീരൻ മെമ്മോറിയൽ സോക്കർ കപ്പ് തോപ്പ് സ്റ്റേഡിയത്തിൽ വച്ച് നടത്തപ്പെട്ടു. 2015 ൽ തുടങ്ങിയ ടൂർണമെന്റിൽ ഈ വർഷം, മൂന്നു ദിവസങ്ങളിലായി നടന്ന മത്സരത്തിൽ, തൃശൂർ അതിരൂപതയിലെ വിവിധ ഇടവകളിൽ നിന്നായി 44 ടീമുകൾ പങ്കെടുത്തു. അഭിവന്ദ്യ മാർ ആൻഡ്രൂസ് താഴത്ത് പിതാവ് മത്സരം ഉദ്ഘാടനം ചെയ്തു. ചിറ്റിശ്ശേരി സി. എൽ. സി. ഈ വർഷത്തെ ചാമ്പ്യൻമാരായപ്പോൾ, അമ്മാടം സി. എൽ. സി. രണ്ടാം സ്ഥാനവും, പറപ്പൂർ സി. എൽ. സി. മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിജയികൾക്ക് അതിരൂപത വി

കാരി ജനറാൾ മോൺ. ജോർജ്ജ് കോമ്പാറ സമ്മാനങ്ങൾ നൽകി. ടൂർണമെന്റിന്റെ ലാഭവിഹിതത്തിൽ നിന്നും ഒരു വിഹിതം തൃശൂർ അതിരൂപതയുടെ പ്രളയബാധിതർക്കുള്ള സഹായ നിധിയിലേക്ക് കൈമാറുന്നതായിരിക്കും.

**മരിയോത്സവം 2018**

അതിരൂപത സി എൽ സി യുടെ നേതൃത്വത്തിൽ, അതിരൂപതാതല സാഹിത്യ മത്സരങ്ങൾ ഒക്ടോബർ 13 നു ദേവമാതാ സി. എം. ഐ. പബ്ലിക് സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. അതിരൂപതയിലെ വിവിധ ഫൊറോനകളിലെ യൂണിറ്റുകളിൽ നിന്നുമായി 250–ഓളം മത്സരാർത്ഥികൾ മത്സരങ്ങളിൽ പങ്കെടുത്തു.

**മാർ ജോസഫ് കുണ്ടുകുളം മെമ്മോറിയൽ പ്രസംഗ മത്സരം**

അതിരൂപത സി. എൽ. സി. യുടെ നേതൃത്വത്തിൽ, അതിരൂപത തല പ്രസംഗ മത്സരം ഒക്ടോബർ 13 നു ദേവമാതാ സി. എം. ഐ. പബ്ലിക് സ്കൂളിൽ വച്ച് സംഘടിപ്പിച്ചു. 15 വയസ്സ് മുതൽ 35 വയസ്സ് വരെ ഉള്ളവർക്കായിരുന്നു മത്സരം.

**ക്രിസ്തുമസ് കാർണിവൽ ഡിസ്കൗണ്ട് കൂപ്പൺ**

തൃശൂർ അതിരൂപത സി. എൽ. സി. യുടെയും, ഇടവക സി. എൽ. സി. യൂണിറ്റുകളുടെയും സഹകരണത്തോടെ ഒരു ഡിസ്കൗണ്ട് കൂപ്പൺ ഇറക്കാൻ തീരുമാനിച്ചിരിക്കുന്നു. 25 ലീഫ് ഉള്ള ഡിസ്കൗണ്ട് കൂപ്പൺ ബുക്ക് 2 എണ്ണം വീതം യൂണിറ്റുകൾക്ക് നവംബർ ആദ്യവാരം നൽകുന്നതായിരിക്കും. ഡിസംബർ 15 നു തിരിച്ചു അതിരൂപത സി. എൽ. സി. ക്കു കൈമാറേണ്ടതാണ്. 100 രൂപ വിലയുള്ള കൂപ്പണിൽ തൃശ്ശൂരിലെ 4 പ്രമുഖ സ്ഥാപനങ്ങളുടെ ഡിസ്കൗണ്ട് ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഒരു ബമ്പർ പ്രൈസും ഉണ്ടായിരിക്കുന്നതാണ്. ഓരോ കൂപ്പണിന്റെയും 30 ശതമാനം വിഹിതം യൂണിറ്റുകൾക്ക് നൽകുന്നതായിരിക്കും. ഡിസ്കൗണ്ട് കൂപ്പൺ വിജയമാക്കുന്നതിനു എല്ലാ ഇടവക വികാരിമാരുടെയും, സി. എൽ. സി. ഡയറക്ടർമാരുടെയും സഹായ സഹകരണങ്ങൾ പ്രതീക്ഷിക്കുന്നു.

**ഫൊറോന സെനറ്റ്**

നവംബർ, ഡിസംബർ മാസങ്ങളിലായി ഫൊറോനകളിൽ, ഫൊറോന വാർഷിക സമ്മേളനങ്ങൾ സംഘടിപ്പിക്കേണ്ടതാണ്. അതതു ഫൊറോനകളിലെ എല്ലാ യൂണിറ്റ് എക്സിക്യൂട്ടീവുകളും സമ്മേളനത്തിൽ പങ്കെടുക്കുകയും, യോഗത്തിൽ യൂണിറ്റുകൾ വാർഷിക റിപ്പോർട്ട് അവതരിപ്പിക്കേണ്ടതാണ്. ഫൊറോന സെനറ്റിനു ആവശ്യമായ അവലോകന ഫോമിന്റെയും, വാർഷിക റിപ്പോർട്ട് ഫോമിന്റെയും മാതൃക ലഭിക്കുന്നതിനും, ഫൊറോന സെനറ്റിനെ പറ്റിയും കൂടുതൽ അ

റിയുന്നതിനായി അതിരൂപത സി. എൽ. സി. പ്രസിഡണ്ട് ശ്രീ. ജോമി ജോൺസണുമായി ബന്ധപ്പെടുക. ഓരോ ഫൊറോന വാർഷിക സമ്മേളനങ്ങളിലും അതിരൂപത ഭാരവാഹികൾ പങ്കെടുക്കുന്നതായിരിക്കും. ഫൊറോന വാർഷിക സമ്മേളനങ്ങളുടെ തിയ്യതി, രൂപത സി. എൽ. സി. യുമായി കൂടിയാലോചിച്ചു തീരുമാനിക്കേണ്ടതാണ്.

**ഫാ. ജിയോ തെക്കിനിയത്ത്**
ഡയറക്ടർ

**ജെസ്വിൻ സാജു**
സെക്രട്ടറി

**ജോമി ജോൺസൻ**
പ്രസിഡണ്ട്




## ചിൽഡ്രൻസ് മിനിസ്ട്രി

**അർദ്ധദിന സെമിനാർ**

തിരുബാലസഖ്യം, ജൂനിയർ സി. എൽ. സി, അൾത്താര സംഘം എന്നീ സംഘടനകളിലെ ആനിമേറ്റേഴ്സിനും ലീഡേഴ്സിനും അർദ്ധദിന സെമിനാർ സെപ്റ്റംബർ 22 ന് ഡി. ബി. സി. എൽ. സി യിൽ വച്ച് നടത്തി. 1.30 ന് രജിസ്ട്രേഷൻ ആരംഭിച്ചു. 2 മണിക്ക് പ്രാർത്ഥനയോടെ സെമിനാർ ആരംഭിച്ചു. ചിൽഡ്രൻസ് മിനിസ്ട്രി ഡയറക്ടർ ഏവരേയും സെമിനാറിലേക്ക് സ്വാഗതം ചെയ്തു. റവ. ഫാ. ക്രിസ്റ്റീൻ ചിറമ്മൽ ആനിമേറ്റേഴ്സിനും റവ. ഫാ. പ്രതീഷ് കല്ലറക്കൽ കുട്ടികൾക്കും ക്ലാസ്സെടുത്തു.

**തിരുബാലസഖ്യം, അൾത്താര സംഘം, ജൂനിയർ സി.എൽ.സി**

തിരുബാലസംഖ്യ വാർഷിക റിപ്പോർട്ടിന്റെ ഫോമും, മിഷൻ കളക്ഷൻ കവറുകളും, ജൂനിയർ സി. എൽ. സി. വാർഷിക റിപ്പോർട്ടിന്റെ ഫോം, അൾത്താരസംഘ വാർഷിക റിപ്പോർട്ടിന്റെ ഫോം, Prayer Friend Collection Cover എന്നിവ ഇതുവരെയും കൊണ്ടുപോകാത്തവർ ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നിന്ന് എത്രയും

വേഗം കൈപറ്റേണ്ടതാണ്. ഓഫീസ് സമയം രാവിലെ 9.30 മുതൽ 4.30 വരെ.

**ഉണ്ണീശോയ്ക്കൊരുമ്മ**

ഡിസംബർ 1 മുതൽ 25-ാം തീയ്യതി വരെ ക്രിസ്മസിന് ആത്മീയമായി ഒരുങ്ങുന്നതിനുള്ള ഉണ്ണീശോയ്ക്കൊരുമ്മ എന്ന നോട്ടീസ് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസിൽ നവംബർ മാസം മുതൽ ലഭ്യമായിരിക്കും.

**സാഹിത്യ മത്സരങ്ങൾ 2018**

ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ തിരുബാലസഖ്യം, അൾത്താരസംഘം, ജൂനിയർ സി. എൽ. സി. എന്നീ സംഘടനകളിലെ കുട്ടികൾക്കായി അതിരൂപതാ തലത്തിൽ സാഹിത്യമത്സരങ്ങൾ നവംബർ 10 ന് ഡി.ബി.സി.എൽ.സി. യിൽ വച്ച് ഉച്ചക്ക് 1 മണി മുതൽ വൈകിട്ട് 4 മണി വരെ നടത്തുന്നതാണ്. മത്സരത്തിനു വരുമ്പോൾ **യൂണിറ്റ് രജിസ്ട്രേഷൻ ഫോം, ബാഡ്ജ്, അംഗത്വസർട്ടിഫിക്കറ്റ് എന്നിവ നിർബന്ധമായും കൊണ്ടുവരേണ്ടതാണ്.**

**സെയിന്റ്സ് ക്വിസ്**

തൃശ്ശൂർ അതിരൂപത ചിൽഡ്രൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ മതബോധന വിദ്യാർത്ഥികൾക്കുവേണ്ടി ഫൊറോന തല സെയിന്റ്സ് ക്വിസ്സ് 2018 നവംബർ 25 ന് ഞായറാഴ്ച ഉച്ചതിരിഞ്ഞ് 3 മണി മുതൽ 4 മണി വരെ ഫൊറോന കേന്ദ്രത്തിൽ വച്ച് ചിൽഡ്രൻസ് മിനിസ്ട്രി പ്രൊമോട്ടറച്ചന്റെ നേതൃത്വത്തിൽ നടത്തേണ്ടതാണ്. ഇടവകതലത്തിൽ ഫസ്റ്റ് കിട്ടിയ മൂന്നുപേർ അടങ്ങുന്ന ഒരു ടീമാണ് ഫൊറോന തല മൽസരത്തിൽ പങ്കെടുക്കേണ്ടത്. കൂടുതൽ വിവരങ്ങൾക്ക് ചിൽഡ്രൻസ് മിനിസ്ട്രി ഓഫീസുമായി ബന്ധപ്പെടുക.

**പ്രാർത്ഥിക്കാം, പ്രവർത്തിക്കാം**

**തിരുവചനം:** "കർത്താവ് എന്റെ പ്രകാശവും രക്ഷയുമാണ്, ഞാൻ ആരെ ഭയപ്പെടണം" (സങ്കീ. 27: 1).

**സുകൃതജപം:** എന്റെ ഈശോയെ എന്നോട് കരുണ തോന്നണമേ.

**പ്രാർത്ഥനാ നിയോഗം:** ശുദ്ധീകരണാത്മാക്കൾക്കുവേണ്ടി പ്രാർത്ഥിക്കുക.

**പരിചയപ്പെടുന്ന വിശുദ്ധ:** വി. എലിസബത്ത് രാജ്ഞി (നവംബർ 17)

**പ്രവർത്തനം:** സെമിത്തേരി സന്ദർശിക്കുക

**സി. റെജി എസ്. എസ്. പി. സി**
**കോഡിനേറ്റർ**

**ഫാ. റോയ്സൻ കൊള്ളന്നൂർ**
**ഡയറക്ടർ**



## കെ. സി. എസ്. എൽ. തൃശ്ശൂർ അതിരൂപത

- **കലോത്സവ സാഹിത്യോത്സവങ്ങൾ സമാപിച്ചു.**
  ഈ വർഷത്തെ സാഹിത്യോത്സവവും കലോത്സവവും സമാപിച്ചു. കലോത്സവം ഒക്ടോബർ 2ന് സെന്റ് തോമസ് കോളേജിൽ വച്ച് നടന്നു. കലോത്സവ സമ്മാനങ്ങൾ അന്നുതന്നെ വിജയികൾക്ക് വിതരണം ചെയ്തു. സാഹിത്യോത്സവ റിസൽട്ട് ബ്ലോഗിൽ കൊടുത്തിട്ടുണ്ട്. വിജയികൾക്ക് 2019 ജനുവരിയിൽ നടക്കുന്ന വാർഷിക സമ്മേളനത്തിൽ വച്ച് സമ്മാനങ്ങൾ വിതരണം ചെയ്യുന്നതാണ്.
- **സംസ്ഥാന കലാസാഹിത്യോത്സവം ഈ വർഷം ഇല്ല**
  പ്രളയദുരന്ത പശ്ചാത്തലത്തിൽ ഈ വർഷം സംസ്ഥാന കലോത്സവവും സാഹിത്യോത്സവവും ഉണ്ടായിരിക്കുകയില്ലെന്ന് സംസ്ഥാന നേതൃത്വം അറിയിച്ചിട്ടുണ്ട്.
- **വിമാനയാത്ര നവംബർ 8ന്**
  KCSL തൃശൂർ അതിരൂപത ഒരുക്കുന്ന വിമാനയാത്ര നവംബർ 8ന് നെടുമ്പാശ്ശേരിയിൽ നിന്ന് തിരുവനന്തപുരത്തേക്ക്. യാത്രയ്ക്ക് അർഹതയുള്ള വിദ്യാർത്ഥികളെ പങ്കെടുപ്പിക്കാൻ ശ്രദ്ധിക്കുക. നവംബർ മൂന്നാം തിയ്യതി യാത്ര പോകുന്നവരുടെ ഒരു യോഗം ചേരുന്നുണ്ട്. ആനിമേറ്റർമാർ ആ വിദ്യാർത്ഥികളെ അത് അറിയിക്കണം.
- **കൂപ്പൺ – ചാരിറ്റി ഫണ്ട്**
  കൂപ്പൺ സമ്മാനങ്ങൾ, ചാരിറ്റിഫണ്ട് എന്നിവ കൊണ്ടുപോകാത്തവർ നവംബർ 3ന് വന്ന് അവ കൊണ്ടുപോകണം. വിശദവിവരങ്ങൾക്ക് രാജു മാസ്റ്ററെ വിളിക്കണം.
- **ഫ്ളഡ് റിലീഫ് ഫണ്ട്**
  KCSL അതിരൂപതാ ശതാബ്ദിയോടനുബന്ധിച്ച് പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്കായുള്ള സഹായ വിതരണത്തിന് ലഭിച്ച അപേക്ഷയുടെ വിവരങ്ങൾ ബ്ലോഗിലുണ്ട്. അർഹരായവർ ആരെങ്കിലും ലിസ്റ്റിൽനിന്ന് വിട്ടുപോയിട്ടുണ്ടെങ്കിൽ പ്രസിഡന്റിനെ അറിയിക്കുക.

**ഫാ. ആന്റണി ചെമ്പകശ്ശേരി**
ഡയറക്ടർ



# സൊസൈറ്റി ഓഫ് സെന്റ് വിൻസെന്റ് ഡി പോൾ

## സി. സി. വാർത്തകൾ

1. ചെമ്മണ്ണൂർ കോൺഫ്രൻസ് അംഗം ബ്ര. സി. സി. ലോറൻസ്, സെൻട്രൽ കൗൺസിൽ മുൻപ്രസിഡന്റ് ബ്രദർ ടി. ഒ. മാത്യുവിന്റെ ഭാര്യ റോസി എന്നിവരുടെ നിര്യാണത്തിൽ ആദരാജ്ഞലി അർപ്പിച്ചു.
2. മരിച്ചവരുടെ ഓർമ്മ ആചരിക്കുന്ന നവംബർ മാസത്തിൽ, 4–ാം തിയ്യതി ഞായറാഴ്ച 2 PMന് തൃശൂർ ലൂർദ്ദ് മെട്രോപ്പൊലീറ്റൻ ദൈവാലയത്തിൽ വെച്ച് പരേതർക്കായി ദിവ്യബലി, ഒപ്പീസ് തുടങ്ങിയ തിരുകർമ്മങ്ങൾ നടത്തുന്നതാണ്. എല്ലാ വിൻസെൻഷ്യൻ പ്രവർത്തകരും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.
3. ചെന്നൈയിൽ വെച്ച് നടക്കുന്ന യൂത്ത് ക്യാമ്പിൽ തൃശൂർ സിസിയുടെ പ്രതിനിധിയായി ബ്രദർ ഏബൽ ജോണിനെ അയക്കുവാൻ തീരുമാനിച്ചു.
4. പുതുക്കാട് ഫൊറോനയിലെ തൊറവ് സെന്റ് ആന്റണീസ് ദൈവാലയത്തിലും, പാലയൂർ ഫൊറോനയിലെ വൈലത്തൂർ സെന്റ് സിറിയക്ക് ദൈവാലയത്തിലും പുതിയ കോൺഫ്രൻസുകൾ ആരംഭിക്കുന്നതിന് അനുമതി നൽകി.
5. തൃശൂർ അതിരൂപത കൗൺസിലിന്റെ സപ്തതി ആഘോഷത്തോടനുബന്ധിച്ച് 3.20 കോടി രൂപയുടെ ജീവകാരുണ്യപ്രവർത്തനങ്ങൾ നടത്തി. സപ്തതി ആഘോഷം, കുരിയച്ചിറ സെന്റ് ജോസഫ്സ് മോഡൽ ഹയർ സെക്കണ്ടറി സ്കൂളിൽ വെച്ച് നാഷണൽ കൗൺസിൽ പ്രസിഡന്റ് ബ്രദർ ഡോ. ജോൺസൺ വർഗ്ഗീസിന്റെ അദ്ധ്യക്ഷതയിൽ കൂടിയയോഗം അതിരൂപത കൗൺസിൽ അധ്യാത്മീകോപദേഷ്ടാവ് റവ. ഫാ. റോയ് മൂക്കൻ ഉദ്ഘാടനം ചെയ്തു. സംഘടന നടത്തറയിൽ പണിതുകൊടുത്ത 10 വീടുകളുടെ ആധാരങ്ങൾ ഉടമസ്ഥർക്ക് ചടങ്ങിൽ വെച്ച് കൈമാറി. റവ. ഫാ.

ജോൺ അയ്യങ്കാനയിൽ സപ്തതി സോവനീയർ പ്രകാശനവും, മത്സരവിജയികൾക്ക് സമ്മാന വിതരണവും നടത്തി. പാലക്കാട് രൂപത പ്രസിഡന്റ് ബ്രദർ സണ്ണി മാത്യു ആശംസകൾ നേർന്നു.

| | |
|---|---|
| **ഫാ. റോയ് മൂക്കൻ** | **കെ. എ. ഷിബു** |
| ആദ്ധ്യാത്മികോപദേഷ്ടാവ് | പ്രസിഡണ്ട് |




**വി. കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും**

സെപ്റ്റംബർ 24 തിങ്കളാഴ്ച തൃശ്ശൂർ ലൂർദ്ദ് കത്ത്രീഡലിൽ രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 4 മണി വരെ വി.കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും നടത്തി. തൃശ്ശൂർ അതിരൂപത മെത്രാപ്പോലീത്ത മാർ ആൻഡ്രൂസ് താഴത്ത് ഉദ്ഘാടന സന്ദേശം നൽകി. കരിസ്മാറ്റിക് നവീകരണ മുന്നേറ്റം കേരള സർവീസ് ടീം അംഗം റവ. ഫാ. അലോഷ്യസ് കുളങ്ങര മുഖ്യസന്ദേശം നൽകി. വി.കുരിശിന്റെ ആശീർവാദവും കുരിശിന്റെ പ്രയാണത്തിന്റെ ഉദ്ഘാടനവും മാർ താഴത്ത് പിതാവ് നിർവഹിച്ചു. അതിരൂപത ഡയറക്കടർ ഫാ. സജീവ് ഇമ്മട്ടി ദിവ്യകാരുണ്യാരാധനയ്ക്ക് നേതൃത്വം നൽകി. ലൂർദ്ദ് കത്തീഡ്രൽ ചുറ്റിയുള്ള ജെറീക്കോ പ്രാർത്ഥനയും ഉണ്ടായിരുന്നു. പങ്കെടുത്തവർക്കെല്ലാം 'ക്രോസ് ഇൻ മൈ പോക്കറ്റ്' എന്ന പേരിൽ കുരിശിന്റെ മെമന്റോ സമ്മാനിച്ചു.

**വി. കുരിശിന്റെ പ്രയാണം ഫൊറോനകളിലൂടെ**

തൃശ്ശൂർ അതിരൂപതയിലെ എല്ലാ ഫൊറോനകളിലൂടെയും നടത്തിയ കുരിശിന്റെ പ്രയാണം സെപ്റ്റംബർ 29 ന് പുതുക്കാട് ഫൊറോനയിൽ നിന്ന് ആരംഭിച്ചു. അന്ന് രാവിലെ 9 മുതൽ ഉച്ചയ്ക്ക് 1 വരെ നടന്ന ഉപവാസപ്രാർത്ഥനയിൽ അനേകർ പങ്കെടുത്തു. ഉച്ചകഴിഞ്ഞ് 2 മണിയോടെ ഒല്ലൂർ ഫൊറോന ദൈവാലയത്തിൽ പ്രയാണം എത്തിച്ചേർന്നു. കുരിശിന്റെ സന്ദേശം, വന്ദനം, ദിവ്യകാരുണ്യാരാധന, ജെറീക്കോ പ്രാർത്ഥന എന്നിവയും ഉണ്ടായിരുന്നു.

ഒക്ടോബർ 5 ന് നടന്ന പ്രയാണം രാവിലെ പഴുവിൽ ഫൊറോന യിലെ താന്ന്യം ഇടവകയിലും ഉച്ചകഴിഞ്ഞ് കണ്ടശ്ശാംകടവ് ഫൊറോന യിലെ മണലൂർ കിഴക്കെ പള്ളിയിലും എത്തിച്ചേർന്നു. രണ്ടു സ്ഥലത്തും ജെറീക്കോ പ്രാർത്ഥനയും കുരിശിന്റെ വന്ദനവും ദിവ്യകാരുണ്യാരാധ നയും നടത്തി. ഒക്ടോബർ 6 ന് രാവിലെ പാലയൂർ മാർതോമാ തീർത്ഥകേന്ദ്രത്തിലും ഉച്ചകഴിഞ്ഞ് മറ്റം ഫൊറോന ദൈവാലയത്തിലും കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും നടത്തി.

ഒക്ടോബർ 12ന് പട്ടിക്കാട് ഫൊറോനയിലെ കണ്ണാറയിലും പുത്തൂർ ഫൊറോന ദൈവാലയത്തിലും 13 ന് ലൂർദ്ദ് ഫൊറോനയിലെ ചെമ്പൂ ക്കാവ് ഇടവകപള്ളിയിലും ബസിലിക്ക ഫൊറോനയിലെ കണ്ണംകുള ങ്ങര ഇടവക പള്ളിയിലും കുരിശിന്റെ പ്രയാണം നടന്നു. പറപ്പൂർ, കൊട്ടേ ക്കാട്, എരുമപ്പെട്ടി, വേലൂർ, ചേലക്കര, വടക്കാഞ്ചേരി ഫൊറോനകളിലും ഒക്ടോബർ മാസത്തിലെ വെള്ളി, ശനി ദിവസങ്ങളിലായി കുരിശിന്റെ പ്രയാണവും ജെറീക്കോ പ്രാർത്ഥനയും സംഘടിപ്പിച്ചു.

**സബ്റീജിയൻ സന്ദർശനം**

കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷന്റെ സബ്റീജിയൻ സന്ദർശനം നവംബർ 7 ബുധനാഴ്ച രാവിലെ 9.30 മുതൽ ഉച്ചകഴിഞ്ഞ് 3 മണിവരെ ചേറൂർ ആബാ റിന്യൂവൽ സെന്ററിൽ നടത്തുന്നതാണ്. കെ.സി.ബി.സി കരിസ്മാറ്റിക് കമ്മീഷൻ ചെയർമാൻ ബിഷപ്പ് സാമുവൽ മാർ ഐറീ നിയോസ് മുഖ്യ പ്രഭാഷണം നടത്തും. തൃശ്ശൂർ, പാലക്കാട്, ഇരിങ്ങാല ക്കുട രൂപതകളിലെ കരിസ്മാറ്റിക് പ്രാർത്ഥനാ ഗ്രൂപ്പുകളുടെ ലീഡേ ഴ്സ്, സബ്സോൺ, സോൺ സർവീസ് ടീമുകൾ മിനിസ്ട്രികളുടെ രൂപതാതല സർവീസ് ടീമുകൾ എന്നിവർ ഈ പരിപാടിയിൽ പങ്കെടു ക്കുന്നതാണ്. വി.കുർബാന, ജപമാല, സ്തുതി ആരാധന, വചനപ്രഘോ ഷണം, ചർച്ചാവേദി എന്നിവ ഉണ്ടായിരിക്കും.

**പ്രാർത്ഥന-പരിശീലനപരിപാടികൾ**

സ്പിരിച്ച്വൽ ഗൈഡൻസ് നൽകുന്നവർക്കും വചനപ്രഘോഷകർക്കു മുള്ള പ്രത്യേക പ്രാർത്ഥന പരിശീലന പരിപാടികൾ ആബാ റിന്യൂ വൽ സെന്ററിൽ നടക്കുന്നതാണ്. റസിഡൻഷ്യൽ പ്രോഗ്രാമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്.

തിയ്യതികൾ താഴെ ചേർക്കുന്നു, മുൻകൂട്ടി ബുക്ക് ചെയ്യണം.

**സ്പിരിചൽ ഗൈഡൻസ് :**

ആദ്യ ബാച്ച് –

നവംബർ 25 ഞായർ വൈകീട്ട് 4 മുതൽ നവംബർ 27 ചൊവ്വ രാത്രി 10 വരെ

രണ്ടാം ബാച്ച് –

നവംബർ 28 ബുധൻ  വൈകീട്ട് 4 മുതൽ നവംബർ 30 വെള്ളി രാത്രി 10 വരെ

**വചന പ്രഘോഷണം**
ആദ്യ ബാച്ച് –
ഡിസംബർ 6 വ്യാഴം 4 മുതൽ ഡിസംബർ 8 ശനി രാത്രി 10 വരെ
രണ്ടാം ബാച്ച് –
ഡിസംബർ 9 ഞായർ 4 മണി മുതൽ 11 ചൊവ്വ രാത്രി 10 മണി വരെ

**ഫാ. സജീവ് ഇമ്മട്ടി**
ഡയറക്ടർ

**സാബു എം.വർഗ്ഗീസ്**
കോർഡിനേറ്റർ




## സ്ലംസർവ്വീസ്സെന്റർ

**ഒരു ലക്ഷം രൂപ സഹായധനം നൽകും:**
തൃശ്ശൂർ അതിരൂപത സ്ലംസർവ്വീസ് സെന്ററും, അതിന്റെ കീഴിലുള്ള അയൽക്കൂട്ടങ്ങളും പതിവുള്ള ഓണാഘോഷം മാറ്റിവെച്ച് 25 പ്രളയ ബാധിതകുടുംബങ്ങൾക്ക് ഭവനനിർമ്മാണ സഹായമായി 1 ലക്ഷം രൂപ നൽകുവാൻ തീരുമാനിച്ചു. യോഗത്തിൽ ഡയറക്ടർ ഫാ. വർഗ്ഗീസ് കരിപ്പേരി അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി ബേബി മൂക്കൻ, സി. കെ. സുശീല, സിൽവി ജോയ്, റിബിൾസണ്ണി, പ്രേമ മൈക്കിൾ, ജാൻസി ജോൺസൻ, വി. എസ്. ജോൺസൻ കൊച്ചുത്രേസ്യ എന്നിവർ സംസാരിച്ചു.

**പടവരാട്, ചിയ്യാരം, പനമുക്ക് എന്നിവിടങ്ങളിലായി പുതിയ 3 അയൽക്കൂട്ടങ്ങൾ രൂപീകരിച്ചു:**
അയൽക്കൂട്ടങ്ങളിലെ അംഗങ്ങൾ, കുടുംബാംഗങ്ങൾ എന്നിവർ മരണപ്പെട്ടാൽ യഥാക്രമം 5000 രൂപ, 1000 രൂപ വീതം സഹായധനം നൽകാൻ തീരുമാനിച്ചു.

**ഫാ. വർഗ്ഗീസ് കരിപ്പേരി**
ഡയറക്ടർ

**ജോബ് ചിറമ്മൽ**
പ്രസിഡണ്ട്

**ബേബി മൂക്കൻ**
സെക്രട്ടറി



## കാത്തലിക് നേഴ്സസ് ഗിൽഡ്

കാത്തലിക് നേഴ്സസ് ഗിൽഡിനെ, തൃശ്ശൂർ അതിരൂപതയുടെ കീഴിൽ ഒരു ട്രസ്റ്റായി രൂപീകരിക്കുക എന്ന ചിരകാലസ്വപ്നം സാക്ഷാത്ക്കരിച്ചു. ഇനി മുതൽ കാത്തലിക് നേഴ്സസ് ഗിൽഡ് ഓഫ് ഇന്ത്യ എന്ന സംഘടനയോട് ചേർന്നു നിന്നുകൊണ്ടുതന്നെ, തൃശ്ശൂർ അതിരൂപതയിലെ ആതുരാലയങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ നേഴ്സുമാരും, എല്ലാ ഡിപ്പാർട്ട്മെന്റ് അംഗങ്ങളും, ഈ ട്രസ്റ്റിന്റെ ഭാഗമായിക്കൊണ്ട് ഒരു സ്വതന്ത്രശാഖയായി പ്രവർ ത്തിക്കുന്നതായിരിക്കും. അതിനാൽ ട്രസ്റ്റിന്റെ പേര് *കാത്തലിക്ക് നേഴ്സസ് ഗിൽഡ് ആർച്ച്ഡയോസിസ് ഓഫ് തൃശ്ശൂർ* എന്നായിരിക്കും. നേഴ്സസ് ഗിൽഡ് ഡയറക്ടർ, എക്സിക്യൂട്ടീവ് അംഗങ്ങൾ, തൃശ്ശൂർ ആർച്ച്ബിഷപ്പ് മാർ ആൻഡ്രൂസ് താഴത്ത് പിതാവുമായും, മോൺ. ജോർജ്ജ് കോമ്പാറയുമായും ട്രസ്റ്റ് രൂപീകരണത്തിന്റെ ചർച്ചകൾ നടത്തുകയുണ്ടായി. സെപ്റ്റംബർ 15–ന് തൃശ്ശൂർ ജൂബിലി മിഷൻ ഹോസ്പിറ്റലിൽ എക്സിക്യൂട്ടീവ് മീറ്റിങ്ങും നടന്നു. ട്രസ്റ്റ് രൂപീകരണത്തിന്റെ അവസാനഘട്ടചർച്ചകളും, നൈറ്റിംഗേൽസ് മീറ്റ് – 2018–ന്റെ നടത്തിപ്പിനായി ഓക്ടോബർ മാസത്തിൽ ജനറൽ ബോഡി നടത്താൻ തീരുമാനിക്കുകയും ചെയ്തു.

**ഫാ. പോൾ കള്ളിക്കാടൻ**
ഡയറക്ടർ

# ലീജിയൺ ഓഫ് അപ്പസ്തോലിക് ഫാമിലീസ്

ലോഫ് ഫാമിലിപ്രയർ ഈവനിംഗ് :

സെപ്റ്റംബർ മാസത്തിലെ ആത്മീയ കൂട്ടായ്മ എട്ടാം തിയതി (രണ്ടാം ശനിയാഴ്ച) വൈകീട്ട് 6 മുതൽ 10 വരെ കാച്ചേരി മഡോണ മൈനർ സെമിനാരിയിൽ നടന്നു. 25 കുടുംബങ്ങളിൽ നിന്ന് 100 പേർ പങ്കെടുത്തു. മാതാവിന്റെ ജനനത്തിരുനാൾ സമുചിതമായി ആഘോഷിച്ചു. അടുത്ത കൂട്ടായ്മകൾ ഒക്ടോബർ 13, നവംബർ 10 (രണ്ടാം ശനിയാഴ്ച) വൈകീട്ട് 6 മുതൽ 10 വരെ നടക്കും. താൽപര്യമുള്ള കുടുംബങ്ങളെ പറഞ്ഞയക്കണേ.

ലോക കുടുംബ സംഗമം 2018, അയർലണ്ട് :

2018 ലോക കുടുംബസംഗമം അയർലണ്ടിൽ നടക്കുന്നു. ഫ്രാൻസീസ് മാർപാപ്പ പങ്കെടുത്തു. ലോഫ് കുടുംബങ്ങളുടെ പ്രതിനിധികൾ ആയി സെക്രട്ടറി ദമ്പതികൾ, ഡോ. ജോർജ്ജ് ലിയോൺ, അനി ജോർജ്ജ് ലിയോൺ എന്നിവർ പങ്കെടുത്തു. കുടുംബങ്ങൾക്ക് വേണ്ടി പ്രാർത്ഥിക്കുവാനും, പ്രവർത്തിക്കുവാനും സന്നദ്ധരായി അനേകം കുടുംബങ്ങൾ, സംഘടനകൾ, വൈദീകർ, സമർപ്പിതർ എന്നിവരെ കാണാൻ സാധിച്ചു. തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് കൂടുതൽ ഊർജ്ജം ലഭിച്ചു എന്ന് അവർ സാക്ഷ്യപ്പെടുത്തി. അടുത്ത ലോക കുടംബ സംഗമം 2021ൽ റോമിൽ നടക്കും. ഈ സംഗമത്തിൽ കൂടുതൽ ലോഫ് കുടുംബങ്ങൾ പങ്കെടുക്കുവാൻ ശ്രമിക്കണമെന്നും അവർ പറഞ്ഞു.

മതബോധന കമ്മീഷൻ സെക്രട്ടറി :

ലോഫ് പ്രസിഡന്റ് ദമ്പതികളിലെ ഡോ. ടോണി ജോസഫ്, തൃശൂർ അതിരൂപത മതബോധന കമ്മീഷൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. പുതിയ ഉത്തരവാദിത്വം ഭംഗിയായി നിറവേറ്റാൻ ദൈവാനുഗ്രഹം നേരുന്നു.

ലോഫ് കുടുംബ ധ്യാനം :

മറ്റു കുടുംബങ്ങൾക്കായി നടത്തിയ ലോഫ് കുടുംബധ്യാനം സെപ്റ്റംബർ 14 വെള്ളിയാഴ്ച്ച മുതൽ ആമ്പല്ലൂർ സ്പിരിച്ച്വൽ അനിമേഷൻ സെന്ററിൽ നടന്നു. 15 കുടുംബങ്ങൾ പങ്കെടുത്തു. അതിരൂപതയിലെ വൈദീ

കരോടൊപ്പം സമർപ്പിത വൈദീകരും ലോഫ് കുടുംബങ്ങളും ധ്യാനം നയിച്ചു. കുട്ടികൾക്ക് പ്രത്യേക ധ്യാനം ഒരുക്കിയിരുന്നു.

ലോഫ് കുടുംബധ്യാനത്തിൽ മാതാപിതാക്കൾക്ക് മക്കളോടൊപ്പം പങ്കെടുക്കാം. ആമ്പല്ലൂർ സ്പിരിച്ചൽ ആനിമേഷൻ സെന്ററിൽ ഡിസംബർ 14 വെള്ളിയാഴ്ച്ച വൈകീട്ട് അഞ്ചിന് ആരംഭിക്കും. ഞായറാഴ്ച വൈകിട്ട് 5 മണിക്ക് സമാപിക്കും. താൽപര്യമുള്ള കുടുംബങ്ങളെ പറഞ്ഞയക്കേണമേ!

ലോഫ് അക്കാദമിക് സെഷൻ :

സെപ്റ്റംബർ മാസത്തിലെ അക്കാദമിക് സെക്ഷൻ നാലാം കൽപനയെക്കുറിച്ച് പഠിച്ചു. ഡോ. ടോണി ജോസഫ് ക്ളാസ് നയിച്ചു. ഡോ. പൊന്നു നോബി 'രക്ഷകന്റെ പാലകൻ' എന്ന അപ്പസ്തോലിക ലേഖനം പരിചയപ്പെടുത്തി. ഒക്ടോബർ മാസത്തിൽ തിരുവചനത്തിലെ പഴയ നിയമവും പുതിയനിയമവും തമ്മിലുള്ള ബന്ധത്തെ കുറിച്ച് റവ. ഫാ. ഡെന്നി ചിറയത്ത് ക്ലാസ്സ് നയിച്ചു. കർത്താവിന്റെ വചനം എന്ന ചാക്രിക ലേഖനം പരിചയപ്പെടുത്തി.

ലോഫ് മദ്ധ്യസ്ഥ പ്രാർത്ഥന :

കുടുംബങ്ങൾക്കും സഭക്കും വേണ്ടി പ്രാർത്ഥിക്കുവാൻ സെപ്റ്റംബർ 28 വെള്ളിയാഴ്ച്ച വൈകീട്ട് 7.30 മുതൽ 10 വരെ തൃശൂർ ഫാമിലി അപ്പസ്തോലേറ്റിൽ ലോഫ് ഇന്റർസെക്ഷൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ മദ്ധ്യസ്ഥ പ്രാർത്ഥന നടത്തി.

"ലോഫ് കപ്പിൾ ടു കപ്പിൾ മീറ്റ് 2018"

"ലോഫ് കപ്പിൾ ടു കപ്പിൾ മീറ്റ് 2018" മുല്ലക്കര ഇടവകയിൽ നടന്നു. ലോഫ് ഔട്ട്റീച്ച് മിനിസ്ട്രിയുടെ നേതൃത്വത്തിൽ 15 കുടുംബങ്ങൾ മുല്ലക്കര ഇടവകയിൽ വീടുകൾ തോറും പോയി ദമ്പതികളുമായി ആശയവിനിമയം നടത്തി. കുടുംബങ്ങൾക്ക് ഒരു പുതിയ അനുഭവം ആയിരുന്നു ഈ പരിപാടി

ബെത്ലേഹം ദമ്പതി സംഗമം 2018

മരിയാപുരം ഇടവകയിൽ ഡിസംബർ2ന് ഇടവകയിലെ മതാദ്ധ്യാപകർ, മതബോധന പി. ടി. എ. എന്നിവരുടെ സഹകരണത്തോടെ 2000ആണ്ടിലോ അതിന് ശേഷമോ വിവാഹതരായ ദമ്പതികൾക്ക് വേണ്ടി ലോഫ് ഔട്ട്റീച്ച് മിനിസ്ട്രിയുടെ നേതൃത്വത്തിൽ ബെത്ലേഹം ദമ്പതീ സംഗമം നടത്തുന്നു. പ്രാരംഭ പ്രവർത്തനങ്ങൾ ബഹു. വികാരി അച്ചൻ, കൊച്ചച്ചൻ എന്നിവരുടെ നേതൃത്വത്തിൽ നടക്കുന്നു.

കുടുംബ പ്രേക്ഷിതത്വത്തിന് ലോഫ് കുടുംബങ്ങളുടെ എളിയ പരിശ്രമങ്ങൾ വിജയിക്കുന്നതിനായി പ്രാർത്ഥിക്കണമേ !

**ഫാ. ഫ്രാൻസീസ് ആളൂർ** ഡയറക്ടർ

**ഡോ. ടോണി ജോസഫ് & ഡോ. സുനി** പ്രസിഡന്റ് ദമ്പതികൾ



# പാക്ട് വാർത്തകൾ

## അറിയിപ്പുകൾ

**പാക്ട് 201 ഇടവകകളിൽ**

നമ്മുടെ അതിരൂപതയുടെ മൂന്നാം അസംബ്ലിയുടെ നിർദ്ദേശങ്ങൾ നടപ്പാക്കാനും അജപാലനനയം തയ്യാറാക്കി അതിന്റെ അടിസ്ഥാനത്തിൽ വിവിധ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പാക്കാൻ സഹായിക്കാനും വേണ്ടി അജപാലന സമിതിയായ പാക്ട് (പാസ്റ്ററൽ ആനിമേഷൻ & കോർഡിനേഷൻ ടീം) നമ്മുടെ അതിരൂപതയിലെ 201 ഇടവകകളിൽ രൂപീകരിച്ചു. ബാക്കി ഇടവകകളിൽ ഉടൻ രൂപീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇതിനായി നേതൃത്വം നൽകിയ ബഹു. വികാരിയച്ചൻമാർക്കും പ്രതിനിധിയോഗാംഗങ്ങൾക്കും അനുമോദനങ്ങൾ. പെ. ബഹു. ഫൊറോന വികാരിയച്ചൻമാർ, പാക്ട് ഫൊറോന കൺവീനർമാർ, പ്രതിനിധി യോഗാംഗങ്ങൾക്കുള്ള പരിശീലന പരിപാടിക്ക് സഹായം നൽകിയ വിദഗ്ദർ, അതിരൂപതാതല പാക്ട് സെക്രട്ടറിയേറ്റ് അംഗങ്ങൾ എന്നിവർക്ക് പ്രത്യേകം നന്ദി. ഇടവകയുടെയും ഫൊറോനയുടെയും അതിരൂപതയുടെയും അജപാലനപരമായ നവീകരണത്തിനും ആദ്ധ്യാത്മികവും സാമൂഹികവും ഭൗതികവുമായ പുരോഗതിക്ക് പാക്ടിന്റെ പ്രവർത്തനങ്ങൾ കാരണമാകട്ടെയെന്ന് ആശംസിക്കുന്നു.

**അതിരൂപതാ അജപാലന പദ്ധതി**

അതിരൂപതാ അസംബ്ലി അന്തിമമായി അംഗീകരിച്ച് അതിരുപതാദ്ധ്യക്ഷനു സമർപ്പിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ അതിരൂപതാതല പാക്ടിന്റെ നേതൃത്വത്തിൽ ഒരു അജപാലനപദ്ധതി തയ്യാറാക്കുന്നു. 2018 നവംബർ 30–ന് ഈ രേഖ ഔപചാരികമായി പ്രകാശനം ചെയ്യുന്നതാണ്. വരുന്ന അഞ്ച് വർഷങ്ങൾകൊണ്ട് അസംബ്ലി നിർദ്ദേശങ്ങൾ നമ്മുടെ അതിരൂപതയിൽ നടപ്പാക്കുന്ന തരത്തിലാണ് ഈ അജപാലന പദ്ധതി തയ്യാറാക്കുന്നത്.

**ഇടവക അജപാലന പദ്ധതി**

അതിരൂപതാ അജപാലപദ്ധതിയിലെ കുടുംബ–ഇടവക തലത്തിൽ നടപ്പാക്കുവാൻ നിർദ്ദേശിക്കപ്പെട്ട പ്രവർത്തനങ്ങൾ സാധ്യമായ രീതിയിൽ, ഇടവകയുടെ അജപാലന പശ്ചാത്തലത്തിന് ചേർന്ന വിധത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ട്, ഇടവക അസംബ്ലിയുടെ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ, നിലവിലുള്ള അജപാലന ആവശ്യങ്ങളെയും സാഹചര്യങ്ങളേയും പരിഗണിച്ച്, ഇടവകതല പാക്ട് തങ്ങളുടെ ഇടവകക്കായി 2019 വർഷത്തേക്കുള്ള അജപാലന പദ്ധതി നവംബർ മാസത്തിൽ തയ്യാറാക്കേണ്ടതാണ്. ബഹു. വികാരിയച്ചന്റെ അദ്ധ്യക്ഷതയിൽ പാക്ട് സമ്മേളിച്ച് അജപാലന പദ്ധതിയുടെ രൂപരേഖ തയ്യാറാക്കണം. അജപാലന പദ്ധതി തയ്യാറാക്കാൻ വേണ്ട പരിശീലനം ഇടവകതല പാക്ടിലെ അംഗങ്ങൾക്കും ബഹു. വികാരിയച്ചൻമാർക്കും നവംബർ 4, 11 തിയ്യതികളിൽ ഫൊറോനതലത്തിൽ ക്രമീകരിച്ചിട്ടുണ്ട്. പ്രസ്തുത പരിശീലന പരിപാടിയിൽ പാക്ട് അംഗങ്ങളും ബഹു. വൈദികരും പങ്കെടുക്കേണ്ടതാണ്. കൂടാതെ അജപാലനപദ്ധതി തയ്യാറാക്കുന്നതിലുള്ള സംശയങ്ങൾ ദുരീകരിക്കാനും ആവശ്യമായ മാർഗ്ഗനിർദ്ദേശം നൽകാനും അതിരൂപതാ കാര്യാലയത്തിലെ പാക്ട് ഓഫീസിൽ ഒരു ഹെൽപ്പ് ഡെസ്ക് രൂപീകരിച്ചിട്ടുണ്ട്.

ഇടവകതല പാക്ട് ഇടവകക്കുവേണ്ടി തയ്യാറാക്കുന്ന അജപാലന പദ്ധതി ഡിസംബർ മാസത്തിൽ പള്ളി യോഗത്തിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്. പള്ളിയോഗം ഇടവകയുടെ നന്മയ്ക്കുവേണ്ടി രൂപീകരിക്കുന്ന അജപാലന പദ്ധതിയിലെ വിവിധ പ്രവർത്തനങ്ങൾ ഇടവകയിലെ സംഘടനകളുടെയും കുടുംബകൂട്ടായ്മകളുടെയും പ്രസ്ഥാനങ്ങളുടേയും സ്ഥാപനങ്ങളുടെയും നേതൃത്വത്തിൽ നടപ്പാക്കേണ്ടതാണ്. നമ്മുടെ അതിരൂപതയിലെ എല്ലാ ഇടവകകളുടെയും 2019 ലേക്കുള്ള അജപാലന പദ്ധതി ഈ വർഷത്തെ ക്രിസ്തുമസ്സ് ദിനത്തിൽ ഔപചാരികമായി പ്രകാശനം ചെയ്യേണ്ടതാണ്. ബഹു. വികാരിയച്ചൻമാർ സഭാകൂട്ടായ്മയേയും സമുദായകെട്ടുറപ്പിനേയും ശക്തിപ്പെടുത്താൻ കൂടി സഹായിക്കുന്ന ഈ സവിശേഷദൗത്യം നിർവ്വഹിക്കാൻ ഔദാര്യപൂർവ്വം നേതൃത്വം നൽകണമെന്നും അഭ്യർത്ഥിക്കുന്നു.

**ഫാ. സൈജോ തൈക്കാട്ടിൽ**
പാക്ട് കോർഡിനേറ്റർ

# സെക്കുലർ ഫ്രാൻസിസ്കൻ ഓർഡർ (SFO)



തൃശൂർ അതിരൂപത ഫ്രാൻസിസ്ക്കൻ അൽമായസഭയുടെ എക്സിക്യൂട്ടീവ് യോഗം 13.10.2018 ശനിയാഴ്ച ഉച്ചകഴിഞ്ഞ് 3.30 ന് വടക്കാഞ്ചേരി ARC യിൽ കൂട്ടി പ്രവർത്തനങ്ങൾ വിലയിരുത്തി. ഡയറക്ടർ ഫാ.ഷിന്റോ ഞർളേലി അദ്ധ്യക്ഷത വഹിച്ചു. പുതിയ ആനിമേറ്റർസ് ആയി ചാർജ്ജ് ഏറ്റെടുത്ത സി. ഷാരോൺ തെരേസയേയും സി. ഷിൻസി ജോസഫിനേയും യോഗത്തിലേക്ക് സ്വാഗതം ചെയ്തു. ഫാ. ജോസ് പുല്ലോക്കാരൻ, ഫാ. ദിൽ കോനിക്കര, സി. ഫ്ളവർലിറ്റ്, സി. ലിറ്റി തെരേസ, സി. നിത്യ റോസ് എന്നിവർ പ്രസംഗിച്ചു. യോഗത്തിൽ അതിരൂപത പ്രസിഡണ്ട് സണ്ണി വടക്കൻ, സെക്രട്ടറി പി. ഐ. സൈമൺ, ട്രഷറർ ടി. കെ. ഡേവീസ് റീജിയൺ പ്രസിഡണ്ടുമാരായ ജോസ് പീറ്റർ, കെ.ജി. ജേക്കബ്, സെലീന ജോൺ എന്നിവർ പങ്കെടുത്തു. നവംബർ 1 – ന് ദൈവദാസൻ പുത്തൻപറമ്പിൽ തോമച്ചന്റെ കബറിടം സന്ദർശിക്കുവാൻ നവംബർ 1 ന് എടത്വയിലേക്ക് കഴിയുന്നത്ര അംഗങ്ങൾ പോകുവാൻ തീരുമാനിച്ചു. റീജിയൺ തിരുനാളുകൾ വിപുലമായ പരിപാടികളോടെ ഭക്തി നിർഭരമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. നാഷണൽ ചാപ്റ്ററിൽ അതിരൂപതയിലെ റീജിയൺ പ്രസിഡണ്ടുമാർ പങ്കെടുക്കേണ്ടതില്ല എന്ന് തീരുമാനിച്ചു.

**റവ. ഫാ. ഷിന്റോ ഞർളേലി OFM. Cap.**
ഡയറക്ടർ

**സണ്ണി വടക്കൻ**
പ്രസിഡന്റ്




**എക്സൽ അക്കാദമി Junior IAS.......**
**Science Genius പരീക്ഷകൾ**

തൃശൂർ ജില്ലയിലെ സ്റ്റേറ്റ്, സി.ബി.എസ്.ഇ. സിലബസിൽ ഉൾപ്പെടുന്ന എല്ലാ സ്കൂളുകളിലേയും ആറാം ക്ലാസുമുതൽ പ്ലസ്ടു വരെയുള്ള ക്ലാസുകളിലെ പതിനായിരത്തോളം വിദ്യാർത്ഥികൾക്കുവേണ്ടി എക്സൽ അക്കാദമി, **സയൻസ് ജീനിയസ്, ജൂനിയർ ഐ.എ.എസ്.** എന്നീ രണ്ടു പരീക്ഷകൾ നടത്തുന്നു. **2018 നവംബർ 8–ാം തിയതി** സയൻസ് ജീനിയസ് പരീക്ഷയും, **നവംബർ 22–ാം തിയതി** ജൂനിയർ ഐ.എ.എസ്. പരീക്ഷയും സ്കൂൾ തലത്തിൽ സംഘടിപ്പിക്കുന്നു. അതിൽ തെരഞ്ഞെടുക്കുന്ന വിദ്യാർത്ഥികൾക്ക് **ഏപ്രിൽ മാസത്തിൽ** ജില്ലാതലത്തിൽ ഫൈനൽ പരീക്ഷകൾ നടത്തുന്നു. ഉന്നതവിജയം കരസ്ഥമാക്കുന്നവർക്ക് **ക്യാഷ് അവാർഡുകളും, സ്കോളർഷിപ്പുകളും** നൽകുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**
**PH:- 9847276657, 9846905210**

**EXCEL IELTS - FREE MASTER CLASS**

എല്ലാ മാസത്തിലേയും രണ്ടാമത്തെ തിങ്കളാഴ്ച രാവിലെ **11 മണി മുതൽ 12 മണി** വരെ, **തൃശൂർ ബിഷപ്പ് ഹൗസ്, DBCLC, എക്സൽ IELTS ക്യാമ്പസിൽ വെച്ച് EXCEL IELTS - FREE MASTER CLASS**കൾ സംഘടിപ്പിക്കുന്നു. **IELTS** കോഴ്സിൽ പഠിച്ചുകൊണ്ടിരിക്കുന്നവർക്കും, പഠിക്കാൻ ഉദ്ദേശിക്കുന്നവർക്കും ഈ ക്ലാസുകൾ വളരെ ഉപകാരപ്രദമായിരിക്കും. ക്ലാസുകളിൽ പങ്കെടുക്കുവാൻ ഉദ്ദേശിക്കുന്നവർ പേരുകൾ മുൻകൂട്ടി റജിസ്റ്റർ ചെയ്യേണ്ടതാണ്.

**കൂടുതൽ വിവരങ്ങൾക്ക്**
**PH:- 9497800946, 9747051354**

## PSC SCHOLARSHIP TEST

**ഒക്ടോബർ 7–ാം** തിയതി **എക്സൽ പി.എസ്.സി. ക്യാമ്പസിൽ** വെച്ച് നടത്തിയ പി.എസ്.സി. സ്കോളർഷിപ്പ് ടെസ്റ്റിൽ **300** പേർ പങ്കെടുത്തു. ഉന്നതവിജയം കരസ്ഥമാക്കിയ **25** പേർക്ക് സ്കോളർഷിപ്പോടുകൂടിയ **പി.എസ്.സി.**പഠനക്ലാസുകൾ ആരംഭിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

**PH:- 9495278764**

## EXCEL ACADEMY SPONSORSHIP PROGRAMME

ഇന്ത്യയിലും വിദേശത്തുമുള്ള സ്പോൺസർമാരുടെയും അഭ്യുദയകാംക്ഷികളുടെയും ആത്മാർത്ഥമായ സഹകരണം കൊണ്ട് സ്പോൺസർഷിപ്പ് പ്രോഗ്രാം വിജയപ്രദമായി നടന്നുകൊണ്ടിരിക്കുന്നു. മഹാപ്രളയത്തിന്റെ പ്രശ്നങ്ങൾകൊണ്ട്, സ്പോൺസർഷിപ്പ് പ്രോഗ്രാമിൽ ആത്മാർത്ഥമായി സഹകരിക്കുവാൻ കൂടുതൽസമയം അനുവദിക്കണമെന്ന്, ഇടവക വികാരിമാരും മറ്റു തല്പരകക്ഷികളും അറിയിച്ചതനുസരിച്ച് റജിസ്ട്രേഷന്റെ അവസാന തിയതി **ഒക്ടോബർ 31–**ൽ നിന്നും, **നവംബർ 30–ാം** തിയതിവരെ നീട്ടിയിട്ടുണ്ടെന്നും, ഇനിയും സഹകരിക്കുവാൻ താല്പര്യമുള്ള വ്യക്തികൾ **നവംബർ 30–ാം** തിയതിക്കുള്ളിൽ ഈ പ്രോഗ്രാമിൽ പേര് റജിസ്റ്റർ ചെയ്യേണ്ടതാണെന്ന് അറിയിക്കുന്നു.

**കൂടുതൽ വിവരങ്ങൾക്ക്**

**PH:- 9847276657, 9846905210**

**ഫാ. ഡേവീസ് തെക്കേക്കര**

ഡയറക്ടർ

# Prayerful Greetings

നവംബർ 18ന്

**മെത്രാഭിഷേകത്തിന്റെ**
**ഒന്നാം വാർഷികം**

ആഘോഷിക്കുന്ന അഭിവന്ദ്യ

**മാർ ടോണി നീലങ്കാവിൽ**

പിതാവിന്
തൃശ്ശൂർ അതിരൂപതയുടെ
പ്രാർത്ഥനാശംസകൾ




Registered R.N.I. No. 27348/1975
KL/TCR/275/2018-2020
Licence No. KL/CR/TCR/WPP-01/2018 -20
Licensed to Post Without Prepayment
Posted at Thrissur RMS

₹ 25/-
Date of Publication 24.10.2018
November-2018



അതിരൂപത മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേക്കു
ഭവനനിർമ്മാണത്തിനായി നല്കുന്ന 5 ഏക്കർ സ്ഥലത്തിന്റെ
സമ്മതപത്രവും 15 ലക്ഷം രൂപ സംഭാവനയും മാർ ആൻഡ്രൂസ് താഴത്ത്
കേരള തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി ശ്രീ. എ.സി. മൊയ്തീനു കൈമാറുന്നു.

Edited, Printed & Published by Dr. Francis Aloor, Catholic Archbishop's House, Thrissur, Kerala, India- 680 005
*Printed at* : St. Mary's Orphanage Press, Madona Nagar, Kachery -680 005